# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 3, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--346]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : 708 മുതൽ 859 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : 860 മുതൽ 937 വരെ |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : 938 മുതൽ 976 വരെ |
| പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : 977 മുതൽ 1053 വരെ |

### ആശാ വർക്കർമാരുടെ ചുമതലകൾ

708. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ എത്ര ആശാ വർക്കർമാരാണ് പ്രവർത്തിക്കുന്നതെന്ന ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ആശാ വർക്കർമാരുടെ പ്രധാന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

### ഗവൺമെന്റ് നേഴ്സുമാരുടെ പ്രമോഷൻ

709. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് നേഴ്സുമാരുടെ പ്രമോഷൻ ഉത്തരവുകൾ റദ്ദ് ചെയ്യുന്നതിന് വേണ്ടി ചില ഗൂഢനീക്കങ്ങൾ നടക്കുന്നതായി നേഴ്സുമാരുടെ സംഘടനകൾ ആരോപിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) നേഴ്സുമാരുടെ പ്രമോഷന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ എന്തായിരുന്നു ; ഏതെങ്കിലും ശമ്പള പരിഷ്കരണ ഉത്തരവിലൂടെ സർക്കാർ ഇത് അംഗീകരിച്ചിട്ടുണ്ടോ ;

(സി) നിലവിൽ എത്ര വർഷത്തെ സീനിയോറിട്ടിയുള്ളവരെയാണ് പ്രൊമോഷന് പരിഗണിക്കുന്നത് ; വിശദമാക്കുമോ ; ഇതുവഴി സർക്കാരിന് എന്ത് അധികബാധ്യതയാണ് ഉണ്ടാകുന്നത് ; എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

### ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ

710. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ സംബന്ധിച്ച നിലവിലെ മാനദണ്ഡം നിശ്ചയിച്ചത് എന്നാണെന്ന് വിശദമാക്കാമോ ;

(ബി) ആരോഗ്യവിദ്യാഭ്യാസരംഗത്തുണ്ടായ മാറ്റങ്ങൾക്കനുസരിച്ച് ആശുപത്രി ജീവനക്കാരുടെ യോഗ്യതകൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

## മാവേലിക്കര ജില്ലാ ആശുപത്രി

711. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്ററിനുള്ള ഭൗതിക സാഹചര്യമൊരുക്കിയാൽ കാരുണ്യ ഡയാലിസിസ് സെന്റർ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെയും ഇതര സ്റ്റാഫുകളുടെയും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഈ ഒഴിവുകൾ നികത്തുന്നതിനും ആശുപത്രിയെ പൂർണ്ണ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിലെ വിവിധ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## മെഡിക്കൽ കോർപ്പറേഷന്റെ അനാസ്ഥ

712. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോർപ്പറേഷന്റെ പിടിപ്പുകേടുമൂലം അവശ്യമരുന്നുകളുടെ വിതരണം താറുമാറായതിന് പുറമെ എക്സ്റേ, ഇ.സി.ജി തുടങ്ങിയവയ്ക്ക് ചാർജ് വർദ്ധിപ്പിക്കാൻ അനുമതി കൊടുത്തതു മൂലം രോഗികൾക്ക് ഇരട്ട പ്രഹരമാണ് ഉണ്ടായതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ രോഗികളിൽ നിന്നും വർദ്ധിപ്പിച്ച ഫീസ് ഈടാക്കാൻ ആശുപത്രി വികസന സമിതികൾക്ക് നിർദ്ദേശം നൽകിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## കാലാവധി കഴിഞ്ഞ മരുന്നുകൾ

713. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും സർക്കാർ ആശുപത്രികളിൽ കാലാവധി കഴിഞ്ഞ മരുന്നിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഇതിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ കാലാവധി കഴിഞ്ഞ എത്ര ലക്ഷം രൂപയുടെ മരുന്നുകൾ കണ്ടെത്തിയിട്ടുണ്ട്; ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ?

## കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ -മരുന്ന് വിതരണം

714. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നു വിതരണം ചെയ്തയിനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ കമ്പനികൾക്ക് നൽകേണ്ട കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ സാമ്പത്തിക വർഷം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എത്ര തുകയുടെ മരുന്നുകൾക്ക് ഓർഡർ നൽകിയിട്ടുണ്ട്; എന്നാണ് ഓർഡർ നൽകിയത്;

(സി) അതിൻപ്രകാരം മരുന്നുകൾ ലഭിച്ചുവോയെന്നും അവയുടെ വിതരണം ആവശ്യാനുസരണം നടത്താൻ കഴിഞ്ഞുവോയെന്നും വിശദമാക്കാമോ?

മെഡിക്കൽ ലാബുകൾ

715. ശ്രീ.സാജു പോൾ
,, എ.എം. ആരിഫ്
ഡോ.കെ.ടി.ജലീൽ
ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ലാബുകളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ അറിയിക്കുമോ ;

(ബി) ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) സ്ഥാപനങ്ങളെ നിയന്ത്രിക്കാനായി നിയമനിർമ്മാണം നടത്തുമെന്ന ഉറപ്പ് പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ ; കാരണം അറിയിക്കുമോ ?

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കൂടുതൽ സ്കാനിംഗ് മെഷീനുകളും പരിശോധനാ സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് നടപടി

716. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു വർഷം ശരാശരി എത്ര എം.ആർ.ഏ. സ്കാനിംഗുകളും സി.റ്റി. സ്കാനിംഗുകളും നടത്തി വരുന്നു ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തനക്ഷമമായ എത്ര എം.ആർ.ഐ. സ്കാനറുകളും സി.റ്റി. സ്കാനറുകളും നിലവിലുണ്ട് ;

(സി) ഗുരുതരമായ രോഗം ബാധിച്ചവർക്കുപോലും മാസങ്ങൾ കാത്തിരുന്നതിനുശേഷം മാത്രമാണ് പ്രസ്തുത സ്കാൻ പരിശോധനകൾ ലഭ്യമാകുന്നതെന്ന യാഥാർത്ഥ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കൃത്യമായ രോഗനിർണ്ണയം യഥാസമയം നടത്താൻ സാധിക്കാത്തതുമൂലം പാവപ്പെട്ട രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കൂടുതൽ സ്കാനിംഗ് മെഷീനുകളും പരിശോധനാ സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

അട്ടപ്പാടിയിലെ ആശുപത്രികൾ

717. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ നിലവിൽ എത്ര PHC, CHC കളാണുള്ളത്; എവിടെയെല്ലാം;

(ബി) പ്രസ്തുത ആശുപത്രികളിൽ സൃഷ്ടിച്ചിട്ടുള്ള ,ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ എണ്ണവും നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണവും ഇനം തിരിച്ച് വിശദമാക്കുമോ;

(സി) കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ സൃഷ്ടിച്ചിട്ടുള്ള ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ എണ്ണവും നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണവും ഇനം തിരിച്ച് വിശദമാക്കുമോ; ഇവിടെ എത്ര രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ട്; നിലവിൽ എത്ര രോഗികളെവരെ അഡ്മിറ്റ് ചെയ്യുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) അട്ടപ്പാടിയിലെ എല്ലാ ആശുപത്രികളിലുമായി എത്ര താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(ഇ) പ്രവർത്തിപ്പിക്കാൻ ജീവനക്കാരില്ലാത്തതിനാൽ ഏതെല്ലാം ആശുപത്രി ഉപകരണങ്ങൾ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവർത്തനരഹിതമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ജീവനക്കാർ ഉണ്ടെങ്കിലും ഏതെല്ലാം ആശുപത്രി ഉപകരണങ്ങൾ ഇപ്പോൾ പ്രവർത്തനരഹിതമാണെന്ന് വ്യക്തമാക്കുമോ;

### 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ'

718. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ' ഫണ്ടിൽ നിന്നും ഏതെല്ലാം രോഗങ്ങൾക്കാണ് ഇപ്പോൾ ചികിത്സാ ധനസഹായം നൽകുന്നത്;

(ബി) ഏതെല്ലാം ആശുപത്രികളിലെ ചികിത്സകൾക്കാണ് ഇപ്പോൾ ധനസഹായം നൽകുന്നത് ; ഇപ്പോൾ പരമാവധി എത്ര തുകയാണ് നൽകുന്നത്;

(സി) ഈ പദ്ധതി പ്രകാരം ആശുപത്രികൾക്കല്ലാതെ രോഗികൾക്ക് നേരിട്ട് ഫണ്ട് അനുവദിച്ചു നൽകുന്നുണ്ടോ;

(ഡി) 2014-15 സാമ്പത്തിക വർഷം ഈ പദ്ധതിക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) നടപ്പുസാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ബി.എസ്.സി നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കിയവരും നഴ്സുമാരുടെ ഒഴിവുകളും

719. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.എസ്.സി നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കിയവർ എത്രയാണെന്നും, അതിൽ ഇപ്പോഴും തൊഴിൽ രഹിതരായി കഴിയുന്നവർ എത്രയാണെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) സർക്കാർ മേഖലയിലുള്ള ആശുപത്രികളിലും മറ്റുമായി മൊത്തം എത്ര നഴ്സുമാർ ജോലി നോക്കുന്നുണ്ട് ; സർക്കാർ ആശുപത്രികളിൽ നഴ്സുമാരുടെഎത്ര ഒഴിവുകൾ നിലവിലുണ്ട് ;

(സി) സംസ്ഥാനത്ത് പ്രതിവർഷം ബി.എസ്.സി. നഴ്സിംങ്ങ് കോഴ്സ് കഴിഞ്ഞ് പുറത്തുവരുന്നവർ എത്രയാണ് ?

### പനി ബാധിച്ച് മരണപ്പെടുന്നവരുടെ എണ്ണം

720. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് വിവിധതരം പനികൾ ബാധിച്ച് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പനി ബാധിച്ച് മരണപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പനി ബാധിച്ചുള്ള മരണങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന്

വിശദമാക്കാമോ?

<u>ആശാവർക്കർമാർ</u>

721. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തുകളിലും എത്ര വീതം ആശാവർക്കർമാരെ നിയോഗിച്ചിട്ടുണ്ടെന്നും ഇവർക്ക് എത്ര രൂപ വീതമാണ് വേതനമായി നൽകുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ആശാവർക്കർമാരുടെ വേതനത്തിൽ കാലാകാലങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(സി) ആശാ വർക്കർമാരുടെ വേതനം നൽകുന്നതിന് എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിക്കുന്നുണ്ടോ; അതോ സംസ്ഥാന സർക്കാർ ഫണ്ട്ആണോ ഉപയോഗിക്കുന്നത്;

(ഡി) ആശാവർക്കർമാർക്ക് തങ്ങളുടെ ജോലിക്ക് പ്രത്യേകം പരിശീലനം നൽകാറുണ്ടോ ?

<u>എബോള രോഗം</u>

722. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എബോള രോഗം പ്രതിരോധിക്കാൻ കേരളത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഗാമാ സ്കാൻ സംവിധാനം</u>

723. ശ്രീ.എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകൾ, കാൻസർ സെന്റർ ഇവയിൽ ഗാമാ സ്കാൻ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച ശിപാർശകൾ പരിഗണനയിലുണ്ടോ;

(സി) ഏതെങ്കിലും കമ്പനികൾ ഇതു സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ?

<u>ആഭരണ തൊഴിലാളി ക്ഷേമനിധി</u>

724. പ്രൊഫ.സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആഭരണ തൊഴിലാളി ക്ഷേമനിധിയിൽ ചേർന്നിട്ടുള്ള അംഗങ്ങൾക്ക് RSBY/ചിസ് പദ്ധതിയിൽ ചേരുവാൻ നിലവിൽ തടസ്സമുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ?

<u>അന്യ സംസ്ഥാനങ്ങളിൽ നിന്നും കീടനാശിനി തളിച്ച് വരുന്ന പഴം, പച്ചക്കറി വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ പരിശോധന</u>

725. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം, പച്ചക്കറി വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ മാരകമാംവിധം കീടനാശിനി തളിക്കപ്പെട്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) വിഷവും കീടനാശിനിയും തളിച്ച ഭക്ഷ്യവസ്തുക്കൾ പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) ആരോഗ്യവകുപ്പ് നടത്തിയ പരിശോധനയിൽ കീടനാശിനി തളിച്ച ഭക്ഷ്യ വസ്തുക്കൾ എത്ര അളവിലാണ് പിടിച്ചെടുത്തത്; എത്ര പേർക്കെതിരെ കേസെടുത്തു; വിശദാംശം ലഭ്യമാക്കാമോ?

<u>പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങൾ</u>

726. ശ്രീ.പി.എ.മാധവൻ

,, ഡൊമിനിക് പ്രസൻറേഷൻ

,, എ.റ്റി.ജോർജ്

,, ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായ പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിൽ പകൽ സമയ മാനസികാരോഗ്യ പരിപാലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് ; എന്തെല്ലാം സേവനങ്ങളാണ് ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) എല്ലാ ജില്ലകളിലും ഈ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനു നടപടി സ്വീകരിക്കുമോ?

<u>കാൻസർ രോഗം പ്രതിരോധിക്കുന്നതിനും ചികിത്സാ ചെലവ് വഹിക്കുന്നതിനും നടപടി</u>

727. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാൻസർ രോഗം പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) 2004 മുതൽ 2014 വരെയുള്ള 10 വർഷക്കാലത്തിനുള്ളിൽ ഓരോ വർഷവും എത്രപേർ കാൻസർ രോഗം ബാധിച്ച് മരണമടഞ്ഞിട്ടുണ്ടെന്നു വിശദമാക്കാമോ;

(സി) നിർദ്ധനരായ കാൻസർ രോഗികളുടെ ചികിത്സാ ചെലവ് സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ?

<u>അമൃതം പദ്ധതി</u>

728. ശ്രീ.ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജീവിതശൈലീരോഗ നിയന്ത്രണത്തിനായി ആരംഭിച്ച അമൃതം പദ്ധതിയ്ക്കായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം വാർഷിക ക്രമത്തിൽ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ മേഖലയിലുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ;

(ഡി) ജീവിതശൈലീരോഗ നിയന്ത്രണത്തിനുള്ള മരുന്നുകളുടെ ലഭ്യത സർക്കാർ ഔട്ട് ലെറ്റുകൾ വഴി ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

സൗജന്യ കാൻസർ ചികിത്സ പദ്ധതി

729. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുന്നതിന് ആനുപാതികമായി നിലവിലുള്ള ചികിത്സാ ക്രമീകരണങ്ങൾ പരിമിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരമായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടപ്പിലാക്കുവാനായി ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(സി) കാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും പര്യാപ്തമായ സൗകര്യങ്ങൾ എല്ലാ താലൂക്ക്തല ആശുപത്രികളിലും ക്രമീകരിക്കുന്നതിനു- വേണ്ട നടപടി സ്വീകരിക്കുമോ;

(ഡി) ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയുള്ള തുടർചികിത്സ ആവശ്യമായി വരുന്നതായ മിക്ക കാൻസർ രോഗികൾക്കും സമ്പൂർണ്ണമായി സൗജന്യ കാൻസർ ചികിത്സ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ;

(ഇ) ഇങ്ങനെയുണ്ടാകുന്ന സാമ്പത്തിക ബാധ്യത കേന്ദ്ര സഹായത്തോടെ കണ്ടെത്തി ജീവകാരുണ്യപരമായി ഈ വിഷയം പരിഗണിച്ച് സമയബന്ധിതമായി ഇത്തരം പദ്ധതി നടപ്പിലാക്കാൻ ശ്രമമുണ്ടാകുമോ?

ആരോഗ്യ സാക്ഷരത

730. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ സാക്ഷരതയിൽ കേരളം പിന്നിലാണെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സൗജന്യ കിടത്തി ചികിത്സയും മരുന്നും.

731. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദരിദ്രരും നിരാലംബരുമായ രോഗികൾക്ക് സൗജന്യ കിടത്തി ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) രോഗികൾക്ക് സൗജന്യമായി മരുന്ന് നൽകുന്നതിനായി ഈ വർഷം എത്ര തുക നീക്കിവെച്ചിട്ടുണ്ട് ;

(സി) സൗജന്യമായി നൽകി വരുന്ന മരുന്നുകളുടെ പട്ടിക ലഭ്യമാക്കുമോ?

വൈക്കം നിയോജക മണ്ഡലത്തിലെ മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾ

732. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് വൈക്കം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടികൾക്കായി ഒരോ പഞ്ചായത്തുകൾക്കും എന്ത് തുക വീതം അനുവദിച്ച എന്നും ഓരോ പഞ്ചായത്തും എന്ത് തുക വീതം വാർഡുതലത്തിൽ ചെലവഴിച്ച എന്നും വ്യക്തമാക്കുമോ?

കൊല്ലം ജില്ലയിൽ സ്റ്റാഫ് നഴ്സിന്റെ അനുവദനീയമായ തസ്തികകൾ

733. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ സ്റ്റാഫ് നഴ്സിന്റെ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിയമനത്തിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വിശദമാക്കുമോ;

(സി) പി. എസ്. സി. ക്ക് ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) കൊല്ലം ജില്ലയിൽ സ്റ്റാഫ് നഴ്സിന്റെ അനുവദനീയമായ തസ്തികകൾ എത്രയെന്ന് വ്യക്തമാക്കുമോ?

ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം

734. ശ്രീ.എം.എ. വാഹീദ്

,, ഹൈബി ഈഡൻ

,, റ്റി.എൻ. പ്രതാപൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം എന്ന് മുതൽ ആരംഭിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിക്കായി വർഷംതോറും എന്ത് തുക ചെലവാകും;

(സി) ജനറിക് മരുന്നുകളുടെ വിതരണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാം;

(ഡി) ജനറിക് മരുന്നുകളുടെ സൗജന്യ വിതരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു?

നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തന ഫണ്ടിന്റെ വിനിയോഗം

735. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന 2014-15 സാമ്പത്തികവർഷം സംസ്ഥാനത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന 2014-15 സാമ്പത്തികവർഷം നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പശ്ചാത്തല സൗകര്യവികസനത്തിനായി 2014-2015 സാമ്പത്തികവർഷം നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ടിൽ നിന്നും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ ജില്ലയിലെ ആരോഗ്യകേന്ദ്രങ്ങളുടെ പശ്ചാത്തല വികസനത്തിനായി 2014-15 സാമ്പത്തികവർഷം എത്ര തുക നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ടിൽനിന്നും അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുകവീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

നാഷണൽ റൂറൽ ഹെൽത്ത് മിഷൻെറ ഫണ്ട് വിനിയോഗം

736. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും നാഷണൽ റൂറൽ ഹെൽത്ത് മിഷന് ധനസഹായം ലഭിച്ചത് എത്ര തുക എന്നും; ഓരോ വർഷവും എന്ത് തുക ചെലവഴിച്ചുവെന്നും; ഓരോ വർഷവും എന്ത് തുക ലാപ്സായി എന്നും; നടപ്പുവർഷം ഇതുവരെ ചെലവാക്കിയ തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിലെ വീഴ്ചകൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; എന്തു നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി നടത്തിപ്പിനായി നിയോഗിക്കപ്പെട്ടവരിലെ സ്ഥിരം ജീവനക്കാർ, ഡെപ്യൂട്ടേഷൻകാർ, താല്ക്കാലികക്കാർ, പെൻഷൻകാർ തുടങ്ങിയവരുടെ തസ്തിക ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അക്കൌണ്ടന്റ് ജനറൽ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ടുപയോഗം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും പരിശോധനയിൽ കണ്ടെത്തിയ വീഴ്ചകളും തടസ്സവാദങ്ങളും എന്താണ് ; പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

കാരുണ്യ ഫാർമസി

737. ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കാരുണ്യ ഫാർമസി ആരംഭിച്ചിട്ടുണ്ടോ;

(ബി) എൻഡോസൾഫാൻ ദുരിതബാധിതരടക്കമുള്ള കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട്ടും കാസർഗോഡും കാരുണ്യ ഫാർമസിക്കായി കെട്ടിടം ഒരുക്കിയിട്ടും ഇതുവരെ ആയതു തുടങ്ങിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് എന്ന് തുടങ്ങും എന്ന് അറിയിക്കാമോ?

ചികിൽസാ പിഴവുമൂലം മരിച്ചവരുടെ ആശ്രിതർക്കും അംഗവൈകല്യം സംഭവിച്ചവർക്കുമുള്ള ധനസഹായം

738. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഓരോ വർഷവും ചികിത്സാപ്പിഴവു മൂലം മരണമടഞ്ഞവരുടെയും അംഗവൈകല്യം സംഭവിച്ചവരുടെയും വെവ്വേറെ കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട എത്ര ഡോക്ടർമാർക്കെതിരെയും അനുബന്ധ ജീവനക്കാർക്കെതിരെയും നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഡോക്ടർമാർ ഉൾപ്പെടെ ഏതെല്ലാം ആരോഗ്യവകുപ്പ് ജീവനക്കാരുടെ പേരിൽ കോടതികളിൽ കേസ്സുകൾ നിലവിവിലുണ്ട് എന്നും ഇതിൽ എത്ര പേർക്കെതിരെ കോടതി ഉത്തരവ് പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവെന്നും എത്രപേരുടെ പേരിൽ കോടതി നടപടികൾ ആരംഭിക്കുവാനിരിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യവകുപ്പ ജീവനക്കാരുടെ പ്രവർത്തനങ്ങളിലെ വീഴ്ചമൂലം മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള

ചികിത്സാസഹായം തുടങ്ങി എന്തെല്ലാം ധനസഹായങ്ങൾ സർക്കാർ നൽകിയിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും എന്ത് ധന സഹായമാണ് ഇവർക്ക് നൽകിയതെന്നും വ്യക്തമാക്കുമോ?

<u>ആലപ്പുഴ മെഡിക്കൽ കോളേജിലെ മരണ നിരക്ക്</u>

739. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2014 നവംബർ 30 വരെ ആലപ്പുഴ മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ എത്ര രോഗികൾ മരിച്ചു; വർഷാടിസ്ഥാനത്തിൽ വിശദാംശം നൽകുമോ;

(ബി) 2006 മുതൽ 2014 വരെ ഓരോ വർഷത്തെയും മരണ നിരക്കെത്ര;

(സി) മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത കാലഘട്ടത്തിൽ മരണ നിരക്കെത്ര; വ്യക്തമാക്കാമോ?

<u>കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ</u>

740. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിലാണ് കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ നിലവിലില്ലാത്തതെന്നു വ്യക്തമാക്കുമോ ;

(ബി) ഈ ജില്ലകളിൽ പ്രസ്തുത മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഏറ്റവും കൂടുതൽ ആദിവാസി വിഭാഗങ്ങൾ താമസിക്കുന്ന വയനാട് ജില്ലയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കുമോ ?

<u>സർക്കാർ ആശുപത്രികളിലെ ഫീസ്</u>

741. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ വിവിധ പരിശോധനകൾക്ക് ഫീസ് നിരക്ക് വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർദ്ധിപ്പിച്ച ഫീസ് കുറയ്ക്കുന്നതിനോ ഒഴിവാക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വികരിക്കുമോ;

(സി) സർക്കാർ ആശുപത്രികളിലെ വിവിധ പരിശോധനകൾ സൗജന്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ആസ്തി വികസന ഫണ്ടിൽ മാവേലിക്കര ജില്ലാ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. അനുവദിക്കുവാൻ നടപടി</u>

742. **ശ്രീ.പി.റ്റി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. നിലവിലില്ലാത്തത് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു പ്രയാസങ്ങളുണ്ടാക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എച്ച്.സി. അനുവദിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>തലശ്ശേരി മണ്ഡലത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി</u>

743. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതിനായി ബഡ്ജറ്റിൽ എത്ര തുക നീക്കി വെച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>തൈറോയ്ഡ് രോഗം</u>

744. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൈറോയ്ഡ് രോഗം വ്യാപകമായി കണ്ടുവരുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) അയഡിൻ ചേർത്ത ഉപ്പ് ഉപയോഗിച്ചിട്ടും തൈറോയ്ഡ് രോഗമുള്ളവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തൈറോയ്ഡ് രോഗത്തെ സംബന്ധിച്ച് എന്തെങ്കിലും ഔദ്യോഗിക പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) രോഗനിർണ്ണയത്തിനും നിയന്ത്രിക്കുന്നതിനും മതിയായ സൗകര്യങ്ങളില്ലാത്തതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി</u>

745. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ജില്ലാ ആശുപത്രിയാക്കി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(സി) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>എറണാകുളം ജില്ലയിലെ ഡിഫിക്കൽറ്റ് റൂറൽ/ട്രൈബൽ ഏരിയകളിൽപ്പെട്ട പ്രൈമറി ഹെൽത്ത് സെന്ററുകൾ</u>

746. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഡിഫിക്കൽറ്റ് റൂറൽ/ട്രൈബൽ ഏരിയകളിൽപ്പെട്ട എത്ര പ്രൈമറി ഹെൽത്ത് സെന്ററുകളുണ്ട്; ഏതൊക്കെയാണ്;

(ബി) വളന്തക്കാട് പി.എച്ച്.സി, ഡിഫിക്കൽറ്റ് റൂറൽ ഏരിയയിൽ ഉൾപ്പെട്ട പി.എച്ച്.സി ആണോഎന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പി.എച്ച്.സിയിൽ ജോലി ചെയ്യുന്ന മെഡിക്കൽ ഓഫീസർ, പാരാ-മെഡിക്കൽ സ്റ്റാഫ്, ഫീൽഡ് വിഭാഗം ജീവനക്കാർ എന്നിവർക്ക് സ്ഥലം മാറ്റത്തിനോ, ഒരു ഓഫീസിൽ തന്നെ ദീർഘകാലം ജോലി ചെയ്യുന്നതിനോ പ്രത്യേക പരിഗണന ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഗവൺമെന്റ് ഉത്തരവ് ഉൾപ്പെടെ വിശദമാക്കാമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പി.ജി. പ്രവേശനത്തിന് പ്രത്യേക പരിഗണനയുണ്ടോ?

## ഒഴിവുള്ള തസ്തികകൾ

747. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്ക് ആശുപത്രി, കൊപ്പത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(ബി) നിത്യേന ആയിരക്കണക്കിന് രോഗികൾ വരുന്ന ഈ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകൾ ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## പൊന്നാനി താലൂക്കിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

748. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്കിലെ സ്ത്രീകളുടെയും, കുട്ടികളുടെയും ആശുപത്രിയിൽ നിർമ്മാണ പ്രവൃത്തികൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി എൻ. ആർ എച്ച്. എം. ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതുപയോഗിച്ച് നടത്തേണ്ട പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ഡി) ആശുപത്രി എന്നേക്ക് ജനങ്ങൾക്ക് തുറന്നു കൊടുക്കാനാകുമെന്ന് അറിയിക്കാമോ?

## സ്വകാര്യ ആശുപത്രികളും സ്വകാര്യ ലാബോറട്ടറികളും

749. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ ലാബോറട്ടറികളുടെയും പ്രവർത്തനരീതി പരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ സംവിധാനമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരം സ്ഥാപനങ്ങൾക്കുള്ള പെരുമാറ്റച്ചട്ടം കാലോചിതമായി പരിഷ്കരിക്കാറുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഏത് ഏജൻസിയാണ് പ്രസ്തുത പരിശോധനകൾക്ക് മേൽനോട്ടം വഹിക്കുന്നത്; വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മെച്ചപ്പെട്ട സേവനം രോഗികൾക്ക് ലഭിക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പ് വരുത്താറുണ്ടോ;

(ഇ) ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ; വിശദവിവരം ലഭ്യമാക്കുമോ ?

<u>വന്ധ്യതാ ക്ലിനിക്കുകൾ</u>

750. ശ്രീ.ഹൈബി ഈഡൻ

,, ജോസഫ് വാഴയ്ക്കൻ

,, പാലോട് രവി

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ വന്ധ്യതാ ക്ലിനിക്കുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു; പ്രസ്തുത ക്ലിനിക്കുകൾ എന്നുമുതൽ പ്രവർത്തനമാരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ മേഖലയിലേയും സർക്കാർ മേഖലയിലുമുള്ള വന്ധ്യതാ ക്ലിനിക്കുകളിലെ ചികിൽസാ ചെലവുകളിലെ അന്തരം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) സാധാരണക്കാർക്ക് പ്രയോജനപ്രദമായ വന്ധ്യതാ ക്ലിനിക്കുകൾ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>പക്ഷാഘാത ചികിത്സയ്ക്കും പരിചരണത്തിനുമായി ടെലി ക്ലീനിക്കുകൾ സ്ഥാപിക്കുവാനുള്ള തീരുമാനം</u>

751. ശ്രീ.ബെന്നി ബെഹനാൻ

,, ഡൊമിനിക് പ്രസൻറേഷൻ

,, ആർ . സെൽവരാജ്

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിത ശൈലീരോഗ നിയന്ത്രണത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതെന്നു വ്യക്തമാക്കാമോ;

(ബി) സർക്കാര് ആശുപത്രികളിൽ പക്ഷാഘാത ചികിത്സാ ക്ലീനിക്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം; എന്തെല്ലാം ചികിത്സാ സൗകര്യങ്ങൾ ആണ് ഇവിടെ ലഭ്യമാകുന്നതെന്നു വ്യക്തമാക്കാമോ;

(സി) പക്ഷാഘാത ചികിത്സയ്ക്കും പരിചരണത്തിനുമായി ടെലിക്ലീനിക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;;

(ഡി) പക്ഷാഘാത രോഗികൾക്ക് സ്ട്രോക്ക് റീഹാബിലിറ്റേഷൻ യൂണിറ്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

<u>കായംകുളം താലൂക്കാശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്</u>

752. ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>കായംകുളം താലൂക്കാശുപത്രിയിൽ കക്കൂസ് മാലിന്യങ്ങൾ</u>

753. ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ കക്കൂസ് മാലിന്യങ്ങൾ പൊട്ടി ഒലിച്ച് പൊതു നിരത്തിലേക്ക് ഒഴുകി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തരമായ നടപടി സ്വീകരിക്കുമോ?

<u>കായംകുളം താലൂക്കാശുപത്രിയിൽ സർജനെ നിയമിക്കുന്നത്</u>

754. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിൽ സർജനെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനം</u>

755. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യവികസനം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>കാൻസർ രോഗ ബാധിതരും ചികിത്സാ സൗകര്യങ്ങളും</u>

756. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗ ചികിത്സയ്ക്കായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ എർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; ഏതൊക്കെ ആശുപത്രികളിലാണ് കാൻസർ രോഗചികിത്സയ്ക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് കാൻസർ രോഗ ബാധിതരാകുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന വൻ വർദ്ധനവ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വർദ്ധനവിനനുപാതികമായി ആധുനികാചികിത്സാ സൗകര്യങ്ങൾ എല്ലാ ജില്ലാകളിലും ലഭ്യമാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കാമോ;

(സി) കൊച്ചിയിൽ കാൻസർ രോഗത്തിന് പ്രത്യേക ആശുപത്രി ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; ഈ തീരുമാനം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ഇതിന്റെ പ്രവർത്തനമാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇപ്പോൾ കാൻസർ രോഗബാധിതർക്ക് സർക്കാർ എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത് എന്നു വ്യക്തമാക്കാമോ;

(ഇ) കേരളത്തിൽ കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തുകയോ കാരണം കണ്ടെത്തുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ;

(എഫ്) കാൻസർ രോഗികൾക്ക് മറ്റ് രാജ്യങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ചികിത്സാ സൗകര്യങ്ങൾ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലും, ആർ.സി.സി. യിലും ഏർപ്പെടുത്താൻ തയ്യാറാകുമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) പദ്ധതി</u>

757. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ നടപ്പാക്കിവന്ന രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ) പദ്ധതി നിശ്ചലമായത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ബി) നവജാത ശിശുക്കൾ മുതൽ 18 വയസ്സുവരെയുള്ളവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാര്യക്ഷമമായി നടന്നിരുന്നതാണ് പ്രസ്തുത പദ്ധതി എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്തു തുകയാണ് ധനസഹായമായി ലഭിച്ചത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം മരുന്നുകളാണ് ആശുപത്രികളിൽ ഉണ്ടായിരുന്നത്?

<u>കാൻസർ ചികിത്സ</u>

758. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കാൻസറിന് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങളും ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ?

<u>പട്ടാമ്പി താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത</u>

759. ശ്രീ.സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിച്ച പശ്ചാത്തലത്തിൽ പാലക്കാട് ജില്ലയുടെ തൃത്താല - പട്ടാമ്പി ഭാഗങ്ങളിൽ ചികിത്സാ സൗകര്യം വളരെ കുറവായ സ്ഥിതി കണക്കിലെടുത്ത് പട്ടാമ്പി താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ?

<u>ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള കാരുണ്യ ഫാർമസി</u>

760. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്, ട്രോമാകെയർ യൂണിറ്റ്, ബ്ലഡ് ബാങ്ക് എന്നിവ അനുവദിക്കുമെന്ന വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇതിനായുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ചാലക്കുടി താലൂക്ക് ഗവൺമെന്റ് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള കാരുണ്യ ഫാർമസി എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കും എന്നറിയിക്കാമോ ?

<u>കാൻസർ ബാധിതരായ സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന സ്പെഷ്യൽ കാഷ്വൽ ലീവ്</u>

761. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാൻസർ ബാധിതരായ സർക്കാർ ജീവനക്കാർക്ക് കിമോതെറാപ്പി, റേഡിയേഷൻ എന്നിവയെ തുടർന്ന് നൽകിവരുന്ന സ്പെഷ്യൽ കാഷ്വൽ ലീവ്കാ ൻസർ ബാധിച്ചതിനെ തുടർന്നുള്ള സർജറിക്ക് വിധേയരാകുന്നവർക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പൊന്നാനി താലൂക്ക് ഗവൺമെന്റ് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

762. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇമ്പിച്ചിബാവ മെമ്മോറിയൽ പൊന്നാനി താലൂക്ക് ഗവൺമെന്റ് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡോക്ടർമാരുടെ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്; ഓരോ തസ്തികയും എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു;

(ബി) പ്രസ്തുത ആശുപത്രിയിലേയ്ക്ക് അനുവദിച്ച ഡോക്ടർമാരുടെ തസ്തികകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) പൊന്നാനി നഗരസഭയിലെയും അയൽ ഗ്രാമ പഞ്ചായത്തുകളിലെയും ഒന്നര ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ഏക ആശ്രയമായ പ്രസ്തുത ആശുപത്രിയിൽ മതിയായ ഡോക്ടർമാരില്ലാതെ ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അടിയന്തരമായി ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫുകളുടെയും ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പാലക്കാട് ജില്ലയിലെ ആശുപത്രികളിലെ ഒഴിവുകൾ

763. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആശുപത്രികളിൽ ഡോക്ടർമാരുൾപ്പെടെ എത്ര ജീവനക്കാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) പാലക്കാട് മെഡിക്കൽ കോളേജിനായി പുതിയതായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

പാലക്കാട് ജില്ലയിലെ എൻഡോസൾഫാൻ ബാധിതർ

764. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്തുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് എൻഡോസൾഫാന്റെ ഉപയോഗം കണ്ടെത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) എൻഡോസൾഫാൻ ബാധിതർക്ക് സമാനമായ രോഗലക്ഷണമുള്ള എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്; ഇവരുടെ സംരക്ഷണത്തിനായി പ്രത്യേക പാക്കേജ് എന്തെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) എൻഡോസൾഫാൻ ഉപയോഗം പാലക്കാട് ജില്ലയിൽ ഇല്ലാതാക്കാൻ ആവശ്യമായ അടിയന്തര നടപടി

സർക്കാർ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>കീടനാശിനി വിമുക്തമായ പച്ചക്കറികൾ</u>

765. ശ്രീ.എ.റ്റി.ജോർജ്
,, അൻവർ സാദത്ത്
,, വർക്കല കഹാർ
,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പച്ചക്കറികളിൽ മാരകവിഷം വൻതോതിൽ ഉപയോഗിച്ചിട്ടുണ്ട് എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാൻസർ ഉൾപ്പടെയുള്ള മാരക രോഗങ്ങൾക്ക് ഇടയാക്കുന്ന ഇത്തരം വിഷം നിറഞ്ഞ പച്ചക്കറികൾ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) കീടനാശിനി വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(ഡി) എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഫുഡ് സേഫ്റ്റി ഓഫീസ് സ്ഥാപിച്ച് ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>അപരിഷ്കൃത ചികിത്സകൾ</u>

766. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകരിച്ച ചികിത്സാ രീതികളല്ലാതെ മന്ത്രവാദത്തിലൂടെയും മറ്റും ചികിത്സ നടത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മന്ത്രവാദത്തിലൂടെയും അംഗീകൃത ചികിത്സാരീതികളല്ലാത്ത അപരിഷ്കൃത ചികിത്സകൾ മുഖേനയും രോഗികൾ മരണപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം തട്ടിപ്പുകൾക്കെതിരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പത്രമാധ്യമങ്ങളിലൂടെയും മറ്റും വ്യാപകമായി പരസ്യ പ്രചരണം നടത്തിവരുന്ന ഇത്തരക്കാരുടെ ആധികാരികത പരിശോധിയ്ക്കുന്നതിന് ശ്രമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇത്തരം തട്ടിപ്പുകൾ അവസാനിപ്പിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിയ്ക്കുമോ;

<u>അലോപ്പതി മരുന്നുകളുടെ ഉത്പാദനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>

767. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലോപ്പതി മരുന്നുകളുടെ ഉത്പാദനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എവിടെയൊക്കെ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം രോഗങ്ങൾക്കുള്ള മരുന്നുകളാണ് പ്രസ്തുത സ്ഥാപന ങ്ങളിൽ ഉത്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ 2013 - 14 ലെ മൊത്തം വിറ്റുവരവ് എത്രയെന്നും ലാഭം എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) മരുന്നുകളുടെ വിപണനത്തിനായി പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിലുള്ള സംവിധാനങ്ങൾ

എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

<u>ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം</u>

768. ശ്രീ.വി.റ്റി.ബൽറാം
,, എ.റ്റി.ജോർജ്
,, പാലോട് രവി
,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു; എത്ര രോഗികൾക്ക് പ്രസ്തുത യൂണിറ്റ് മുഖേന ചികിത്സ ലഭ്യമാക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ആശുപത്രികളിൽ എത്തി ഡയാലിസിസ് ചെയ്യുവാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>കാൻസർ ചികിൽസക്കായി കിട്ടിയ സ്ഥലം കോഴിക്കോട് മെഡിക്കൽ കോളേജിന്</u>

769. ശ്രീ.പി.റ്റി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂരിലെ തെങ്ങിലക്കടവിൽ കാൻസർ ചികിൽസക്കായി സർക്കാരിന് കൈമാറിക്കിട്ടിയ സ്ഥലം കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനം പ്രവർത്തിപ്പിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

<u>ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ അലോപ്പതി, ഹോമിയോ, ആയുർവേദ ഡോക്ടർമാരുടെ തസ്തികകൾ</u>

770. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളത്; അലോപ്പതി, ഹോമിയോ, ആയുർവേദം എന്നീ വിഭാഗം ആശുപത്രികളിലെ വിവരം പ്രത്യേകം പ്രത്യേകം അറിയിക്കുമോ;

(ബി) അലോപ്പതി, ഹോമിയോ, ആയുർവേദം എന്നീ വിഭാഗം ആശുപത്രികളിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്; പ്രത്യേകം പ്രത്യേകം അറിയിക്കുമോ;

(സി) സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന സർക്കാർ ആതുരാലയങ്ങളിൽ ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകരുടെ ഒഴിവുകൾ ഉണ്ടാക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉടൻ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി</u>

771. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

<u>കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ മോർച്ചറി നവീകരണം</u>

772. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ മോർച്ചറി നവീകരണത്തിനായി എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് വർഷമാണെന്നും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിഇതുവരെ നടപ്പാക്കുന്നതിലെ കാലതാമസം എന്താണെന്നുവ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ ആരോഗ്യ വകുപ്പിലും പൊതുമരാമത്ത് വകുപ്പിലുമുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുണ്ടായിട്ടുള്ള വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സമയബന്ധിതമായി മോർച്ചറി നവീകരണം നടപ്പാക്കുന്നതിന് അടിയന്തരമായി എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കാമോ?

<u>കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച പി.എച്ച്.സി.</u>

773. **ശ്രീ.പി.റ്റി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച പി.എച്ച്.സി. ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ ആരംഭിക്കാത്തത് സംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നിർദ്ദേശമാണ് ഇക്കാര്യത്തിൽ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>കാസർഗോഡ് ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി</u>

774. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ഇല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാഞ്ഞങ്ങാട് ആസ്ഥാനമായി പ്രസ്തുത ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ ?

<u>മെഡിക്കൽ ഓബുഡ്സ്മാൻ</u>

775. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച് നിരവധി പരാതികൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിനായി മെഡിക്കൽ ഓബുഡ്സ്മാനെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇത്തരം പരാതികൾ പരിശോധിച്ച് പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ?

<u>കരൾമാറ്റ ശസ്ത്രക്രിയ</u>

776. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് ഏതെങ്കിലും സർക്കാർ ആശുപത്രിയിൽ സംവിധാനമുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(സി) കേരളത്തിൽ ഏതെല്ലാം ജില്ലകളിലാണ് അവയവദാന സെന്ററുകൾ (ട്രാൻസ്പ്ലാന്റ് സെന്ററുകൾ) ഉള്ളത്;

(ഡി) ഇത്തരം കേന്ദ്രങ്ങൾ എല്ലാ ജില്ലയിലും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ പുതിയ ജനറേറ്റർ</u>

777. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ പുതിയ ജനറേറ്റർ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഇതു സ്ഥാപിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) ജനറേറ്റർ സ്ഥാപിക്കുന്നതിനാവശ്യമായ തുക ഏതു ഫണ്ടിൽ നിന്നാണ് വകയിരുത്തിയതെന്ന് വിശദമാക്കുമോ?

<u>തിരുവങ്ങൂർ, മേലടി സി എച്ച് എസ്-ലെ സ്റ്റാഫ് പാറ്റേൺ</u>

778. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് സി എച്ച് എസ് ആയി ഉയർത്തിയിട്ടുള്ള തിരുവങ്ങൂർ സി എച്ച് എസ് , മേലടി സി എച്ച് എസ് എന്നിവിടങ്ങളിലെ സ്റ്റാഫ് പാറ്റേൺ ഇതു വരെയും പ്രാബല്യത്തിൽ വന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>പുളിയഞ്ചേരി പി. എച്ച്. സി. സബ് സെന്റർ</u>

779. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള കൊയിലാണ്ടി നഗരസഭയിലെ പുളിയഞ്ചേരി പി. എച്ച്. സി. സബ് സെന്ററിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം എത്ര രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നത് വ്യക്തമാക്കാമോ;

(ബി) ഈ സബ് സെന്ററിൽ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചു മാറ്റുന്ന കാര്യത്തിൽ കോഴിക്കോട് ഡി.എം. ഒ.സമക്ഷം ലഭിച്ചിട്ടുള്ള അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് ധനസഹായം

780. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്കായി വാങ്ങുന്ന നിത്യോപയോഗ സാധനങ്ങളുടെ ബില്ല് പ്രകാരമുള്ള തുക പേഷ്യന്റ് സൊസൈറ്റിയ്ക്ക് നൽകുന്നത് മാസങ്ങളായി കുടിശ്ശികയായിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കുടിശ്ശിക അടിയന്തിരമായി വിതരണം ചെയ്യുന്നതിനും, ഇവർക്കുള്ള വസ്ത്രം, ചെരിപ്പ് എന്നിവയ്ക്കുള്ള ധനസഹായം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും, യഥാസമയം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

നെടുമങ്ങാട് താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ വിവരങ്ങൾ

781. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പുതിയതായി ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) ജില്ലാ ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ഇപ്പോൾ നിലവിലുള്ള ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

കുട്ടികളുടെ ഡയാലിസിസ് സൗജന്യമാക്കാൻ നടപടി

782. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 18 വയസിന് താഴെയുള്ള കുട്ടികളിൽ വൃക്ക തകരാർ മൂലം ഡയാലിസിസ് നടത്തുന്നവരുടെ എണ്ണം വർദ്ധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ എത്ര കുട്ടികളാണ് ഡയാലിസിസ് നടത്തി വരുന്നതെന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കുട്ടികളുടെ ഡയാലിസിസ് സർക്കാർ, സ്വകാര്യ ആശുപത്രി വ്യത്യാസമില്ലാതെ സൗജന്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

783. ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപ്രതികളിൽ നിലവിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) ജില്ലയിൽ, സർക്കാർ അശുപ്രതികളിലെ രോഗികളുടെ വർദ്ധനവിനനുസരിച്ച് ജില്ലാ ആശുപത്രിയിലും താലൂക്ക് ആശുപത്രികളിലും ഡോക്ടർമാരുടെ അധിക തസ്തിക അനുവദിക്കേണ്ടതിന്റെ അവശ്യകത

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കുമോ?

ഞാറയ്ക്കൽ സർക്കാർ ആശുപത്രി വികസനം

784. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഞാറയ്ക്കൽ സർക്കാർ ആശുപത്രിയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പകർച്ചവ്യാധി മൂലം മരിച്ചവരുടെ എണ്ണം

785. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി ഒന്നിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് പകർച്ചവ്യാധി മൂലം മരിച്ചവരുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ച് കണക്കു ലഭ്യമാക്കുമോ;

(ബി) മരണമടഞ്ഞവരിൽ സർക്കാർ ആശുപത്രികളിൽ മരിച്ചവർ എത്രയെന്നും അല്ലാത്തവർ എത്രയെന്നും വ്യക്തമാക്കുമോ;

(സി) ചികിത്സ ലഭിക്കാതെ വീടുകളിൽ മരിച്ചവർ എത്രയെന്നു വ്യക്തമാക്കുമോ;

ആറ്റിങ്ങൽ മുനിസിപ്പൽ ആശുപത്രിയിലെ ട്രോമാ കെയർ സംവിധാനം

786. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മുനിസിപ്പൽ ആശുപത്രിയിൽ (താലൂക്ക് ആശുപത്രിയുടെ സ്റ്റാറ്റസ്) ബഹു. മന്ത്രി പ്രഖ്യാപിച്ച ട്രോമാ കെയർ എന്ന് മുതൽ പ്രവർത്തിച്ചു തുടങ്ങുമെന്നു വ്യക്തമാക്കാമോ;

(ബി) എന്തൊക്കെ സംവിധാനങ്ങളാണ് ട്രോമാ കെയർ സ്ഥാപിക്കുന്നതോടൊപ്പം ഉണ്ടാകുന്നത്; ഇതിന്റെ ചുമതല ആർക്കാണ്; എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് വ്യക്തമാക്കാമോ;

(സി) മുനിസിപ്പൽ ആശുപത്രിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പുതിയ ഒ.പി. ബ്ലോക്ക് കെട്ടിടനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

സർക്കാർ സർവ്വീസിലെ ഡോക്ടർമാർ

787. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിലുള്ള ആകെ അലോപ്പതി, ഹോമിയോ, ആയുർവ്വേദ, ദന്തൽ, നേത്ര തുടങ്ങി മറ്റ് അംഗീകൃത വിഭാഗം ഡോക്ടർമാർ എത്ര വീതം ഓരോ വിഭാഗത്തിലുമുണ്ട്; ഇനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) സർക്കാർ സർവ്വീസിൽ ഓരോ വിഭാഗത്തിലും എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(സി) ഓരോ വിഭാഗത്തിലും എത്ര പേരാണ് അവധിയിലും അവധി വാങ്ങാതെയും മറ്റ് സംസ്ഥാനങ്ങളിലും, വിദേശത്തും പ്രവർത്തിച്ചു വരുന്നതെന്നു വ്യക്തമാക്കാമോ

(ഡി) സംസ്ഥാനത്ത് എല്ലാ വിഭാഗത്തിലും വേണ്ടത്ര ഡോക്ടർമാർ ഇല്ലാതിരിക്കെ, മറ്റ സംസ്ഥാനങ്ങളിലും വിദേശത്തും പോയിട്ടുള്ള ഡോക്ടർമാരെ തിരിച്ച് വിളിച്ച് ജനങ്ങൾക്കും സർക്കാരിനും ഇവരുടെ സേവനം ലഭ്യമാക്കുവാൻ ആവശ്യമായ നപടികൾ സ്വീകരിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ ?

സംസ്ഥാനത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങൾ

788. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത എത്ര നിയോജകമണ്ഡലങ്ങൾ ഉണ്ട്; ഏതെല്ലാം;

(ബി) ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററെങ്കിലും ഇല്ലാത്ത നിയോജകമണ്ഡലങ്ങളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ എല്ലായിടത്തും പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയ ജീവനക്കാരുടെയും പശ്ചാത്തലസൗകര്യങ്ങളുടെയും കാര്യത്തിൽ തുല്യത നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ, അതിനു നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

സർക്കാർ ആശുപത്രികളുടെ അറ്റകുറ്റപ്പണികളിലെ വീഴ്ച

789. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അവശ്യം വേണ്ട അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ പോലും സർക്കാർ ഗുരുതരമായ വീഴ്ച വരുത്തിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ കോൺക്രീറ്റ് ഇളകി വീണ് വൃദ്ധയ്ക്ക് പരിക്കേറ്റ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്ത് മുൻകരുതലുകളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ?

ചക്കരക്കല്ല് സി.എച്ച്.സി

790. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചക്കരക്കല്ല് സി.എച്ച്.സി. യുടെ അടിസ്ഥാനസൗകര്യമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

791. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ കീഴിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെ മറ്റ് ആരാഗ്യവകുപ്പ് ജീവനക്കാർ സ്വകാര്യ ആശുപത്രികളിലും അവരുടെ സേവനം ലഭ്യമാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അന്വേഷണം നടത്തിയതിൽ അവർ ആരൊക്കെയാണെന്നും അവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ആരോഗ്യവകുപ്പിൽ കീഴിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ അവർ സേവനമനുഷ്ഠിക്കുന്ന ആശുപത്രികളിൽ നിന്നും അനധികൃത അവധിയെടുത്തും അല്ലാതെയും പ്രസ്തുത ആശുപത്രികളുടെ തൊട്ടടുകിൽ മുറി വാടകയ്ക്ക് എടുത്തു രാവിലെ മുതൽ പ്രാക്ടീസ് ചെയ്യുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;വിശദാംശം വ്യക്തമാക്കാമോ;

(ഡി) എങ്കിൽ അന്വേഷണത്തിലൂടെ ഇത്തരം പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ ആരൊക്കെയാണെന്നും ഇവർക്കെതിരെ എന്തൊക്കെ കർശന നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

(ഇ) എങ്കിൽ അന്വേഷണത്തിലൂടെ ഇത്തരം പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ ആരൊക്കെയാണെന്നും ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ?

<u>മരുന്നുകളുടെ ഗുണനിലവാരം</u>

792. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഒരു വർഷം എത്രകോടി രൂപയുടെ മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ സംഭരിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിലൂടെ വിതരണം ചെയ്യുന്ന പല ആന്റിബയോട്ടിക്കുകൾക്കും ഉദ്ദേശിച്ച ഫലം കിട്ടാത്തത് ഗുണനിലവാരം കുറവായതുകൊണ്ടാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഛത്തീസ്ഗഡിലെ റായ്പൂരിലുണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

793. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സിദ്ധ, ആയുർവേദ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പുതുതായി ആശുപത്രികൾ ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) സർക്കാർ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചത് സംബന്ധിച്ച ഉത്തരവുകൾ നിലവിലുണ്ടോ;

(ഡി) പുതുതായി ആരംഭിക്കുന്ന ആശുപത്രിയുടെ നിശ്ചിത ദൂരപരിധിയിൽ മറ്റ് ആശുപത്രികൾ ഒന്നും ഉണ്ടാവാൻ പാടില്ല എന്ന ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഭക്ഷ്യസുരക്ഷാ വകുപ്പ്</u>

794. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട ഭക്ഷ്യസുരക്ഷാ വകുപ്പിൽ മതിയായ ഉദ്യോഗസ്ഥരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഈ വകുപ്പിന്റെ ഉദ്ദേശലക്ഷ്യം കാര്യക്ഷമമായി കൈവരിക്കുന്നതിന് സാദ്ധ്യമാകാത്ത അവസ്ഥ നിലവിലുള്ളതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ വകുപ്പ് രൂപീകരിക്കപ്പെട്ടശേഷം ജില്ലാടിസ്ഥാനത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) ഇതുവരെ എത്ര സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ച് ഡയാലിസിസ് യൂണിറ്റുകൾ</u>

795. **ശ്രീ.പി.റ്റി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൃക്ക രോഗികൾക്ക് ദീർഘകാലം ചെലവേറിയ ചികിൽസകൾ തുടരേണ്ടി വരുന്നതിനാൽ സാമ്പത്തിക പ്രയാസം അനുഭവിക്കുന്നത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ;

(സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ച് ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>സ്പെഷ്യാലിറ്റി കേഡർ തസ്തികയിലുള്ള ഡോക്ടർമാരുടെ കുറവ്</u>

796. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ തസ്തികയിലുള്ള ഡോക്ടർമാരുടെ കുറവ് പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത ആവശ്യം പരിഗണിച്ച് ഡോക്ടർമ്മാരുടെ പുതിയ തസ്തിക അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; എത്രയും പെട്ടെന്ന് തസ്തിക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി</u>

797. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ താറുമാറായിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും അഭാവം കാരണം കൂടുതൽ സമയവും അടഞ്ഞുകിടക്കുന്ന പി.എച്ച്.സി.കളെ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>അട്ടപ്പാടിയിലെ ആദിവാസികൾക്ക് ചികിൽസാ സഹായം</u>

798. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം അട്ടപ്പാടിയിലെ 192 ഊരുകളിലായി ജീവിക്കുന്ന ആദിവാസിസ്ത്രീകൾ, ഗർഭിണികൾ, ഗർഭസ്ഥശിശുക്കൾ, കുട്ടികൾ, വൃദ്ധർ ഉൾപ്പെടെ കുടുംബങ്ങൾക്ക് വേണ്ട ചികിത്സയോ, ചികിത്സാസഹായമോ ലഭ്യമാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ ആരോഗ്യവകുപ്പിന്റെ വീഴ്ചകൾമൂലവും, പോഷകാഹാരക്കുറവുമൂലവും മരണപ്പെട്ട ഗർഭിണികൾ, ഗർഭസ്ഥശിശുക്കൾ, കുട്ടികൾ, ആദിവാസി അമ്മമാർ, വൃദ്ധർ തുടങ്ങിയവർ എത്രവീതമെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) ആരോഗ്യവകുപ്പിൻെറ സേവനം ലഭ്യമാകാത്തതിനാൽ മറ്റു സംസ്ഥാനങ്ങളിൽപ്പോയി ചികിത്സ തേടുന്ന ഇവർക്ക് ചികിത്സാസഹായമോ, മരണപ്പെട്ടവരെ നാട്ടിലെത്തിക്കുന്നതിനു സഹായമോ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;;

(ഡി) എങ്കിൽ, ഇവർക്ക് സഹായം ലഭ്യമാക്കാൻ തയ്യാറാകാത്ത ആരോഗ്യവകുപ്പുദ്യോഗസ്ഥർ ആരെല്ലാം; ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) അട്ടപ്പാടിയിൽ ആദിവാസികൾക്ക് ചികിത്സാസഹായം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ട്രൈബൽ ആശുപത്രികളിൽ വേണ്ടുന്ന ജീവനക്കാരോ മരുന്നുകളോ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇതു പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുന്ന തെന്നു വ്യക്തമാക്കുമോ?

<u>ആശുപത്രികളിലും മാനസികാരോഗ്യകേന്ദ്രങ്ങളിലുമുള്ള മരുന്നുക്ഷാമം</u>

799. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എച്ച്.സി., പി.എച്ച്.സി.,ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ രൂക്ഷമായ മരുന്നുക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ മാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം സംഭവിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മാനസികാരോഗ്യകേന്ദ്രങ്ങളിൽപ്പോലും മരുന്നു ലഭിക്കുന്നില്ലെന്നുള്ള മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; മാനസികാരോഗ്യകേന്ദ്രങ്ങളിലുൾപ്പെടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ആരോഗ്യവകുപ്പിലെ താൽക്കാലികവിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത്</u>

800. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) താൽക്കാലികവിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച 28.10.2014 ലെ ഉത്തരവ് ആരോഗ്യവകുപ്പിലെ ജീവനക്കാർക്കുകൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ആരോഗ്യ വകുപ്പിലെ താൽക്കാലികവിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച 19.05.2012-ലെ ഉത്തരവ് ആനുപാതികമായി പരിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

അട്ടപ്പാടിയിൽ ആരോഗ്യ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം

801. **ശ്രീ.വി.ചെന്താമരാക്ഷന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ നവജാത ശിശുക്കളുടെയും, ഗർഭസ്ഥ ശിശുക്കളുടെയും തുടർച്ചയായ മരണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇത്തരത്തിലുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഓരോ വർഷത്തെയും വിശദമായ കണക്ക് ലഭ്യമാക്കുമോ;

(സി) അട്ടപ്പാടിയിൽ ആരോഗ്യ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

വൃക്കരോഗികളുടെ എണ്ണത്തിൽ വർദ്ധന

802. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വൃക്കരോഗചികിത്സയ്ക്ക് താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ച് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന ആശുപത്രികളിൽ ആവശ്യമായ ആരോഗ്യപ്രവർത്തകരെ അടിയന്തിരമായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) വൃക്കരോഗികൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ആരോഗ്യവകുപ്പിലെ കുടിശ്ശിക

803. **ശ്രീ.കെ.വി.അബ്ദുൽ ഖാദർ :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യവകുപ്പിൽ ഉപകരണങ്ങളും മരുന്നുകളും വാങ്ങിയ ഇനത്തിൽ കൊടുത്തുതീർക്കാൻ കുടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാദ്ധ്യത ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഡോക്ടർമാരുടെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫ്, നഴ്സുമാർ എന്നിവരുടെ ഒഴിവുകൾ

804. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിലുമായി ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫ് ,നഴ്സുമാർ എന്നിവരുടെയും എത്ര ഒഴിവുകൾ വീതമാണ് നിലവിലുള്ളത്; വിശദവിവരം നൽകുമോ?

കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം

805. ശ്രീ.മോൻസ് ജോസഫ്

,, സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുപ്പിവെള്ള നിർമ്മാണ കമ്പനികൾ വില്പന നടത്തുന്ന വെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നുണ്ടോ; ഇതുവരെ കേസുകൾ എന്തെങ്കിലും എടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

<u>ഭക്ഷ്യവസ്തുക്കളിൽ മായവും, വിഷ വസ്തുക്കളും</u>

806. ശ്രീ.സി.മോയിൻ കുട്ടി

,, കെ.എൻ.എ.ഖാദർ

,, അബ്ദുറഹിമാൻ രണ്ടത്താണി

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്തു വിറ്റഴിച്ച ഭക്ഷ്യ വസ്തുക്കളിലും, ഭക്ഷ്യ വിഭവങ്ങളിലും മാരകമായ വിഷവസ്തുക്കൾ ഉണ്ടായിരുന്നുവെന്ന ലബോറട്ടറി പരിശോധനാ ഫലങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് വിപണനം നടത്തുന്ന ഭക്ഷ്യവസ്തുക്കളിൽ മായവും, വിഷ വസ്തുക്കളും കലർത്തിയിട്ടില്ലെന്നു കണ്ടെത്താൻ സ്ഥിരമായ മുൻകൂർ പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ?

<u>വൈക്കത്തഷ്ടമിയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ മുന്നൊരുക്കങ്ങൾ</u>

807. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനലക്ഷങ്ങളുടെ സാന്നിദ്ധ്യമുണ്ടാകുന്ന വൈക്കത്തഷ്ടമിക്ക് മുന്നോടിയായി ആരോഗ്യ വകുപ്പ് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വൈക്കത്തഷ്ടമിയുമായി ബന്ധപ്പെട്ട് അഷ്ടമി ദിവസങ്ങളിൽ ഭക്ഷ്യ സുരക്ഷാവിഭാഗത്തിന്റെ സാന്നിദ്ധ്യവും പരിശോധനകളും ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വൈക്കത്തഷ്ടമിയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ എത്ര ജീവനക്കാരെയാണ് പ്രത്യേക ഡ്യൂട്ടിക്കായി നിയോഗിക്കുന്നതെന്നും ഭക്തജനങ്ങളുടെ ആരോഗ്യസുരക്ഷ ഉറപ്പു വരുത്തുന്നതിന് ഈ സംഘത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>രോഗനിയന്ത്രണത്തിനും പ്രതിരോധത്തിനുമായി ആരോഗ്യവകുപ്പിന്റെ പദ്ധതികൾ</u>

808. പ്രൊഫ.സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗനിയന്ത്രണത്തിനും, രോഗപ്രതിരോധത്തിനുമായി ആരോഗ്യവകുപ്പിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് നിലവിൽ ഉള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇതിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ് ;

(സി) തൃശ്ശൂർ ജില്ലയിൽ ഈ ആവശ്യത്തിനായി എത്ര തുക അനുവദിച്ചു?

<u>ജീവനം **2014**</u>

809. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനം 2014 എന്ന പദ്ധതിയ്ക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്പെഷ്യൽ പ്രോജക്ടിനുള്ള തുക ഉടൻ അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

<u>ആരോഗ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് മിഷൻ **676** ൽ പദ്ധതികൾ</u>

810. ശ്രീ.വി.ഡി.സതീശൻ
,, എ.റ്റി.ജോർജ്
,, വർക്കല കഹാർ
,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും ആരോഗ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മിഷൻ വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ദേശീയ ആരോഗ്യമിഷൻ</u>

811. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ആരോഗ്യമിഷൻ ( ആരോഗ്യകേരളം) കേരളത്തിൽ പ്രവർത്തനം ആരംഭിച്ചതിനുശേഷം സംസ്ഥാനത്തെ ആരോഗ്യ മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ 2007-ന് മുമ്പുള്ളതിനെക്കാൾ എത്ര ശതമാനം പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അട്ടപ്പാടി പോലുള്ള പിന്നോക്ക ആദിവാസി മേഖലകളിൽ ദേശീയ ആരോഗ്യമിഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ച ശേഷവും ശിശുമരണ നിരക്ക് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

<u>കുടുംബാസൂത്രണ പദ്ധതിയിൽ കാലോചിതമായ മാറ്റം</u>

812. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാസൂത്രണ പദ്ധതികൾക്ക് കാലോചിതമായ മാറ്റങ്ങൾ വരുത്താത്തതുമൂലം പൊതുജന അംഗീകാരം കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടുംബാസൂത്രണ പദ്ധതികൾക്ക് കാലോചിതമായ മാറ്റങ്ങൾ വരുത്തണമെന്ന് ലോകാരോഗ്യ സംഘടന എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പൊതുജനങ്ങൾക്ക് സ്വീകാര്യമായതും ലോകാരോഗ്യസംഘടന അംഗീകരിച്ചതുമായ പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

<u>നഴ്സിംഗ് രജിസ്ട്രേഷൻ</u>

813. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഴ്സിംഗ് രജിസ്ട്രേഷന് സർക്കാർ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന പുതിയ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ബി) അന്യസംസ്ഥാനത്ത് പഠിച്ചവരും അവിടങ്ങളിൽ രജിസ്റ്റർ ചെയ്തവരുമായ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് വീണ്ടും സ്വന്തം സ്റ്റേറ്റിൽ രജിസ്റ്റർ ചെയ്യണം എന്ന വ്യവസ്ഥയുടെ ആവശ്യം വ്യക്തമാക്കുമോ;

(സി) വിദേശത്ത് ജോലി നോക്കുന്ന നഴ്സുമാർക്ക് രണ്ടുതരം രജിസ്ട്രേഷന്റെ പേരിൽ കാലതാമസവും ജോലി ചെയ്യുന്നതിന് തടസ്സവും നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ;

(ഡി) പുതിയ നഴ്സിംഗ് രജിസ്ട്രേഷൻ വ്യവസ്ഥയ്ക്ക് മുമ്പെ പഠിച്ചിറങ്ങിയവർക്ക് രജിസ്ട്രേഷനിൽ എന്തെങ്കിലും ഇളവ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന പുരോഗതി</u>

814. ശ്രീ.റ്റി.യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയുടെ പുരോഗതി ലക്ഷ്യം വച്ച് ഈ സർക്കാർ പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) എല്ലാ മെഡിക്കൽ കോളേജുകളിലും കാൻസർ ഉൾപ്പെടെ ഉള്ള രോഗങ്ങൾക്ക് ആധുനിക രീതിയിലുള്ളതും സൗജന്യവുമായ ചികിത്സ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുവാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>പുതിയ മെഡിക്കൽ കോളേജുകൾ</u>

815. ശ്രീ.സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 വരെ സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ 5 മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നതിൽ നിന്നും 3 വർഷത്തിനുള്ളിൽ എത്ര മെഡിക്കൽ കോളേജുകളായി വർദ്ധിച്ചിട്ടുണ്ട്;

(ബി) സർക്കാർ ഉടമസ്ഥതയിൽ 2015-16 വർഷത്തിൽ ഏതെല്ലാം ജില്ലകളിലാണ് പുതിയതായി മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ;

(സി) കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ പദ്ധതിയുണ്ടോ ; വിശദാംശം

ലഭ്യമാക്കുമോ ?

റേഡിയോ തെറാപ്പി വിഭാഗത്തിലെ ലിനീയർ ആക്സിലറേറ്റർ മെഷീൻ പ്രവർത്തന സജ്ജമാക്കാൻ നടപടി

816. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ റ്റി.ഡി. മെഡിക്കൽ കോളേജിൽ റേഡിയോ തെറാപ്പി വിഭാഗത്തിൽ അത്യാധുനിക ലിനീയർ ആക്സിലറേറ്റർ മെഷീൻ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മെഷീൻ പ്രവർത്തന സജ്ജമാണോ; അല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ;

(സി) ഈ മെഷീൻ എന്നത്തേയ്ക്ക് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജ്

817. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ സത്വര നടപടികളിലൂടെ പ്രസ്തുത മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കാമോ ; വിശദാംശം ലഭ്യമാക്കുമോ ?

ആലപ്പുഴ മെഡിക്കൽ കോളജിൽ പട്ടികവിഭാഗത്തിൽപ്പെട്ടവർക്കായുള്ള പാരാമെഡിക്കൽ കോഴ്സ്

818. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ റ്റി.ഡി. മെഡിക്കൽ കോളജിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി പാരാമെഡിക്കൽ കോഴ്സ് അനുവദിച്ച് ഉത്തരവായിട്ടുണ്ടോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇതിനായി കെട്ടിടം പണിയാൻ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) കെട്ടിടം പണി പൂർത്തിയായോ ; എന്നാണ് പൂർത്തിയായത് ; വ്യക്തമാക്കാമോ ;

(ഡി) കെട്ടിടം പണി കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും കോഴ്സ് ആരംഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ ;

(ഇ) കോഴ്സ് ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണ് , വിശദമാക്കാമോ ;

(എഫ്) കോഴ്സ് എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും; വ്യക്തമാക്കാമോ ?

പരിയാരം സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിലെ അധ്യാപക-അനധ്യാപക നിയമന നടപടികൾ

819. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം സർക്കാർ ആയുർവ്വേദ കോളേജിൽ എത്ര അധ്യാപക-അനധ്യാപക തസ്തികളാണ് നിലവിലുള്ളത്, വിശദാംശം നൽകുമോ;

(ബി) ഇവയിൽ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്; ഏതൊക്കെ അധ്യപകരെയാണ് വർക്കിംഗ് അറേഞ്ച്മെന്റിൽ സ്ഥലം മാറ്റം നൽകി നിയമിച്ചിട്ടുള്ളത്, ഇവർ എത്രവർഷമായി വർക്കിംഗ് അറേഞ്ചുമെന്റിൽ തുടരുന്നു; വിശദാംശം നൽകുമോ;

(സി) വർക്കിംഗ് അറേഞ്ചുമെന്റ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ഡി) ഇവിടെ എക്സ്റേ ടെക്നീഷ്യനെ നിയമിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്?

<u>കൊല്ലം ജില്ലയിൽ മെഡിക്കൽ കോളേജ്</u>

820. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമിയുടെ അപര്യാപ്തതയാണോ തടസ്സമായി നിൽക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ബി) എങ്കിൽ നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ ലഭ്യമായ പതിനാലര ഏക്കർ ഭൂമി പ്രസ്തുത ആവശ്യത്തിലേക്ക് വിനിയോഗിച്ച് അവിടെ മെഡിക്കൽ കോളേജ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ?

<u>സ്വാശ്രയ ഡെന്റൽ കോളേജുകളിലെ അമ്പത് ശതമാനം മാനേജ്മെന്റ് ക്വാട്ടയിലേക്ക് പ്രത്യേകം പ്രവേശന പരീക്ഷ</u>

821. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ ഡെന്റൽ കോളേജുകളിലെ അമ്പത് ശതമാനം മാനേജ്മെന്റ് ക്വാട്ടയിലേക്ക് പ്രത്യേകം പ്രവേശന പരീക്ഷ നടത്താൻ സുപ്രീംകോടതി നല്കിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ജസ്റ്റിസ് ജയിംസ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ തന്നെയാണോ പരീക്ഷ നടത്തിയത് ; പരീക്ഷാ ചോദ്യപേപ്പർ തയാറാക്കിയത് ആരായിരുന്നു ; പരീക്ഷയിൽ എത്രപേർ പങ്കെടുത്തു ; ഫലം പ്രസിദ്ധീകരിച്ചത് എന്നായിരുന്നു ; കൗൺസിലിംങ്ങിന് എത്ര വിദ്യാർത്ഥികൾ പങ്കെടുത്തു ;

(സി) മാനേജ് മെന്റ് ക്വാട്ടയിലെ സീറ്റുകൾ മൊത്തം എത്രയായിരുന്നു ; സുപ്രീംകോടതി തീരുമാനിച്ച തീയതിക്കുള്ളിൽ തന്നെ പ്രവേശന നടപടികൾ പൂർത്തിയാവുകയുണ്ടായോ ; എത്രപേർക്ക് പ്രവേശനം നല്കുകയുണ്ടായി ?

<u>സ്വാശ്രയ മെഡിക്കൽ - ഡന്റൽ കോളേജുകളിലെ മാനേജ് മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനപരീക്ഷ</u>

822. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ - ഡന്റൽ കോളേജുകളിലെ മാനേജ് മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനപരീക്ഷ സംബന്ധിച്ച് മാനേജ് മെന്റുകൾ സുപ്രീംകോടതിയിൽ നല്കിയ കേസിന്റെ പരിഗണനാവേളയിൽ സംസ്ഥാനത്തിനുവേണ്ടി ആരും ഹാജരാകാതിരുന്നത് സംബന്ധിച്ച സുപ്രീംകോടതിയുടെ പരാമർശം ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനിടയായ സാഹചര്യം വിശദമാക്കാമോ ;

(സി) പ്രസ്തുത കേസിൽ സത്യവാങ്മൂലം നല്കിയിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

<u>സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകൾ</u>

823. ശ്രീ.കെ.ശിവദാസൻ നായർ

,, പി.സി വിഷ്ണുനാഥ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗവൺമെന്റ് മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റ് മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നു;എംബിബിഎസിനും എംഡി/എംഎസിനും എത്ര സീറ്റുകൾ ലഭ്യമായിരുന്നു. ഇപ്പോൾ എത്ര സീറ്റുകൾ ലഭ്യമാണ്;

(സി) അടുത്ത രണ്ട് വർഷത്തിനുള്ളിൽ പുതുതായി എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ?

<u>പുതിയതായി തുടങ്ങിയ മെഡിക്കൽ കോളേജുകൾ</u>

824. ശ്രീ.എ.കെ.ബാലൻ

,, വി.ശിവൻകുട്ടി

,, കെ.കെ.ജയചന്ദ്രൻ

,, എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്രവർത്തനം ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ മാനദണ്ഡപ്രകാരമുള്ള മെഡിക്കൽ / പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഇവരെ മറ്റ് മെഡിക്കൽ കോളേജുകളിൽ നിന്ന് മാറ്റി നിയമിക്കുകയായിരുന്നോ; പ്രസ്തുത നിയമനത്തിൻെറ വിശദാംശം ലഭ്യമാക്കുമോ;

(ബി) മെഡിക്കൽ ജീവനക്കാരെ മാറ്റി നിയമിച്ചതു കാരണം മറ്റ് മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും കടുത്ത അഭാവം നേരിടുന്നതായി ഡോക്ടർമാർ ഉന്നയിക്കുന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(സി) തിരുവന്തപുരം എസ്.എ. ടി. ആശുപത്രിയിൽ ഗർഭസ്ഥശിശു മരിക്കാനിടയായത് തിരക്കുകാരണം ശ്രദ്ധിക്കാനാവാത്തതുകൊണ്ടും, പാരാമെഡിക്കൽ ജീവനക്കാരുടെ അഭാവം കൊണ്ടുമാണെന്ന ഡോക്ടർമാരുടെ കുറ്റസമ്മതത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ /പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവു നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മെഡിക്കൽ കോളേജുകളിൽ ആകെ എത്ര മെഡിക്കൽ - പാരാമെഡിക്കൽ ജീവനക്കാരുടെ ഒഴിവുകളുണ്ടെന്ന വിവരം ലഭ്യമാക്കുമോ ?

<u>മെഡിക്കൽ വിദ്യാഭ്യാസവകുപ്പിലെ സോഷ്യൽ വർക്കർ, സോഷ്യൽ സയന്റിസ്റ്റ് തസ്തികകൾ</u>

825. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ സോഷ്യൽ വർക്കർ, സോഷ്യൽ സയന്റിസ്റ്റ് തസ്തികകൾ എത്രയെണ്ണം ഉണ്ടെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് സ്ഥാപനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിലെ നിയമനം സംബന്ധിച്ച സ്പെഷൽ റൂൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

<u>സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകൾ</u>

826. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഇപ്പോൾ എത്ര മെഡിക്കൽ കോളേജുകളാണുള്ളത്; അവ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ;;

(ബി) ഓരോ മെഡിക്കൽ കോളേജിലും അനുവദിച്ചിട്ടുള്ള വിവിധ അദ്ധ്യാപക തസ്തികകൾ ഏതെല്ലാമാണെന്നും; എത്ര വീതമാണെന്നും വ്യക്തമാക്കുമോ;;

(സി) നിലവിൽ ഓരോ ഗവൺമെന്റ് മെഡിക്കൽ കോളേജിലെയും ഓരോ വിഭാഗത്തിൽ എത്ര അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപകർക്ക് ദീർഘകാല അവധി അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിശദവിവരം ലഭ്യമാക്കുമോ ?

<u>സർക്കാർ മെഡിക്കൽ കോളേജുകൾ</u>

827. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ മെഡിക്കൽ കോളേജുകൾ ഉണ്ട് ; ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഉള്ളവ എത്ര ; ഇല്ലാത്തവ ഏതൊക്കെ ;

(ബി) ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയിലും സുഗമമായ പ്രവർത്തനത്തിന് ഏതെല്ലാം കാറ്റഗറിയിലുള്ള എത്ര തസ്തികകൾ ആവശ്യമായിട്ടുണ്ട് ; ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയിലും നിലവിലുള്ള സ്ഥിര തസ്തികകൾ എത്ര ; പ്രസ്തുത തസ്തികകളിൽ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നവ ഏതെല്ലാം , എത്ര വീതം എന്ന് വ്യക്തമാക്കാമോ;

(സി) ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിരിക്കുന്ന അത്രയും തസ്തികകളിൽ ഡോക്ടർമാരോ ജീവനക്കാരോ സ്ഥിരമായി ഇല്ലാത്തവ എത്ര ; വേണ്ടത്ര തസ്തികകൾ ഇല്ലാത്തതിനാൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ അനുമതി നിഷേധിച്ച മെഡിക്കൽ കോളേജുകൾ ഏതൊക്കെ ?

<u>കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് നടപടി</u>

828. **ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കോളേജ് പൂർണ്ണമായും സർക്കാർ മേഖലയിലാണോ തുടങ്ങുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോളേജിന്റെ തറക്കല്ലിടൽ പരിപാടിയിൽ കോളേജ് എന്നത്തേക്ക് യാഥാർതഥ്യമാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കോളേജ് യാഥാർത്ഥ്യമാക്കുന്നതിന് നാളിതുവരെയായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; എത്ര തുക ബഡ്ജറ്റിൽ അനുവദിച്ചുവെന്നും ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പ്രത്യേകം വിശദമാക്കാമോ?

<u>സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഒഴിവുകൾ</u>

829. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രൊഫസർ, അസ്സോ. പ്രൊഫസർ , അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ എത്ര ഒഴിവുകളുണ്ടെന്ന് കോളേജ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പുതുതായി എത്ര സർക്കാർ മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇവിടെ ഓരോന്നിലും ഏതൊക്കെ തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും ഇതിലെ നിയമനത്തിനു സ്വീകരിച്ച നടപടിയും വ്യക്തമാക്കുമോ;

(സി) നിലവിലെ മെഡിക്കൽ കോളേജുകളിൽ നിന്നും തസ്തിക ഉൾപ്പെടെ ഡോക്ടർമാരെ പുതിയ മെഡിക്കൽ കോളേജുകളിലേയ്ക്ക് സ്ഥലം മാറ്റുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ ഏതെങ്കിലും ഡോക്ടർമാരെ പുതിയ മെഡിക്കൽ കോളേജുകളിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഇ) മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>അപ്ഗ്രേഡ് ചെയ്ത ആയുർവ്വേദ ആശുപത്രികളിൽ ക്ലാർക്ക് തസ്തിക</u>

830. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപ്ഗ്രേഡ് ചെയ്ത ആയുർവ്വേദ ആശുപത്രികളെ , ക്ലാർക്ക് തസ്തിക സൃഷ്ടിക്കുന്നതിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്കമാക്കാമോ;

(ബി) മെഡിക്കൽ ഓഫീസറുടെയും ആശുപത്രി സ്റ്റാഫുമാരുടെയും തസ്തിക സൃഷ്ടിക്കുമ്പോൾ ക്ലാർക്കുമാരുടെ ആവശ്യകത കണക്കിലെടുത്ത് ഇതുമാത്രം ഒഴിവാക്കിയതുവഴി വകുപ്പിന് വല്ല സാമ്പത്തിക ലാഭവമുണ്ടോ; വ്യക്തമാക്കാമോ?

<u>കൊല്ലം ജില്ലാ ആയുർവേദാശുപത്രി</u>

831. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആയുർവേദാശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ;

(സി) കൊല്ലം ജില്ലാ ആയുർവേദാശുപത്രിയിൽ വൃദ്ധജന പരിപാലന കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ആയുർവേദ ഔഷധ സംഭരണം</u>

832. **ശ്രീ.എം.പി.വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മരുന്നുകൾ പ്ലാസ്റ്റിക് കുപ്പികളിൽ സൂക്ഷിക്കുന്നതിന്റെ ദോഷഫലങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം?

<u>ആയുർവ്വേദ മരുന്നുവിൽപ്പനയിൽ നിയന്ത്രണം</u>

833. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ അരിഷ്ടങ്ങൾ, ആസവങ്ങൾ എന്നിവ വിൽക്കുന്നതിന് എന്തെങ്കിലും പുതിയ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ;

(സി) ചില പ്രത്യേക അസുഖങ്ങൾക്കുള്ള ആയുർവ്വേദ മരുന്നുകളുടെ പരസ്യവും വിൽപ്പനയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം മരുന്നുകളുടെ പരസ്യങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ</u>

834. ശ്രീ.സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>അവശ്യ മരുന്നുകളുടെ വില നിയന്ത്രണം</u>

835. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യ മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വില നിയന്ത്രണം ഏർപ്പെടുത്തിയ മരുന്നുകളുടെ പട്ടികയും ഇവ ഏതെല്ലാം രോഗങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>മരുന്നു പരിശോധന</u>

836. ശ്രീ.എ. കെ. ശശീന്ദ്രൻ

**,,** തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്നുകൾ വിപണിയിൽ ഇറക്കുന്നതിനു മുമ്പുള്ള ക്ലിനിക്കൽ പരിശോ ധന ഗുരുതരമായ പാർശ്വഫലങ്ങളും മരണവും സൃഷ്ടിക്കുന്നതായി പരാതി ഉയർന്ന സാഹചര്യത്തിൽ ഇതിനെ നിയന്ത്രിക്കാനായി വിദഗ്ദ്ധസമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, വിദഗ്ദ്ധസമിതി സർക്കാരിന് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ എന്താണെന്നു വ്യക്തമാക്കാമോ;

(സി) മരുന്നുകമ്പനികളുടെ പരീക്ഷണം മുടക്കമില്ലാതെ തുടരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

കേന്ദ്ര സർക്കാരിന്റെ മരുന്നു വില നിയന്ത്രണം നീക്കം ചെയ്ത നടപടി

837. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ മരുന്നു വില നിയന്ത്രണം നീക്കം ചെയ്ത നടപടി കുത്തക മരുന്നു കമ്പനികൾ രോഗികളെ കൊള്ളയടിക്കുന്നതിന് വഴിയൊരുക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ രോഗികളെ സഹായിക്കുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രമേഹ രോഗികളും പ്രതിവർഷം അരലക്ഷം ക്യാൻസർ രോഗികളുമുള്ള സംസ്ഥാനത്തിന് ഒരു പ്രത്യേക ആരോഗ്യ പാക്കേജ് പ്രഖ്യാപിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വിശദമാക്കുമോ?

ഫാർമസി നിയമങ്ങൾ ലംഘിച്ചതിനു രജിസ്റ്റർ ചെയ്ത കേസ്സുകൾ

838. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാർമസി ആക്റ്റിൻെറ സെക്ഷൻ 42 അനുസരിച്ച് എല്ലാ ഫാർമസികളിലും മെഡിക്കൽ സ്റ്റോറുകളിലും യോഗ്യതയുള്ള രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾ തന്നെ കൈകാര്യം ചെയ്യേണ്ടതാണെന്നു വ്യവസ്ഥയുണ്ടോ; എങ്കിൽ ഈ വ്യവസ്ഥ പാലിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ 2013, 2014 എന്നീ വർഷങ്ങളിൽ ഫാർമസി നിയമങ്ങൾ ലംഘിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഫാർമസി നിയമങ്ങൾ ലംഘിക്കുന്നുണ്ടോ എന്ന പരിശോധന വർഷത്തിൽ എത്ര തവണ നടക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ ബഹു: മനുഷ്യാവകാശക്കമ്മീഷൻെറ വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

രോഗികളിലെ മരുന്നു പരീക്ഷണം

839. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ രോഗികളിലെ മരുന്നു പരീക്ഷണം വ്യാപകമാകുന്നു എന്ന റിപ്പോർട്ടുകളെ തുടർന്ന് സുപ്രീം കോടതി നിർദ്ദേശപ്രകാരം ഡോ. വി. എൻ. രാജശേഖരൻ പിള്ള അദ്ധ്യക്ഷനായ ഒരു അന്വേഷണ സമിതിയെ നിയോഗിച്ചിരുന്നോ;

(ബി) എപ്പോഴാണ് പ്രസ്തുത സമിതിയെ നിയോഗിച്ചതെന്നും സമിതി എപ്പോഴാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നും വ്യക്തമാക്കുമോ;

(സി) സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾ എന്തൊക്കെയായിരുന്നുവെന്നും ഇതനുസരിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) മരുന്നു പരീക്ഷണത്തിന്റെ ഫലമായി രോഗികൾ മരണപ്പെട്ടതായി റിപ്പോർട്ടുണ്ടായിരുന്നോ; വ്യക്തമാക്കുമോ?

<u>മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയുള്ള മരുന്നു സംഭരണം</u>

840. ശ്രീ.ജി.സുധാകരൻ
,, എസ്.ശർമ്മ
,, സി.രവീന്ദ്രനാഥ്
,, പി.റ്റി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയുള്ള മരുന്നു സംഭരണം പാളിയതിന്റെ കാരണങ്ങൾ വിലയിരുത്തിയിരുന്നോ ; എങ്കിൽ അവ എന്തൊക്കെയെന്ന് അറിയിക്കുമോ ;

(ബി) കോർപ്പറേഷൻ മരുന്നു വിതരണക്കാർക്ക് കുടിശ്ശിക വരുത്തിയതിനാൽ കരാറുകാർ ടെൻഡർ ബഹിഷ്കരിക്കുകയുണ്ടായോ ; കുടിശ്ശിക വരുത്തിയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; എന്തു നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ ; കോർപ്പറേഷന് നൽകാനുള്ള തുക എത്ര ;

(സി) കരിമ്പട്ടികയിൽപ്പെടുത്തിയ കമ്പനികളെ ടെൻഡറിൽ പങ്കെടുപ്പിക്കുകയുണ്ടായോ ; എങ്കിൽ അതിന്റെ കാരണം അറിയിക്കാമോ ?

<u>ജീവൻരക്ഷാ മരുന്നുകളുടെ വില വർദ്ധന</u>

841. ശ്രീ.എസ്.ശർമ്മ
ശ്രീമതി.കെ.കെ.ലതിക
ശ്രീ.ടി.വി.രാജേഷ്
,, ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻരക്ഷാ മരുന്നുകൾക്ക് ഭീമമായ വില വർദ്ധനയുണ്ടാകാനിടയായ സാഹചര്യം എന്താണെന്നു അറിയിക്കാമോ;

(ബി) വിലവർദ്ധനയ്ക്കിടയാക്കിയ നയം തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാമോ;

(സി) അവശ്യമരുന്നുകൾ സാധാരണക്കാർക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കാനായി അവശ്യവസ്തു നിയമപ്രകാരം നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>മരുന്നിന്റെ വിലനിയന്ത്രണം</u>

842. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് മരുന്നിന്റെ വിലനിയന്ത്രണം നിർത്തലാക്കിയതിന്റെ ഭാഗമായി മരുന്നിന്റെ വില ക്രമാതീതമായി വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജീവൻരക്ഷാ മരുന്നുകളുടെ വിലയാണ് ഗണ്യമായി വർദ്ധിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) മരുന്നുവില നിയന്ത്രിക്കുവാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ആവശ്യത്തിനു മരുന്നു നൽകാത്തതുകൊണ്ട് സർക്കാർ ആശുപത്രികളിൽ മരുന്നിന്റെ ക്ഷാമം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>മരുന്നുകളുടെ ദുരുപയോഗം</u>

843. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മാരകരോഗങ്ങൾക്കായുള്ള ചില മരുന്നുകൾ മയക്കമരുന്നിനു പകരം ലഹരി ഉപയോഗിക്കുന്നവർ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കാൻസർ രോഗികൾക്കുള്ള ബ്രൂഫിനോർഫിൻ, ന്യൂറോളജി പ്രശ്നമുള്ളവർക്കുള്ള പ്രോമത്തസൈൻ, മനോരോഗികൾക്കുള്ള നൈട്രാസെൻ, ഡയസേപാം എന്നീ മരുന്നുകൾ ഡോക്ടർമാരുടെ നിർദ്ദേശമില്ലാതെ മെഡിക്കൽ സ്റ്റോറുകളിൽ വിൽപ്പന നടത്താൻ നിയമം ഉണ്ടോ; നിയമം പാലിക്കപ്പെടുന്നുണ്ടോ എന്നറിയാൻ പരിശോധനകൾ നടത്താറുണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിലുള്ള പരിശോധനകളാണ് നടത്താറുള്ളത്; ഇത് കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

<u>മരുന്നുകളുടെ വില വർദ്ധന</u>

844. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിങ് അതോറിറ്റി (എൻ.പി.എ.) -യുടെ വിലനിയന്ത്രണാധികാരം എടുത്തുകളഞ്ഞതോടെ ഹൃദ്രോഗം, ക്യാൻസർ, പ്രമേഹം എന്നിവയ്ക്ക് വിദേശക്കമ്പനികൾ ഉത്പാദിപ്പിക്കുന്ന മരുന്നുകളുടെ വില വർദ്ധിക്കുന്നതിനിടയായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത മരുന്നുകളുടെ വിലയിൽ എന്തെങ്കിലും ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>മരുന്നുകളുടെ ഗുണനിലവാര പരിശോധന</u>

845. ശ്രീ.കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ) **:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ച് വിറ്റഴിക്കുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗുണനിലവാരമില്ലാത്ത ഏതെങ്കിലും മരുന്നുകൾ വിറ്റഴിക്കുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>പ്ലാസ്റ്റിക്ക് കുപ്പികളിലെ മരുന്നുകൾ</u>

846. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദ്രവരൂപത്തിലുള്ള മരുന്നുകൾക്ക് പ്ലാസ്റ്റിക്ക് കുപ്പികൾ ഉപയോഗിക്കുന്നത് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

<u>അവശ്യമരുന്നുകളുടെ വിലവർദ്ധന</u>

847. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

അവശ്യമരുന്നുകളുടെ വിലനിലവാരം വൻതോതിൽ വർദ്ധിക്കുന്നതുമൂലം സാധാരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

<u>അവശ്യമരുന്നുകളുടെ വിലനിർണ്ണയം</u>

848. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ജെയിംസ് മാത്യു
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യമരുന്നുകളുടെ വിലനിർണ്ണയത്തിൽ ദേശീയ ഔഷധ വില നിർണ്ണയ അതോറിറ്റിയുടെ ഇടപെടൽ ഒഴിവാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചതായി അറിയുമോ; എങ്കിൽ അതിന്റെ വിശദാംശം എന്തൊക്കെയാണ്;

(ബി) വില നിർണ്ണയാധികാരം ഉപേക്ഷിച്ചതിനെ തുടർന്ന് മരുന്നുകൾക്ക് വില വർദ്ധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അവശ്യവും സുരക്ഷിതവുമായ മരുന്നുകൾ ജനങ്ങൾക്ക് താങ്ങാനാവുന്ന വിലയ്ക്ക് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി</u>

849. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി മങ്കടയിൽ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>കൊല്ലം ചിറ നവീകരണം</u>

850. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ പിഷാരികാവ് ദേവസ്വം അധീനതയിൽ ഉള്ള കൊല്ലം ചിറ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ശബരിമല തീർത്ഥാടന കാലയളവിൽ എൻ.എച്ച് - ലൂടെ കടന്നുപോകുന്ന നൂറ് കണക്കിന് ഭക്തജനങ്ങൾക്ക് വളരെ പ്രയോജനകരമായ ഈ ജലാശയം സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ഇത് വരെ ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പാക്കി എന്ന് വിശദമാക്കാമോ;

(സി) ഒരു പദ്ധതിയും നടപ്പാക്കിയില്ലെങ്കിൽ ഈ വർഷം തന്നെ പദ്ധതി നടപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ശബരിമല മാസ്റ്റർ പ്ലാൻ</u>

851. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിന്റെ ആദ്യ ഘട്ടത്തിൽ എന്തെല്ലാം പ്രവർത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ബി) ഒന്നാംഘട്ട നിർമാണ പ്രവർത്തികൾ എന്ന് ആരംഭിച്ച്ചുവെന്നും പ്രസ്തുത നിർമാണ പ്രവർത്തികളുടെ പുരോഗതിയെന്തെന്നും വിശദമാക്കുമോ;

(സി) നിർമാണ പ്രവർത്തികളുടെ മേൽനോട്ട ചുമതല ആരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത് ?

<u>ശബരിമല മാസ്റ്റർ പ്ലാൻ</u>

852. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെ എന്നും പ്രവൃത്തികളുടെ പേരും അതിനായി ചിലവാക്കുന്ന തുകയും വെളിപ്പെടുത്താമോ ;

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് ; നിർമ്മാണം ആരംഭിക്കാൻ ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം എന്ത് ;

(സി) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; ഇവ എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത് ?

<u>ശബരിമല തീർത്ഥാടനത്തിന് അടിസ്ഥാനസൗകര്യങ്ങൾ</u>

853. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിന് ഭക്തർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ സർക്കാർ തികഞ്ഞ അലംഭാവം കാണിക്കുന്നു എന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ മണ്ഡലക്കാലത്ത് എന്തെല്ലാം സൗകര്യങ്ങളാണ് ഭക്തർക്ക് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കുടിവെള്ളത്തിനും ഭക്ഷണം ലഭിക്കുന്നതിനും സാനിറ്റേഷനുമുള്ള സൗകര്യമുൾപ്പെടെ സജ്ജമാക്കിയിട്ടുണ്ടോ;

(ഡി) ഈ മണ്ഡലക്കാലത്ത് ജയിൽ ചപ്പാത്തി ഉൾപ്പെടെ ജയിലിൽ തയ്യാറാക്കുന്ന ഭക്ഷണം വിൽക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ദേവസ്വം ബോർഡിലെ പി.എസ്.സി. നിയമനം</u>

854. **ശ്രീ.എ. കെ. ശശീന്ദ്രൻ**
**,,** തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിലെ നിയമനം പി.എസ്.സി.യ്ക്ക് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ദേവസ്വം ബോർഡിലെ നിയമനം പി.എസ്.സി.യ്ക്ക് നൽകുന്നതിന്റെ പ്രാരംഭമായി സ്പെഷ്യൽ റൂൾസ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്പെഷ്യൽ റൂൾസ് എന്നത്തേയ്ക്കു തയ്യാറാക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

ശബരിമലയിലെ മാലിന്യ നിർമ്മാർജ്ജനം

855. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടി എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ക്ഷേത്രകലാ അക്കാദമി

856. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഇതുവരെയായി എത്ര ലക്ഷം രൂപയാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്; അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി എത്ര രൂപ നൽകിയിട്ടുണ്ട് ; തുക നല്കിയിട്ടില്ലെങ്കിൽ അത് എന്തുകൊണ്ട്എന്ന് വെളിപ്പെടുത്താമോ ;

(ബി) ചെണ്ട, പൂരക്കളി എന്നീ രണ്ടു കോഴ്സുകൾ സെപ്റ്റംബറിൽ ആരംഭിക്കുമെന്ന് 25/07/2012 ൽ ബഹു. ദേവസ്വം വകുപ്പ് മന്ത്രി സബ്മിഷന് മറുപടി നൽകിയിരുന്നെങ്കിലും ഇതുവരെയായി കോഴ്സുകൾ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്ഷേത്രകലാ അക്കാദമിക്ക് 6/4/2013 ന് ഭരണാനുമതി ലഭിക്കുകയും 25/2/2014 ന് ഭരണസമിതി രൂപീകരിക്കുകയും ചെയ്തുവെങ്കിലും കോഴ്സുകൾ തുടങ്ങുന്നത് നീണ്ടു പോകുന്നതെന്തു കൊണ്ടാണെന്നും ; കോഴ്സുകൾ എന്ന് തുടങ്ങാൻ സാധിക്കും എന്നുമുള്ള വിശദാംശം നൽകുമോ?

ആറ്റിങ്ങലിലെ ക്ഷേത്ര കലാപീഠം

857. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് കീഴിൽ ആറ്റിങ്ങൽ പാലസിനോട് ചേർന്ന് മികച്ച നിലയിൽ പ്രവർത്തിച്ചുവന്നിരുന്ന ക്ഷേത്ര കലാപീഠത്തിൽ ഈ വർഷം മുതൽ കുട്ടികൾക്ക്അഡ്മിഷൻ നൽകാതിരിക്കുകയും ക്രമേണ ഈ സ്ഥാപനം അടച്ചുപൂട്ടാനുള്ള നീക്കവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് താങ്കൾക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) ഈ വർഷം 93 അപേക്ഷകൾ ഉണ്ടായിട്ടും കുട്ടികൾക്ക് അഡ്മിഷൻ നല്കാതെ കുട്ടികളെ വൈക്കം കേന്ദ്രത്തിൽ പഠിക്കാൻ നിർദ്ദേശിച്ച ദേവസ്വം ബോർഡിന്റെ തീരുമാനം പുന:പരിശോധിക്കാൻ ആവശ്യപ്പെടുമോ; ദേവസ്വം ബോർഡിനോട് പ്രസ്തുത സ്ഥാപനം നിലനിർത്താൻ ആവശ്യപ്പെടുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡ് ടെലിവിഷൻ ചാനൽ

858. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് ടെലിവിഷൻ ചാനൽ ആരംഭിക്കുന്നതിനുള്ള ആലോചനകൾ നടത്തി വരുന്നുണ്ടോ;

(ബി) ചാനലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ദേവസ്വം ബജറ്റിൽ വകയിരുത്തിയിട്ടുള്ളത് എന്ത് തുകയാണ്;

(സി) ചാനൽ ആരംഭിക്കുന്നതിന് എന്ത് തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നു;

(ഡി) പ്രസ്തുത തുക എപ്രകാരം സമാഹരിക്കാനാണ് ആലോചിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

മിഷൻ **676-** ശബരിമല വികസനം

859. ശ്രീ.പി.സി വിഷ്ണുനാഥ്

,, കെ.ശിവദാസൻ നായർ

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.മുരളീധരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ;വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി1563, 1564, 1565, 1566കളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

പറമ്പിക്കുളം-ആളിയാർ കരാർ

860. ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിന് ജലവിഭവവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) 2010 മുതൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ജലത്തിൻെറ അളവും, ലഭിച്ച ജലത്തിൻെറ അളവും സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) അന്തർ സംസ്ഥാന നദീജലക്കരാർ കാലോചിതമായി പുതുക്കി നിശ്ചയിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ കരാർ എന്നാണ് നിലവിൽ വന്നത്; പ്രസ്തുത കരാർ എത്രകാലത്തേയ്ക്കായിരുന്നു?

മലയം കനാലിൽ തീര സംരക്ഷണ ഭിത്തി

861. ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജക മണ്ഡലത്തിൽ മലയം കനാലിൽ മുട്ടേൽപാലം മുതൽ കാവടിപ്പാലം വരെ തോടിന്റെ കിഴക്കേകര ഭാഗത്തും കാവടിപ്പാലം മുതൽ ചിറയിൽഭാഗം വരെ തോടിന്റെ പടിഞ്ഞാറെ ഭാഗത്തും വെള്ളപ്പൊക്കം, ഉപ്പുവെള്ളം കയറൽ തുടങ്ങിയവ മൂലം വ്യാപക കൃഷിനാശം സംഭവിക്കുന്നത് തടയുവാൻ തീര സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും

862. ശ്രീ.പാലോട് രവി

,, വി.പി.സജീന്ദ്രൻ

,, പി.സി വിഷ്ണുനാഥ്

,, എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

നബാർഡ് -ന്റെ സഹായത്തോടെയുള്ള ജലസേചന പദ്ധതികൾ

863. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജലസേചന വകുപ്പിന് കീഴിൽ നബാർഡ് സഹായത്തോടെ ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് പ്രവൃത്തി, അടങ്കൽ തുക തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്താകെ ജലസേചന വകുപ്പ് നബാർഡ് സഹായത്തോടെ ഏറ്റെടുത്ത എത്ര പ്രവൃത്തികളാണുള്ളതെന്നും, ആകെ പദ്ധതി തുക എത്രയാണെന്നും ജില്ലതിരിച്ച കണക്കുകൾ ലഭ്യമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

864. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈപ്പിൻ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏറ്റെടുത്ത് പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇതിനായി എത്ര കോടി രൂപ അനുവദിച്ചുവെന്നും, ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പമ്പ ആക്ഷൻ പ്ലാൻ

865. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര രൂപവീതമാണ്;

(ബി) ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെ എന്നും, ഇവയ്ക്ക് നീക്കിവെച്ചിരിക്കുന്ന തുക എത്ര എന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിൽ ഇതേവരെ നടപ്പാക്കിയ പദ്ധതികളും, അവയ്ക്കായി ചെലവഴിച്ച തുകയും എത്ര എന്ന് വ്യക്തമാക്കാമോ;

(ഡി) ഇനിയും ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കാനായി ഉള്ളത്എന്നും ഇത് നടപ്പാക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ എന്നും വ്യക്തമാക്കാമോ; ഇത് പരിഹരിച്ച് പമ്പ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

അടൂർ മൈനർ ഇറിഗേഷൻവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

866. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് മൈനർ ഇറിഗേഷൻ വിഭാഗം നടത്തിയിട്ടുള്ള പദ്ധതി പ്രവർത്തനങ്ങളുടെ പേര്, പദ്ധതി അടങ്കൽ, പ്രവർത്തനപുരോഗതി എന്നീ വിശദാംശങ്ങൾ വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

റിവർ മാനേജ്മെന്റ് ഫണ്ട്

867. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് നദീ സംരക്ഷണത്തിനായി ഈ വർഷം എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) കോഴിക്കോട് ജില്ലയ്ക്ക് ലഭിച്ച തുകയും പ്രവർത്തികളുടെ പേരും അറിയിക്കുമോ;

(സി) റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചുള്ള പ്രവർത്തിയ്ക്ക് അന്തിമ അനുമതി നൽകുന്നതിനുള്ള സംസ്ഥാനതല സമിതി യഥാകാലം യോഗം ചേരുന്നില്ലെന്നും തീരുമാനമെടുക്കുന്നില്ലെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സമിതി യഥാകാലം ചേരുന്നതിനും നടപടികൾ എടുക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പരിയാരം ആയുർവേദ കോളേജിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

868. ശ്രീ.ടി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവ: ആയുർവേദ കോളേജിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 18/10/2013 ന് കണ്ണൂർ വാട്ടർ സപ്ലൈ ഡിവിഷൻ ഓഫീസിൽ 50 ലക്ഷം രൂപ ഡപ്പോസിറ്റ് ചെയ്തെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും നിർമ്മാണം തുടങ്ങിയിട്ടില്ല. നിർമ്മാണ പ്രവർത്തനം നീണ്ടുപോകുന്നതെന്തുകൊണ്ട്; വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ അന്വേഷണം നടത്തി അടിയന്തരമായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരി ക്കുമോ?

കേന്ദ്ര സർക്കാറിന്റെ ഡാം റജിസ്റ്റർ - ഡാമുകളുടെ ഉടമസ്ഥാവകാശം

869. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാറിന്റെ ഡാം റജിസ്റ്ററിൽ മുല്ലപ്പെരിയാർ, പറമ്പിക്കുളം, പെരുവാരിപള്ളം, തുണക്കടവ് എന്നീ ഡാമുകൾ തമിഴ് നാടിൻെറതായി തെറ്റായി രേഖപ്പെടുത്തിയിരുന്നത് ഹൈക്കോടതി വിധി പ്രകാരം തിരുത്തിച്ചെങ്കിലും തമിഴ്നാട് സർക്കാർ വീണ്ടും തിരിമറി നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുത്തിയ പുതിയ റജിസ്റ്ററിൽ കേരളത്തിന്റേതായി ഉൾപ്പെടുത്തിയ ഡാമുകളുടെ വിവരങ്ങൾ കാണിക്കുന്ന പേജിൽ അടിഭാഗത്ത് തമിഴ് നാടിന്റെ ഉടമസ്ഥതയിൽ എന്നു അടിക്കുറിപ്പ് ചേർത്തിരിക്കുന്നത് അറിയാമോ ;

(സി) പ്രസ്തുത ഡാമുകളുടെ ഉടമസ്ഥാവകാശം തങ്ങൾക്കാണെന്ന തമിഴ്നാട് മുഖ്യമന്ത്രി ആവർത്തിച്ച് പ്രസ്താവനകൾ നടത്തിക്കൊണ്ടിരിക്കുന്നതായി അറിയാമോ;

(ഡി) ഈ പ്രശ്നത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

870. ശ്രീ.പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നുവർഷമായി മണലൂർ നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി ചെലവഴിച്ച തുകകൾ എത്ര വീതമെന്നും അറിയിക്കാമോ;

(ബി) അംഗീകാരം ലഭിച്ചതും ഇപ്പോൾ നിർമ്മാണഘട്ടത്തിൽ ഇരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്നും ഇവയ്ക്ക് നീക്കിവച്ചിരിക്കുന്ന തുക എത്ര വീതമെന്നും അറിയിക്കാമോ;

(സി) ഒരു പഞ്ചായത്തിൽ ഒരു പൊതുകുളം പുനർനിർമ്മിക്കുന്ന പദ്ധതി പ്രകാരം മണലൂർ നിയോജകമണ്ഡലത്തിൽ അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

## വൈക്കം നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

871. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇറിഗേഷൻ വകുപ്പ് വഴി ഏതൊക്കെ പദ്ധതികളാണ് വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇറിഗേഷൻ വകുപ്പ് വഴി വൈക്കം നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇനിയും പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ?

## പൊന്നാനി മുതൽ തൃശ്ശൂർ ജില്ലാ അതിർത്തി വരെയുള്ള കുടുംബങ്ങൾക്ക് ശുദ്ധജലം

872. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലൂടെ പോകുന്ന കനോലികനാ (പി. സി കനാൽ) ലിന്റെ വെളിയങ്കോട്ടുള്ള ലോക്ക് പൂർണ്ണമായി തകർന്നതിനാൽ പൊന്നാനി മുതൽ തൃശ്ശൂർ ജില്ലാ അതിർത്തി വരെയുള്ള ആയിരത്തിൽപരം കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമല്ലാത്തതും കിണറുകളിൽ ഉപ്പുവെള്ളം കയറുന്നതുമൂലവുമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവർത്തിക്കുള്ള വിശദമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അടിയന്തിരമായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) അടുത്ത ആർ.ഐ .ഡി .എഫ് സ്കീമിൽ ഈ പ്രവർത്തി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## വാമനപുരം നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തികൾ

873. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തിരം നടത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഓരോന്നിനും ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കുമോ;

(ബി) വാമനപുരം നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നിയോജക മണ്ഡലത്തിൽ പുതിയതായി ഏറ്റെടുക്കേണ്ട പ്രവൃത്തികളെ സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസലുകൾ നിലവിലുണ്ടോ;

(ഡി) ഇവ നടപ്പിലാക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പുനരുദ്ധരിക്കുന്നതിന് നടപടി

874. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് കാലപ്പഴക്കത്താൽ ഉപയോഗപ്രദമല്ലാതായിത്തീരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് പുനരുദ്ധരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) ഉപ്പുവെള്ളം ഫലപ്രദമായി തടയാത്തതിനാൽ നിലവിൽ പ്രദേശത്തെ കാർഷിക മേഖല തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചാലക്കുടി മേലൂർ പഞ്ചായത്തിലെ തട്ടുപാറയിലും, പൂതുരുത്തിയിലും ചെക്ക് ഡാമുകൾ

875. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ തട്ടുപാറയിലും, പൂതുരുത്തിയിലും ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ ;

(ബി) ഇവയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

തടയണകളുടെ നിർമാണം

876. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര തടയണകളുടെ നിർമാണം ആരംഭിച്ചിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിർമ്മാണം നടന്നു വന്നിരുന്ന തടയണകളുടെ എണ്ണമെത്ര ;

(സി) കരാറുകാർക്ക് ബിൽ തുക നൽകാത്തതിന്റെ പേരിൽ എത്ര നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(ഡി) മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ പുനരാരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ ഇറിഗേഷൻ ഡിവിഷന്റെ കീഴിലുള്ള പദ്ധതികൾ

877. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഇറിഗേഷൻ ഡിവിഷന്റെ കീഴിലുള്ള കുന്നംകുളം മൈനർ ഇറിഗേഷൻ സെക്ഷൻ, വടക്കാഞ്ചേരി മൈനർ ഇറിഗേഷൻ സെക്ഷൻ എന്നിവയുടെ കീഴിൽ 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിട്ടുള്ളത് ;

(ബി) ഓരോ പ്രവൃത്തിയുടെയും പേര്, അവ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത്, അനുവദിച്ച തുക, ഓരോ പ്രവൃത്തിയുടെയും പുരോഗതി എന്നിവ പ്രത്യേകം വ്യക്തമാക്കാമോ ?

കോഴിക്കോട് കക്കോടി യിൽ സൈഫൺ നിർമ്മിക്കണമെന്ന ആവശ്യം

878. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ കക്കോടി സബ് ഡിവിഷന് കീഴിൽ കുടത്തുംപൊയ്യിൽ ഫീൽഡ് ബോത്തിയിൽ അക്വാഡക്ട് പൊളിച്ചുമാറ്റി സൈഫൺ നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, പൊതുജനങ്ങളുടെ ആവശ്യം പരിഗണിച്ച് അക്വാഡക്ട് പൊളിച്ചുമാറ്റാനുള്ള നടപടി എത്രയും പെട്ടന്ന് സ്വീകരിക്കുമോ?

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പഞ്ചായത്തിൽ ഒരു കുളം നവീകരണം പദ്ധതി

879. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയമസഭാ നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങൾക്കാണ് പഞ്ചായത്തിൽ ഒരു കുളം നവീകരണം പദ്ധതി പ്രകാരം ഭരണാനുമതി നല്കിയത് ; എത്ര രൂപയുടെ ഭരണാമനുമതിയാണ് നൽകിയത് ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ ഏതെല്ലാം പ്രൊപ്പോസലുകൾ ആണ് പരഗണനയിലുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ?

ചുള്ളിയാർ ഡാം സ്രോതസ്സായി കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി

880. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട, കോല്ലങ്കോട് ഗ്രാമപഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ചുള്ളിയാർ ഡാം സ്രോതസ്സായി കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ചുള്ളിയാർ ഡാം ജലസ്രോതസ്സായ കുടിവെള്ള പദ്ധതിയുടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്, വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത പദ്ധതി അടിയന്തരമായി തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

വെള്ളക്കരം കുടിശ്ശിക

881. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിക്ക് കുടിവെള്ളക്കരം ഇനത്തിൽ കുടശ്ശികയായിട്ടുള്ള തുകയെ സംബന്ധിച്ച് വിശദ വിവരം നല്കുമോ:

(ബി) കോടതികളിൽ നിന്നും ഗവൺമെന്റിൽ നിന്നുമുള്ള സ്റ്റേ ഉത്തരവുമൂലം പിരിച്ചെടുക്കാൻ സാധിക്കാത്ത തുക എത്രയാണെന്ന് അറിയിക്കുമോ:

(സി) വെള്ളക്കരം ഇനത്തിൽ 2013-14 വർഷത്തിൽ ലഭിച്ച മൊത്തം തുകയെത്രയാണ്;

(ഡി) 2013-14 സാമ്പത്തിക വർഷത്തെ അവസാനത്തെ രണ്ടു മാസത്തിൽ വെള്ളക്കരം ഇനത്തിൽ ലഭിച്ച മൊത്തം തുക എത്രയാണെന്ന് അറിയിക്കുമോ?

കുറ്റ്യാടി ഇറിഗേഷൻ പദ്ധതി

882. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിൽ എത്ര ഓഫീസുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കുകീഴിൽ എത്ര ഉദ്യോഗസ്ഥർ ജോലിചെയ്തുവരുന്നുണ്ടെന്ന് തസ്തികതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുണ്ടെന്ന് തസ്തികതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ

883. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെയും, പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ജലവിഭവവകുപ്പിൽനിന്നും മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾക്ക് തുക അനുവദിക്കുന്നതിൽ വീഴ്ചയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ തഴക്കര കൊല്ലക്കടവ് പാലത്തിനു പടിഞ്ഞാറുഭാഗത്ത് അച്ചൻകോവിലാറിൻെറ തീരത്ത് കുറ്റിവടക്കതിൽ മോഹനൻെറ വീട് ആറ്റുതീരം ഇടിഞ്ഞതിനെത്തുടർന്ന് അപകടത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അച്ചൻകോവിലാറിൻെറ ഈ ഭാഗം സംരക്ഷണഭിത്തി കെട്ടുന്നതിന് തുക അനുവദിക്കുന്നതിനായി എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കോഴിക്കോട് കനോലികനാലിന്റെ പാർശ്വഭിത്തികൾ

884. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കനോലികനാലിന്റെ അരികുഭാഗങ്ങൾ പല സ്ഥലത്തും ഇടിഞ്ഞുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കനാലിന്പാർശ്വഭിത്തികൾ കെട്ടുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ജലപാത

885. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള ജലപാത സഞ്ചാരയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വളരെക്കാലമായുള്ള ഈ ആവശ്യം ഇനിയും പ്രാവർത്തികമാക്കാത്തതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ; വിശദവിവരം വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റിന്റെ കാലാവധിക്ക് മുമ്പായി ഇത് പ്രാവർത്തികമാക്കുന്നതിന് സാധിക്കുമോയെന്നറിയിക്കുമോ ?

പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികൾ

886. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുകിട ജലസേചന വകുപ്പിന്റെ കീഴിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ നബാർഡിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ചെറുകിട ജലസേചന വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾ

887. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലസേചന വകുപ്പിന്റെ കീഴിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളുടെ പ്രൊപ്പോസലുകളാണ് പരിഗണനയിലുള്ളത് ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

കാസർഗോഡ് ബാവിക്കര പദ്ധതി

888. ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര പദ്ധതിയുടെ നിർമ്മാണം നിർത്തിവെച്ചിട്ടുണ്ടോ?

(ബി) എങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

(സി) പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി നാളിതുവരെയായി എന്ത് തുക കരാറുകാർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

(ഡി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി എന്ത് തുക വേണ്ടിവരുമെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്നും അറിയിക്കാമോ?

പറമ്പിക്കുളം-ആളിയാർ കരാർ

889. ശ്രീ.മാത്യു റ്റി.തോമസ്

,, സി.കെ.നാണു

ശ്രീമതി.ജമീല പ്രകാശം

ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം 30 കൊല്ലത്തെ ശരാശരിയെടുത്ത് അതനുസരിച്ച് ജലത്തിന്റെ വിഭജനം നടത്തിയാൽ കേരളത്തിന് ഓരോ നദീതടത്തിലും കിട്ടേണ്ട വെള്ളം എത്രയെന്ന് കണക്കാക്കി അവലോകന ചർച്ചയിൽ അവതരിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അടങ്ങിയ പകർപ്പ് ലഭ്യമാക്കുമോ;

(ബി) തമിഴ്നാട് സമർപ്പിച്ച അവകാശ വാദങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ?

കൊട്ടാരക്കരയി ലെ കനാൽ റോഡുകൾ

890. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ എത്ര കിലോമീറ്റർ ദൈർഘ്യമുള്ള കെ.ഐ.പി.കനാൽ റോഡുകൾ ഉണ്ട്;

(ബി) പ്രസ്തുത റോഡുകൾ ഭൂരിഭാഗവും തകർന്ന നിലയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കനാൽ റോഡുകളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ തുക അനുവദിക്കാൻ നടപടി

സ്വീകരിക്കുമോ?

<u>പെരുവണ്ണാമൂഴി കനാലിൽ ഉള്ള്യേരി ഗ്രാമപഞ്ചായത്തിലെ തചോറ് കണ്ടി കനാൽ പാലം</u>

891. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴി ജലസേചന കനാലിൽ ഉള്ള്യേരി ഗ്രാമപഞ്ചായത്തിലെ തചോറ് കണ്ടി കനാൽ പാലം അപകടകരമായ വിധം പഴകിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം പുനർനിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ?

<u>തിരുവനന്തപുരം വെള്ളായണി കായലിന്റെ തീര സംരക്ഷണത്തിനായുള്ള ജൈവവേലിനിർമ്മാണ പദ്ധതി</u>

892. ശ്രീ.സി.മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വെള്ളായണി കായലിന്റെ തീര സംക്ഷണത്തിനായുള്ള ജൈവവേലി നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) ജില്ലാപഞ്ചായത്ത് പ്രസ്തുത പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ജലവിഭവ വകുപ്പ് എന്തെങ്കിലും എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(സി) കായൽ കൈയേറ്റങ്ങൾ തടയുന്നതിനും, ശുദ്ധജല വിതരണസ്രോതസ്സായ കായലിന്റെ മലിനീകരണം തടയുന്നതിനും വകുപ്പ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; ഈ പദ്ധതികളുടെ നടത്തിപ്പ ചുമതല ആർക്കാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കായൽ സംരക്ഷണ കാര്യത്തിൽ വിവിധ വകുപ്പുകൾ നടപ്പാക്കുന്ന വ്യത്യസ്ത പദ്ധതികളുടെ ഏകോപന ചുമതല ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

<u>ഭാരതപ്പുഴയിൽ പൈങ്കുളം തടയണനിർമ്മാണം</u>

893. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിൽ പൈങ്കുളം തടയണനിർമ്മാണത്തിന് ഭരണാനുമതി നൽകിയതെപ്പോഴാണെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തടയണ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ പറയാമോ;

(ഡി) കഴിഞ്ഞ നിയമസഭാ സമ്മേളനം നടക്കുമ്പോൾ ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ സാങ്കേതികാനുമതി നൽകുന്നതാണെന്ന ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരുടെ ഉറപ്പ് ശ്രദ്ധയിലുണ്ടോ;

(ഇ) എങ്കിൽ എന്തുകൊണ്ടാണ് ഈ ഉറപ്പ് പാലിക്കാത്തതെന്നും തടയണ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകുന്നതിൽ വീണ്ടും ഗുരുതരമായ കാലതാമസമുണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ?

<u>ഭാരതപ്പുഴയിൽ റഗുലേറ്റർ കം ബ്രിഡ്ജ്</u>

894. ശ്രീ.സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിൽ ചെങ്ങണാംകുന്ന് റഗുലേറ്റർ കം ബ്രിഡ്ജ് പണിയുന്നതിന് ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പണി ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കുന്തിപ്പുഴയിലെ തടയണ നിർമ്മാണം

895. ശ്രീ.സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്തിപ്പുഴയിൽ തിരുവേഗപ്പുറ ഭാഗത്ത് തടയണ നിർമ്മിക്കുന്നതിന് ഇൻവസ്റ്റിഗേഷൻ നടത്തി ഈ വേനലിൽ തന്നെ നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

വാടനാപ്പള്ളിയിലെ പുലിമുട്ട് നിർമ്മാണ പദ്ധതി

896. ശ്രീ.പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളിയിൽ കടലാക്രമണം തടയുന്നതിനായി പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഏത് ഏജൻസിയാണ് പഠനങ്ങൾ നടത്തുന്നത് ; പ്രസ്തുത പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മുല്ലപ്പെരിയാർ ഡാമിന്റെ സംഭരണശേഷി

897. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ നിലവിലെ സംഭരണശേഷി എത്ര അടിയാണ്;

(ബി) 140 അടിയിൽ കൂടുതൽ ജലം പ്രസ്തുത അണക്കെട്ടിൽ എത്ര ദിവസം സംഭരിച്ചു;

(സി) 140 അടിയിൽ കൂടുതൽ ജലം സംഭരിച്ചാൽ മുല്ലപ്പെരിയാർ അണക്കെട്ടിനു എന്തു സംഭവിക്കുമെന്നാണ് പഠനം വെളിപ്പെടുത്തുന്നത്;

(ഡി) സംഭരണശേഷി കുറയ്ക്കാൻ എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ്

898. ശ്രീ.എം.എ.ബേബി

,, കെ.കെ.ജയചന്ദ്രൻ

,, എസ്.രാജേന്ദ്രൻ

,, കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 136 അടിയിൽ നിലനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; സുപ്രീംകോടതി ഉത്തരവ് പ്രകാരമുള്ള മേൽനോട്ട സമിതിയുടെ ഇക്കാര്യത്തിലുള്ള നിർദ്ദേശം എന്തായിരുന്നു;

(ബി) ജലനിരപ്പ് ഉയർത്തുന്നതിലെ അപകടം മേൽനോട്ട സമിതിയേയും സുപ്രീംകോടതിയേയും ബോധ്യപ്പെടുത്തുന്നതിൽ വിജയിച്ചുവോ;

(സി) കേന്ദ്ര ജല കമ്മീഷനിലെ ഹൈഡ്രോളജി വിഭാഗം മേധാവിയുടെ ഇക്കാര്യത്തിലുള്ള അഭിപ്രായം വിശദമാക്കാമോ;

(ഡി) ജലനിരപ്പ് ഉയർത്തുന്നതിനോടൊപ്പം ചോർച്ച കൂടുന്നതും അത് മുല്ലപ്പെരിയാർ തീരങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി യായി മാറുന്നതും കടുത്ത ആശങ്കയ്ക്കിടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഡാം കേസിൽ സുപ്രീംകോടതിയുടെ പ്രതികൂലവിധിയിലും ഇപ്പോൾ ഉണ്ടായിരിക്കുന്ന അവസ്ഥയിലും ജനങ്ങൾ ആകെ ആശങ്കാകുലരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പും ജനങ്ങളുടെ ആശങ്കകളും</u>

899. ശ്രീ.എളമരം കരീം
,, രാജു എബ്രഹാം
,, കെ.സുരേഷ് കുറുപ്പ്
,, ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പുയർത്താനുള്ള സുപ്രീംകോടതി വിധിയെ തുടർന്ന് ജനങ്ങളുടെ ജീവനും സ്വത്തിനും നേരെ ഉയർന്ന ഭീഷണി പരിഗണിച്ച് പുന:പരിശോധനാ ഹർജി നൽകുമെന്ന ഉറപ്പ് പാലിച്ചോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) നാല്പതുലക്ഷത്തോളം വരുന്ന ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനം ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയത്തിന്മേൽ സർക്കാർ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാമോ;

(സി) രാഷ്ട്രീയ പരിഹാരത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; പുതിയ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ ഈ പ്രശ്നം കൊണ്ടുവന്നോ; പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>കാപ്പിത്തോടിന്റെ നവീകരണം</u>

900. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പിത്തോടിന്റെ നവീകരണം സംബന്ധിച്ച് മുഖ്യമന്ത്രി യോഗം വിളിച്ചിരുന്നോ ; യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത യോഗത്തിൽ കാപ്പിത്തോടിന്റെ നവീകരണത്തിനായി 16 കോടി രൂപയുടെ ഭരണാനുമതി നൽകാൻ തീരുമാനിച്ചിരുന്നോ ; ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

<u>കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് കനാലിൽ **KYIP-1/100** നും **69** നും ഇടയിലുള്ള പാലം</u>

901. ശ്രീ.എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായുള്ള കനാലിൽ കോഴിക്കോട് കണ്ണാടിക്കൽ കുറ്റഞ്ചേരി ക്ഷേത്രത്തിന് കിഴക്ക് ഭാഗത്ത് KYIP-1/100 നും 69 നും ഇടയിലുള്ള പാലം വീതി കൂട്ടുന്നതിന് കക്കോടി KYIP സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിവേദനം ലഭിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പാലം വീതി കൂട്ടുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

<u>നബാർഡിന്റെ **RIDF XVII-**ൽ ഉൾപ്പെട്ട പ്രോജക്ടുകൾ</u>

902. ശ്രീ.ടി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ RIDF XVII ൽ ഉൾപ്പെടുത്തിയ ജലവിഭവ വകുപ്പു മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇനിയും ആരംഭിച്ചിട്ടുണ്ടോ ; പ്രസ്തുത പ്രോജക്ടുകൾ പുതുക്കിയ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ പ്രോജക്ടിനും എത്ര രൂപ

വീതമാണ് കണക്കാക്കിയിരിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രോജക്ടുകൾക്കെല്ലാം ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കുമോ ?

<u>ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളിലെ കടലാക്രമണം</u>

903. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളിലെ കടലാക്രമണം പ്രതിരോധിക്കുന്നത് സംബന്ധിച്ച് 03.06.2014-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടിയിരുന്നോ; യോഗത്തിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കാമോ;

(ബി) ചെന്നൈ ഐ.ഐ.ടിയുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുള്ള അഞ്ച് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിരുന്നുവോ; പ്രസ്തുത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ ആയതിൻെറ കാരണവും വിശദമാക്കാമോ?

<u>കടലുണ്ടി പുഴയിൽ ആനപ്പാറ - പൊറ്റമ്മൽ കടവിൽ സ്ഥിരം തടയണ</u>

904. ശ്രീ.റ്റി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടി പുഴയിൽ കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിലെ ആനപ്പാറ - പൊറ്റമ്മൽ കടവിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഏകദേശം 20,000ത്തോളം ജനങ്ങളുടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുന്ന സ്ഥിരം തടയണ ആനപ്പാറ - പൊറ്റമ്മൽ കടവിൽ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>കിണറുകളുടെ റീചാർജ്ജിംഗ്</u>

905. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, വി.ഡി.സതീശൻ
,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിണറുകൾ റീചാർജ് ചെയ്യുന്നതിനായി പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

<u>ജലസ്രോതസ്സുകളുടെ സംരക്ഷണം</u>

906. ശ്രീ.സണ്ണി ജോസഫ്
,, എ.റ്റി.ജോർജ്
,, വർക്കല കഹാർ

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതികളുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

ജലവിഭവ സംരക്ഷണം

907. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ സംരക്ഷണത്തിന് നടപ്പിലാക്കിയ പദ്ധതികൾക്ക് ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം പദ്ധതികളുടെ പരാജയ കാരണങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ;

(ഡി) ഇത്തരം പദ്ധതികളുടെ പൂർണ്ണവിജയത്തിനായി സന്നദ്ധ സംഘടനകൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ സേവനങ്ങൾ കൂടി പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള വിതരണ പദ്ധതികൾ

908. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള വിതരണ പദ്ധതികളിൽ എത്ര പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്;

(ബി) ഈ പദ്ധതികൾക്കായി, ഏതൊക്കെ വലിപ്പത്തിലുള്ള എത്ര പൈപ്പുകൾ വാങ്ങിയിട്ടുണ്ടെന്നും അതിനു മൊത്തം എന്തു തുക ചെലവായി എന്നും വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതികൾക്കായി വാങ്ങിയതിൽ ഓരോ വലിപ്പത്തിലുമുള്ള എത്ര പൈപ്പുകൾ ഉപയോഗിച്ചിട്ടുണ്ട് ; ബാക്കി വന്നവ എത്രയെന്നും അവ എവിടെയൊക്കെ സൂക്ഷിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) പാതയോരങ്ങളിൽ സൂക്ഷിച്ചിട്ടുള്ള പൈപ്പുകൾ ഗതാഗത തടസ്സവും മറ്റു ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നതിനാൽ എത്രയും പെട്ടെന്ന് അവിടെ നിന്നും മാറ്റാൻ നിർദ്ദേശം നല്കുമോ ?

മഴവെള്ള സംഭരണികൾ

909. ശ്രീ.വി.ഡി.സതീശൻ

,, എം.എ. വാഹീദ്

,, പി.സി വിഷ്ണുനാഥ്

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലും പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

വിശദാംശങ്ങൾ നൽകുമോ?

ജലസംരക്ഷണം

910. ശ്രീ.ബെന്നി ബെഹനാൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ജോസഫ് വാഴയ്ക്കൻ
,, റ്റി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണവും പരിപാലനവും ഫലപ്രദമായി നടപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

വെള്ളക്കരം വർദ്ധന

911. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എ. പ്രദീപ്കുമാർ
,, വി.ശിവൻകുട്ടി
,, സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റ് അവതരണസമയത്ത് മുൻകൂട്ടി കാണാൻ കഴിയാതിരുന്ന എന്തു സാഹചര്യമാണ് കുടിവെള്ള വില വർദ്ധന അടിയന്തരമായി നടപ്പിലാക്കാൻ കാരണമായത്;

(ബി) ഓരോ സ്ലാബിലുമുള്ളവർക്ക് എത്ര ശതമാനം വീതമാണ് വില വർദ്ധന നടത്തിയിരിക്കുന്നതെന്നും ഇതുവഴി സമാഹരിക്കാൻ ലക്ഷ്യമിടുന്ന അധിക തുകയെത്രയാണെന്നും അറിയിക്കാമോ; വെള്ളക്കരം കുടിശ്ശിക എത്ര കോടി പിരിഞ്ഞുകിട്ടാനുണ്ട് ;

(സി) ഇപ്പോൾ വെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുണ്ടാകുന്ന പ്രതിലിറ്റർ ചെലവെത്രയെന്നും വരവ് എത്രയെന്നും അറിയിക്കാമോ;

(ഡി) അടിസ്ഥാനാവശ്യമായ കുടിവെള്ളത്തിന്റെ വിതരണം വാണിജ്യവൽക്കരിച്ച് സർക്കാർ സേവനം ഇല്ലാതാക്കാൻ ലക്ഷ്യമിടുന്നുണ്ടോഎന്ന് വ്യക്തമാക്കാമോ ?

ജല ഗുണനിലവാര പരിശോധന നടത്താൻ പദ്ധതികൾ

912. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജല ഗുണനിലവാര പരിശോധന നടത്താൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ജല അതോറിറ്റിയിലെ നിയമനം

913. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിൽ വ്യാപകമായി പിൻവാതിൽ നിയമനം നടക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പിൻവാതിൽ നിയമനം മൂലം ജല അതോറിറ്റിക്ക് വൻനഷ്ടവും, അതുവഴി ജല അതോറിറ്റിയിൽ വൻ അഴിമതിയും നടക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജല അതോറിറ്റിയിൽ എത്ര ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചുവെന്നും ഏതെല്ലാം ജില്ലയിൽ എത്ര വീതമെന്നും അറിയിക്കാമോ?

## ജല അതോറിറ്റിക്ക് പിരിഞ്ഞുകിട്ടാനുള്ള തുക

914. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് 2013-14 വർഷം വരെ പിരിഞ്ഞുകിട്ടാനുള്ള വെള്ളക്കരം എത്രയെന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശികയിൽ ഒരു കോടി രൂപയ്ക്കുമേൽ അടയ്ക്കാനുള്ളവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) 31.03.2014 വരെ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികയിൽ മൂന്നുവർഷം കഴിഞ്ഞ എത്ര കുടിശ്ശികയുണ്ടെന്നും, ആയതിൽ എത്ര കുടിശ്ശികക്കാർക്കെതിരെ റവന്യൂ റിക്കവറിക്കായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## മങ്കട മണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ളപദ്ധതി

915. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) മൂർക്കനാട് കുടിവെള്ള പദ്ധതി എന്നു കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

## അടൂർ നിയോജക മണ്ഡലത്തിലെ പ്രധാന പാതകളുടെ വശത്തുള്ള ജലവിതരണ പൈപ്പുകൾ

916. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള പ്രധാന പാതകളുടെ വശത്തുള്ള ജലവിതരണ പൈപ്പുകൾ നിരന്തരമായി പൊട്ടി ശുദ്ധജലവിതരണവും, ഗതാഗതവും സ്തംഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലഹരണപ്പെട്ട പ്രസ്തുത പൈപ്പുകൾ മാറ്റി ഡക്റ്റയിൽ അയൺ പൈപ്പുകൾ സ്ഥാപിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) പുതിയ പൈപ്പുകൾ സമയബന്ധിതമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കേരള വാട്ടർ അതോറിറ്റിയിലെ ഡിപ്പോസിറ്റ്

917. ശ്രീ.പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കഴിഞ്ഞ അഞ്ച് വർഷം കേരള വാട്ടർ അതോറിറ്റിയിൽ എത്ര തുക ഡിപ്പോസിറ്റായി നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ ;

(ബി) ഓരോ ജില്ലയിലും ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ എത്ര തുക വീതം ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ ;

(സി) ഓരോ ജില്ലയിലും എത്ര പ്രോജക്ടുകൾക്കായിട്ടാണ് തുകകൾ ഡിപ്പോസിറ്റ് ചെയ്തിട്ടുള്ളതെന്നും ഇതിൽ പൂർത്തീകരിച്ച പദ്ധതികൾ, നിർവ്വഹണത്തിലിരിക്കുന്ന പദ്ധതികൾ, നിർവ്വഹണം ആരംഭിക്കാത്ത പദ്ധതികൾ എന്നിവ എത്ര വീതമെന്ന് അറിയിക്കാമോ;

(ഡി) തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളാണ് കേരള വാട്ടർ അതോറിറ്റിയിൽ കഴിഞ്ഞ അഞ്ച് വർഷമായി തുക ഡിപ്പോസിറ്റ് ചെയ്തതെന്നും ഇതിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കാമോ ?

<u>വൻകിട ശുദ്ധജല വിതരണ പദ്ധതികൾ</u>

918. ശ്രീ.കെ.ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, പാലോട് രവി
,, അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം?

<u>നദികളും പുഴകളും പാട്ടത്തിന് നൽകുന്നത്</u>

919. ശ്രീ.സി.ദിവാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നദികളും പുഴകളും പാട്ടത്തിന് നൽകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

<u>പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി</u>

920. ശ്രീ.ടി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28.8.2014 ന് 69.32 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നറിയിക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും എത്ര കിലോമീറ്റർ പൈപ്പ് ലൈൻ ഇടാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ എന്നത്തേക്ക് കുടിവെള്ളം എത്തിക്കാൻ കഴിയുമെന്നറിയിക്കുമോ?

<u>ആദിവാസി ഊരുകളിലെ കുടിവെള്ള പദ്ധതി</u>

921. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുടിവെള്ള വിതരണത്തിനായി ഏതെല്ലാം ആദിവാസി ഊരുകളിൽ എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയതെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കുടിവെള്ള വിതരണത്തിനായി ഓരോ ഊരിലും എന്തെല്ലാം പദ്ധതിയാണ് നടപ്പാക്കിയതെന്ന്

വ്യക്തമാക്കുമോ;

(സി) അട്ടപ്പാടിയിൽ ഏതെല്ലാം ഊരുകളിൽ എത്ര രൂപയുടെ പദ്ധതികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ നിലവിലെ അവസ്ഥയെന്തെന്നും വ്യക്തമാക്കുമോ?

മണലൂർ നിയോജകമണ്ഡലത്തിലെയും ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെയും കുടിവെള്ള പദ്ധതികൾ

922. ശ്രീ.പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ നിയോജകമണ്ഡലത്തിലും ഗുരുവായൂർ മുനിസിപ്പാലിറ്റിയിലുമായി വാട്ടർ അതോറിറ്റി പൂർത്തീകരിച്ച കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്നും അവയ്ക്ക് ചെലവായ തുക എത്രയെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും അംഗീകാരം ലഭിച്ചതുമായ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ അടങ്കൽ തുക എത്രവീതമെന്നും അറിയിക്കാമോ;

(സി) മണലൂർ നിയോജകമണ്ഡലത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് അറിയിക്കാമോ?

മാവൂർ, ചാത്തമംഗലം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളവിതരണം

923. ശ്രീ.പി.റ്റി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ, ചാത്തമംഗലം ഗ്രാമപഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പമ്പിംഗ് സംവിധാനങ്ങൾ പ്രസ്തുത പഞ്ചായത്തുകളിലെ കുടിവെള്ളവിതരണത്തിന് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) 20489/B1/2014/WRD ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾ

924. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ചേർത്തല താലൂക്കിലെ മറവൻതുരുത്തിലെ പൈപ്പ് പൊട്ടൽ

925. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചേർത്തല താലൂക്കിലെ മറവൻതുരുത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും നിരന്തരം പൊട്ടി ജനങ്ങൾക്ക്ബുദ്ധിമുട്ട് ഉണ്ടാക്കുന്നതുമായ 4 കിലോമീറ്റർ ഭാഗം വരുന്ന ജി.ആർ.പി. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്നു അറിയിക്കുമോ; പൈപ്പ് പൊട്ടുന്ന സാഹചര്യം എത്ര ദിവസങ്ങൾക്കകം ശാശ്വതമായി പരിഹരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ശുദ്ധജലം ലഭിക്കുന്നതിന് വൻതുക മുടക്കി കണക്ഷനെടുക്കുകയും അഡ്വാൻസായി ഫീസടച്ച് കുടിവെള്ളത്തിന് കാത്തിരിക്കുകയും ചെയ്യുന്ന ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ജലസമ്പാദ്യ പദ്ധതി

926. ശ്രീ.ലൂഡി ലൂയിസ്
,, എം.പി.വിൻസെൻറ്
,, ഷാഫി പറമ്പിൽ
,, വി.റ്റി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസമ്പാദ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കാമോ;

(സി) ജലസംരക്ഷണത്തിനും ജലശുദ്ധീകരണത്തിനുമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

ജലാശയങ്ങളെ മാലിന്യമുക്തമാക്കാൻ പദ്ധതികൾ

927. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളെ മാലിന്യമുക്തമാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ആശുപത്രികൾ, ഹോട്ടലുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയിലെ മലിനജലം ജലാശയങ്ങളിലേക്ക് തുറന്ന് വിടുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കനോലി കനാൽ മാലിന്യമുക്തമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ സ്വീകരിച്ചുവെന്നു അറിയിക്കുമോ?

വെള്ളക്കരം വർദ്ധനവ്

928. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെള്ളക്കരം വർദ്ധനവിലൂടെ സർക്കാർ പ്രതിമാസം എത്ര അധികവരുമാനമാണ് പ്രതീക്ഷിക്കുന്നത്; വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശികയിനത്തിൽ എത്ര തുക ലഭിക്കാനുണ്ട് ; വ്യക്തമാക്കാമോ?

കുപ്പിവെള്ള ഫാക്ടറി

929. ശ്രീ.എ.എ.അസീസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കീഴിൽ കുപ്പിവെള്ള വിതരണത്തിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയാണ് കുപ്പിവെള്ള ഫാക്ടറി സ്ഥാപിക്കുന്നത്;

(സി) നിർമ്മാണ പ്രവൃത്തികൾ ഏതുവരെയായി;

(ഡി) ഫാക്ടറി എന്നത്തേയ്ക്ക് പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിലെ പുതിയ കുടിവെള്ള പദ്ധതി

930. ശ്രീ.ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന കരവാരം, നാഗരൂർ, പുളിമാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പുതിയ കുടിവെള്ള പദ്ധതി തയ്യാറാക്കുന്നതിന് KWA പ്രോജക്ട് വിഭാഗം

നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ എല്ലാവിധ സഹായവും വാഗ്ദാനം നൽകിയിട്ടുണ്ട്, ഈ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; എത്ര ഭാഗങ്ങളിൽ സ്ഥലം എടുത്തെന്നതും വിശദമാക്കാമോ?

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പിൻെറ പദ്ധതികൾ</u>

931. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ജലവിഭവ വകുപ്പ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തികളുടെയും പേര്, അടങ്കൽത്തുക, പ്രവൃത്തികളുടെ പുരോഗതി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് മണ്ഡലത്തിൽ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ?

<u>കണ്ടല്ലൂർ കുടിവെള്ളപദ്ധതി</u>

932. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11-ൽ ഭരണാനുമതി ലഭിച്ച, തീരദേശവികസന കോർപ്പറേഷനിൽ നിന്നും 120 ലക്ഷം രൂപ വിനിയോഗിച്ചു നടപ്പിലാക്കുന്ന കണ്ടല്ലൂർ കുടിവെള്ളപദ്ധതിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ;

(ബി) കുടിവെള്ളക്ഷാമം രൂക്ഷമായ ഈ പ്രദേശത്ത് പ്രസ്തുത പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>കരിവെള്ളൂർ-പെരളം -പുത്തൂർ കുടിവെള്ള പദ്ധതി</u>

933. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കരിവെള്ളൂർ-പെരളം പഞ്ചായത്തിലെ പുത്തൂർ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>വേനൽക്കാലത്ത് ശുദ്ധജല വിതരണം സുഗമമാക്കുന്നതിന് നടപടി</u>

934. **ശ്രീ.സി.കെ.നാണു**

**,,** ജോസ് തെറ്റയിൽ

**ശ്രീമതി.**ജമീല പ്രകാശം

**ശ്രീ.**മാത്യു റ്റി.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് ശുദ്ധജല വിതരണം നടത്തുന്ന മേഖലകളിലെ നദികളിൽ ഉപ്പുവെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്ഥലങ്ങളിൽ തടയണ കെട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ എവിടെ എല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>മിഷൻ **676** ൽ ഉൾപ്പെടുത്തി എല്ലാവർക്കും കുടിവെള്ളം</u>

935. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, അൻവർ സാദത്ത്

,, ബെന്നി ബെഹനാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി എല്ലാവർക്കും കുടിവെള്ളം ലഭിക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത പദ്ധതി മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) ഈ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>**MIRPA-**ചിറ്റാരികടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി</u>

936. ശ്രീ.കെ. ദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ MIRPA-ചിറ്റാരികടവ് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ ഭരണാനുമതിക്കായുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് സർക്കാർ തയ്യാറാക്കിയ പ്രപ്പോസലിൽ ഈ പദ്ധതി ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) പദ്ധതിക്ക് നബാർഡിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ?

<u>കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത</u>

937. ശ്രീ.പി.കെ.ഗുരുദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാതപദ്ധതിയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിച്ചെലവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) കൊല്ലം തോടിന്റെ ഭാഗത്ത് താമസിച്ചിരുന്നവരുടെ പുനരധിവാസ പദ്ധതി പൂർത്തിയായ സാഹചര്യത്തിൽ കൊല്ലം - കോവളം ജലപാതയുടെ നിർമ്മാണം ഉടനെ ആരംഭിക്കുമോ?

<u>ക്ഷേമനിധി ആനുകൂല്യങ്ങൾ</u>

938. ശ്രീ.സണ്ണി ജോസഫ്

,, എം.എ. വാഹീദ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ആനുകൂല്യങ്ങൾ ആധാർ അധിഷ്ഠിത ബാങ്ക് വഴി വിതരണം ചെയ്യുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനം വഴിയുള്ള ആനുകൂല്യങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

<u>കയറ്റിറക്ക് കൂലി പോസ്റ്റ് ഓഫീസ്, അക്ഷയ കേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് നടപടി</u>

939. ശ്രീ.ഡൊമിനിക് പ്രസൻറേഷൻ

,, അൻവർ സാദത്ത്

,, വി.റ്റി.ബൽറാം

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ട് തൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി, പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയ കേന്ദ്രം എന്നിവ വഴി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനുള്ള അനുമതി തൊഴിൽ വകുപ്പ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിനുള്ള തുടർ നടപടികൾ ആരാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>അടച്ചുപൂട്ടിയ ബാറുകളിലെ തൊഴിലാളികൾ</u>

940. ശ്രീ.ഇ.ചന്ദ്രശേഖരൻ

,, വി.എസ്.സുനിൽ കുമാർ

,, പി.തിലോത്തമൻ

ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചുപൂട്ടിയ ബാറുകളിലെല്ലാം കൂടി രജിസ്റ്റർ ചെയ്ത എത്ര തൊഴിലാളികളുണ്ട്;

(ബി) ഇത്തരം ബാറുകളിൽ അനുബന്ധ തൊഴിലാളികളുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ;

(സി) ബാർ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) അനുബന്ധ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം സ്വീകരിച്ച പദ്ധതികൾ വിശദമാക്കുമോ?

<u>പത്ര ജീവനക്കാരുടെ ശമ്പള കമ്മീഷൻ ശിപാർശകൾ</u>

941. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ര ജീവനക്കാരുടെ ശമ്പളകമ്മീഷൻ ശിപാർശകൾ നടപ്പാക്കുന്നതിൽ വിമുഖത കാണിക്കുന്ന പത്രമാനെജ്മെന്റിന്റെ പ്രവർത്തനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പത്ര വ്യവസായത്തിലെ ശമ്പള പരിഷ്കരണത്തിനുള്ള മജീദിയ വേജ് ബോർഡ് ശിപാർശകൾ അട്ടിമറിക്കുന്ന പത്രമുടമയ്ക്ക് തൊഴിൽ വകുപ്പ് കൂട്ടുനിൽക്കുന്നതായ പത്രപ്രവർത്തക യൂണിയന്റെ ആരോപണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) വൻതോതിൽ വരുമാനവും ലാഭവുമുള്ള പത്രസ്ഥാപനങ്ങൾ പോലും ശമ്പളകമ്മീഷൻ ശിപാർശകൾ

നടപ്പാക്കാതെ തൊഴിലാളി വിരുദ്ധ നടപടികൾ ശക്തമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഭേദഗതി

942. ശ്രീ.കെ.വി.അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെന്റ് ആക്ടിൽ ഭേദഗതി വരുത്തി സർക്കാർ ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ജീവനക്കാർക്ക് അവധി, താമസ സൗകര്യങ്ങൾ, പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ,ആവശ്യമായ വിശ്രമം അനുവദിക്കൽ എന്നീ കാര്യങ്ങളിൽ നിയമ ഭേദഗതിക്ക് ശേഷം എന്തെങ്കിലും പുരോഗതി കൈവന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ?

(സി) നിയമം നിലവിൽ വന്നതിനു ശേഷവും നിയമ വ്യവസ്ഥകൾ പാലിക്കാത്ത ഏതെങ്കിലും സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എതിരെയാണ് നടപടികൾ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

തോട്ടം തൊഴിലാളികളുടെ ശമ്പള വർദ്ധനവ്

943. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടം തൊഴിലാളികളുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച് പി.എൽ.സി. ചേരുകയുണ്ടായോ ; വിശദമാക്കുമോ ;

(ബി) തോട്ടം തൊഴിലാളികൾക്ക് ശമ്പള വർദ്ധനവ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) തോട്ടം തൊഴിലാളികൾക്ക് ശമ്പളം വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

തൊഴിൽ മേഖലയിലെ മിനിമം കൂലി

944. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേജസ് പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ മേഖലകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മിനിമം കൂലി പുതുക്കി നിശ്ചയിച്ച തൊഴിൽ മേഖലകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഏതെങ്കിലും തൊഴിൽ മേഖലയെ പുതിയതായി മിനിമം കൂലിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മിനിമം കൂലി പുതുക്കാൻ കാലാവധി പൂർത്തിയായ തൊഴിൽമേഖലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തൊഴിൽ മേഖലകളുടെ മിനിമം കൂലി പുതുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

തൊഴിൽ വകുപ്പിന്റെ പദ്ധതിച്ചെലവ്

945. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷം നാളിതുവരെയുള്ള പദ്ധതിച്ചെലവ് സംബന്ധിച്ച വിശദമായ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) തൊഴിൽ വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ചെലവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പ്രസ്സ് തൊഴിലാളികളുടെ ക്ഷേമം

946. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസ്സ് തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്സ് തൊഴിലാളികൾക്ക് ഒരു ഐ.ആർ. സി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ;

(സി) പ്രസ്സ് തൊഴിലാളികൾക്ക് ക്ഷേമനിധി കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ

947. ശ്രീ.റ്റി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ:

(ബി) എങ്കിൽ ഏതെല്ലാം പുതിയ തസ്തികകളാണ് സൃഷ്ടിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കശുവണ്ടി തൊഴിലാളികളുടെ വേതനം

948. ശ്രീ.പി.കെ.ഗുരുദാസൻ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.സി.കെ സദാശിവൻ
,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിലാളികളുടെ വേതനം പരിഷ്കരിച്ചിട്ട് എത്ര കാലമായി എന്നറിയിക്കാമോ;

(ബി) വ്യവസായികളുടെ താല്പര്യസംരക്ഷണാർത്ഥം സർക്കാർ അലംഭാവം പുലർത്തുന്നതാണ് മിനിമം വേതനം പുതുക്കുന്നതിനും ഡി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനും തടസ്സമായിരിക്കുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(സി) വർദ്ധിച്ച ജീവിത ചെലവു പരിഗണിച്ച് അടിയന്തിരമായി മിനിമം വേതനം പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി

949. ശ്രീ.കെ.രാജു
,, ഇ.ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി അവസാനമായി പുതുക്കി നിശ്ചയിച്ചതെന്നാണ്; ഇത് പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവിതച്ചെലവിനനുസൃതമായി അഞ്ചു വർഷത്തിലൊരിക്കൽ മിനിമം കൂലി പുതുക്കണമെന്ന വ്യവസ്ഥയുണ്ടോ, എങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

തൊഴിലാളി ക്ഷേമനിധിബോർഡുകൾ തകരുന്നത് ഒഴിവാക്കുവാൻ നടപടി

950. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി ക്ഷേമനിധിബോർഡുകൾ ഓരോന്നായി തകർച്ച നേരിടുന്ന അവസ്ഥയിൽ പ്രതിഷേധിച്ച് എസ്. റ്റി. യു. തുടങ്ങിയ സംഘടനകൾ രംഗത്തുവരുവാൻ ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) തൊഴിലവകാശങ്ങൾ നിഷേധിക്കുകയും അസംഘടിത തൊഴിൽ മേഖലയും തൊഴിലാളിക്ഷേമ ബോർഡുകളും നിർജ്ജീവമാക്കുകയും ചെയ്യുന്നത് ഗുരുതരമായ ഭവിഷ്യത്തുകൾ ക്ഷണിച്ചു വരുത്തുമെന്നത് മനസ്സിലായിട്ടുണ്ടോ;

(സി) എങ്കിൽ, പ്രസ്തുത നിലപാട് തിരുത്താൻ തയ്യാറാകുമോ?

ഒറ്റപ്പാലം എലമ്പുലാശ്ശേരിയിൽ ഐ.റ്റി.ഐ.

951. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ എലമ്പുലാശ്ശേരിയിൽ ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിലേയ്ക്കായി സാദ്ധ്യതാപഠനം നടത്തുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; പ്രസ്തുത ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചുവോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്തെ പേപ്പർ മിൽ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ചു നൽകുന്നതിന് നടപടി

952. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പേപ്പർ മിൽ തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ മിനിമം കൂലി നിശ്ചയിച്ചു നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ

953. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലി തേടിയെത്തുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിന്റെ

രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കേരളത്തിൽ നിലവിൽ ഓരോ ജില്ലയിലും ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കൃത്യമായ കണക്ക് വകുപ്പിന്റെ പക്കൽ ഉണ്ടോ; എങ്കിൽ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇവരെ തൊഴിലിനായി കൊണ്ടുവരുന്ന കരാറുകാർക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

<u>അന്യസംസ്ഥാന തൊഴിലാളികൾ</u>

954. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തൊഴിലാളികളെന്ന ഭാവത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് മോഷ്ടാക്കളും തീവ്രവാദികളും മറ്റും കേരളത്തിൽ എത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരക്കാരെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികളുടെ സമഗ്രമായ വിവരം ശേഖരിച്ച് സൂക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>അന്യസംസ്ഥാന തൊഴിലാളികൾ വൃത്തിഹീനമായ അന്തരീക്ഷത്തിൽ താമസിക്കുന്ന സാഹചര്യം</u>

955. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾ വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് താമസിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മതിയായ താമസ സൗകര്യങ്ങൾ ഒരുക്കാതെ തൊഴിലാളികളെ താമസിപ്പിച്ച് പണിയെടുപ്പിക്കുന്ന കരാറുകർക്കെതിരെ നടപടി സ്വീകരിക്കുമോ ?

<u>താൽക്കാലിക ജീവനക്കാർക്ക് ശമ്പളത്തോടു കൂടിയ പ്രസവാവധി</u>

956. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷത്തെ കാലയളവിനുള്ളിൽ 80 ദിവസത്തിൽ കുറയാതെ ജോലി ചെയ്തിട്ടുണ്ടെങ്കിൽ താൽക്കാലിക ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയ പ്രസവാവധിക്ക് അർഹതയുണ്ട് എന്ന മനുഷ്യാവകാശ കമ്മീഷന്റെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിധി അനുസരിച്ചുള്ള ആനുകൂല്യം നല്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>കഞ്ചിക്കോട് വ്യവസായമേഖലയിലെ തൊഴിലാളികൾ</u>

957. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായമേഖലയിൽ എത്ര സ്ഥാപനങ്ങൾ ഉണ്ട്;

(ബി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളിൽ എത്ര തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്; ഓരോ സ്ഥാപനത്തിലേതും പ്രത്യേകം പറയാമോ;

(സി) ഓരോ വ്യവസായ സ്ഥാപനത്തിലും സ്ത്രീത്തൊഴിലാളികൾ എത്ര , പുരുഷത്തൊഴിലാളികൾ എത്ര എന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം വ്യവസായസ്ഥാപനങ്ങളിൽ അന്യസംസ്ഥാനത്തൊഴിലാളികൾ ജോലി ചെയ്തുവരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ഇ) കഞ്ചിക്കോട് വ്യവസായമേഖലയിലെ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനും, ജീവൻെറ സുരക്ഷയ്ക്കും വേണ്ടി ഏതെല്ലാം നിയമങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്; വിശദാംശം നൽകാമോ;

(എഫ്) നിലവിലെ നിയമപ്രകാരം തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിനായി എന്തെല്ലാം കരുതൽനടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുവെന്ന വിശദമാക്കാമോ;

(ജി) നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാമാനദണ്ഡങ്ങൾ വ്യവസായസ്ഥാപനങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; തൊഴിൽവകുപ്പ് കഞ്ചിക്കോട് വ്യവസായമേഖലയിൽ പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്താറുണ്ടോ; ഉണ്ടെങ്കിൽ, എന്തെല്ലാം നടത്തി; ഏതെല്ലാം സ്ഥാപനങ്ങളിൽ നടത്തിയെന്നും, എന്തെല്ലാം കണ്ടെത്തലുകൾ ഉണ്ടായി എന്നും വ്യക്തമാക്കുമോ; പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ നീക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ; ഇ.എസ്.ഐ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിച്ചുവരുന്ന എത്ര തൊഴിലാളികൾ കഞ്ചിക്കോട് വ്യവസായമേഖലയിൽ ജോലി ചെയ്തുവരുന്നു എന്നതിൻെറ വിശദാംശം സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

## തൊഴിലാളികളുടെ ക്ഷാമബത്ത

958\. പ്രൊഫ.സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ ക്ഷാമബത്ത കണക്കാക്കുന്നതിലെ അടിസ്ഥാന സൂചികയിലെ അപാകത പരിഹരിക്കുന്നതിന് മുൻ എൽ. ഡി. എഫ്. സർക്കാർ രൂപീകരിച്ച ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും, വിദഗ്ധരുടെയും കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഭക്ഷ്യധാന്യങ്ങളുടെയും, പച്ചക്കറി, പാൽ തുടങ്ങിയവയുടെയും യഥാർത്ഥ വിലനിലവാരം ക്ഷാമബത്ത കണക്കാക്കുമ്പോൾ പരിഗണിച്ച് നിലവിലെ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;വിശദവിവരം ലഭ്യമാക്കുമോ ?

## പ്ലയ്സ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി

959\. ശ്രീ.വി.ഡി.സതീശൻ

,, വർക്കല കഹാർ

,, തേറമ്പിൽ രാമകൃഷ്ണൻ

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലയ്സ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.റ്റി.ഐ.കളിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയിൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) സംസ്ഥാനത്തെ എല്ലാ ഐ .റ്റി.ഐ.കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>കർഷകത്തൊഴിലാളിക്ഷേമ നിധിയിൽ നിന്നുള്ള വിവാഹ ധനസഹായം</u>

960. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളിക്ഷേമ നിധിയിൽ അംഗങ്ങളായവരുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി എത്ര രൂപ വീതമാണ് ക്ഷേമനിധി ബോർഡിൽ നിന്നും നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഏതു വർഷംവരെ വിതരണം ചെയ്തിട്ടുണ്ടെന്നും എത്ര അപേക്ഷകളിൽ ധനസഹായം വിതരണം ചെയ്യുവാൻ ബാക്കിയുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(സി) വിവാഹ ധനസഹായമായി നൽകുന്ന തുക വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഐ.ടി.ഐ.-കളിൽ വെർച്ച്വൽ ക്ലാസ്സ് റൂം</u>

961. **ശ്രീ.പാലോട് രവി**

**,,** എ.റ്റി.ജോർജ്

**,,** ലൂഡി ലൂയിസ്

**,,** ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളിൽ വെർച്ച്വൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വെർച്ച്വൽ ക്ലാസ്സ് റൂമിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) വെർച്ച്വൽ ക്ലാസ്സ് റൂമിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത്; വിശദമാക്കുമോ?

<u>ശരണ്യ പദ്ധതി</u>

962. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരണ്യ പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചു ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കുവാനുണ്ട്; പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

<u>അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ്</u>

963. **ശ്രീ.എം.പി.വിൻസെൻറ്**

**,,** പി.സി വിഷ്ണുനാഥ്

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അക്കാഡമിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത സ്ഥാപനം വഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്;

(ഡി) പ്രസ്തുത അക്കാഡമി ഏതെല്ലാം തൊഴിൽ മേഖലകളിലാണ് പദ്ധതികൾ നടപ്പിലാക്കിയത്; വിശദാംശങ്ങൾ നൽകുമോ?

<u>മാറഞ്ചേരി ഐ .ടി .ഐ കെട്ടിടം പണിയുന്നതിന് നടപടി</u>

964. ശ്രീ.പി.ശ്രീരാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറഞ്ചേരി ITI യ്ക്ക കെട്ടിടം പണിയുന്നതിനായി മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ സ്ഥലം തൊഴിൽ വകുപ്പിന് വിട്ടുതന്നുകൊണ്ട് പഞ്ചായത്ത് വകുപ്പ് ഉത്തരവിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ITIയ്ക്ക് കെട്ടിടം പണിയുന്നതിന് ബഡ്ജറ്റിൽ തുകവകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുക; ഏത് വർഷത്തിൽ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ITIയ്ക്ക് കെട്ടിടം പണിയുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് വിട്ടുകൊടുത്ത സ്ഥലത്ത് MLA ഫണ്ടിൽ നിന്നും പണി പൂർത്തീകരിച്ച കെട്ടിടത്തിലേക്ക് ഒരു ട്രേഡെങ്കിലും മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ടക്ചർ ആന്റ് കൺസ്ട്രക്ഷൻ</u>

965. ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തർദേശീയ നിലവാരത്തിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ടക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ ഉദ്ദേശ്ശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>മൊറയൂരിൽ പുതിയ ഐ .ടി.ഐ</u>

966. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മൊറയൂരിൽ പുതിയ ഐ .ടി.ഐ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>പുഴക്കാട്ടിരി ഗവൺമെന്റ് ഐ ടി.ഐ -യ്ക്ക് കെട്ടിടം</u>

967. ശ്രീ.റ്റി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന പുഴക്കാട്ടിരി ഗവൺമെന്റ് ഐ .ടി.ഐ .ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് ഗ്രാമ വികസന വകുപ്പ് വിട്ട് നൽകിയ രണ്ടേക്കർ ഭൂമി ഏറ്റെടുക്കുന്നതിന് തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

നൈപുണ്യം സമ്മിറ്റ് **- 2014**

968. ശ്രീ.ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ മേൽനോട്ടത്തിൽ നൈപുണ്യം സമ്മിറ്റ് - 14 സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ പുതുതായി ആരംഭിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പരിപാടിയിൽ പരിഗണിക്കുന്നതിലേക്കായി ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും അപേക്ഷ ലഭിച്ചിരുന്നുവോ; എങ്കിൽ അപേക്ഷ പരിഗണിച്ച് എന്തെങ്കിലും മേൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

മിഷൻ **676-**സ്കിൽ ഡെവലപ്മെൻറ് പദ്ധതികൾ

969. ശ്രീ.ആർ **.** സെൽവരാജ്

**,,** ഡൊമിനിക് പ്രസൻറേഷൻ

**,,** വി.റ്റി.ബൽറാം

**,,** ജോസഫ് വാഴയ്ക്കൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി സ്കിൽ ഡെവലപ്മെൻറ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

ബിവറേജസ് ഔട്ട് ലറ്റുകൾ പൂട്ടിയത് മൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ നടപടി

970. ശ്രീ.ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവൃത്തിച്ചുവന്നിരുന്ന ബാറുകളും, ബിവറേജസ് ഔട്ട്ലറ്റുകളും അടച്ചിട്ടിരിക്കുക വഴി സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെട്ടവരുടെ കണക്കുകൾ തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടുണ്ടോ ; ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത രീതിയിൽ തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ?

പ്രവർത്തന ക്ഷമമല്ലാത്ത തോട്ടങ്ങളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

971. ശ്രീ.പി.കെ.ബഷീർ

**,,** എൻ. ഷംസുദ്ദീൻ

**,,** എം.ഉമ്മർ

**,,** പി.ബി. അബ്ദുൾ റസാക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) കാര്യക്ഷമമായ പ്രവർത്തനമില്ലാത്തതോ, പ്രവർത്തനം മുടങ്ങിയതോ ആയ എസ്റ്റേറ്റുകളെ സംബന്ധിച്ച വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇത്തരം തോട്ടങ്ങളിലെ തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പ് വരുത്താനും, മിനിമം ജീവിത സാഹചര്യങ്ങൾ ലഭ്യമാക്കാനും ഉതകുംവിധമുള്ള നയരൂപീകരണം നടത്തുമോ ; മന:പൂർവ്വം തൊഴിലാളി ദ്രോഹം നടത്തുന്ന തോട്ടങ്ങൾ ഏറ്റെടുക്കാനും നിലനിർത്താനും ആവശ്യമായ സംവിധാനം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ?

<u>മലയാളികളായ നഴ്സുമാരുടെ പുനരധിവാസം</u>

972. ശ്രീ.കോടിയേരി ബാലകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലെ ആഭ്യന്തരസംഘർഷംമൂലം തൊഴിൽ നഷ്ടപ്പെട്ട എത്ര മലയാളികളായ നഴ്സുമാരെയും പാരാമെഡിക്കൽ വിഭാഗത്തിൽ ജോലി ചെയ്യുന്നവരെയും തിരിച്ചെത്തിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവരുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(സി) ഇതിനായി ഇതിനകം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിൽ എത്രപേർക്ക് എവിടെയൊക്കെ ഇതിനകം തൊഴിൽ ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

<u>ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ</u>

973. ശ്രീ.ജോസഫ് വാഴയ്ക്കൻ

**,,** എ.പി.അബ്ദുള്ളക്കുട്ടി

**,,** ബെന്നി ബെഹനാൻ

**,,** ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കോളേജ് തുടങ്ങുന്നതിന് ആവശ്യമായ സ്ഥലവും മൂലധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

<u>ചേർത്തല ഇ.എസ്.ഐ. ആശുപത്രിയിൽ രോഗികൾക്കുള്ള ബുദ്ധിമുട്ട്</u>

974. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനായിരത്തിൽ താഴെ രോഗികൾമാത്രം രജിസ്റ്റർ ചെയ്തിട്ടുള്ള ആലപ്പുഴ ഇ.എസ്.ഐ ലോക്കൽ ഓഫീസിന്റെ കീഴിൽ രോഗികളെ പരിശോധിക്കുന്നതിനും അവരുടെ സേവനത്തിനും മൂന്നിൽ കൂടുതൽ ഡോക്ടർമാരും ജീവനക്കാരും ഉള്ളപ്പോൾ പതിനായിരത്തിലധികം രോഗികൾകൾ രജിസ്റ്റർ ചെയ്ത ഇ.എസ്.ഐ യുടെ സേവനം നേടാനുള്ള ചേർത്തലയിൽ ഡോക്ടമാരെയും ജീവനക്കാരെയും കുറച്ച് അനുവദിച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്നു പറയാമോ; ഈ പോരായ്മ പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ചേർത്തല ഇ.എസ്.ഐ. ആശുപത്രിയിൽ രോഗികൾക്ക് നിൽക്കാൻ പോലും ഇടമില്ലാത്ത വിധം ബുദ്ധിമുട്ട് അനുഭവിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്നു പറയാമോ; ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കുമോ?

## <u>ചേർത്തല ഇ.എസ്.ഐ. ആശുപത്രി</u>

975. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കേണ്ട രോഗികൾക്ക്ചേർത്തല ഇ.എസ്.ഐ ആശുപത്രിയിൽ നിന്നും ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ലെന്നും, ഡോക്ടറുടെ നിർദ്ദേശപ്രകാരം പുറത്തുനിന്നും വിലകൊടുത്ത് മരുന്നുവാങ്ങി ബിൽ സമർപ്പിച്ചാലും ബിൽ തുകയുടെ പകുതിപോലും തൊഴിലാളിക്ക് സർക്കാർ നൽകുന്നില്ല എന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഈ പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; രോഗികൾക്കാവശ്യമായ എല്ലാ മരുന്നുകളും ആശുപത്രിയിൽ നിന്നും നൽകാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇ.എസ്.ഐ. ആശുപത്രികളിൽ ലാബ് പരിശോധനകൾക്ക് സൗകര്യമില്ലാത്തതിനാൽ പുറത്തുള്ള സ്ഥാപനങ്ങളെ സമീപിക്കുന്ന രോഗികളായ തൊഴിലാളികൾക്ക് ലാബ് ടെസ്റ്റുകളുടെ മുഴുവൻ തുകയും നൽകാതിരിക്കുന്നത് ഇൻഷുറൻസ് നിയമത്തിന് വിരുദ്ധമല്ലേ; ഇത് അടിയന്തിരമായി പരിഹരിക്കുമോ ; വിശദവിവരം നൽകുമോ ?

## <u>ചേർത്തല ഇ.എസ്.ഐ. ആശുപത്രി</u>

976. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല ഇ.എസ്.ഐ. ആശുപത്രിയുടെ സൗകര്യക്കുറവുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; എത്ര കാലമായി ഇതിനു വേണ്ട നടപടികൾ ആരംഭിച്ചിട്ട് എന്നു പറയാമോ; പുതിയ സൗകര്യപ്രദമായ വാടക കെട്ടിടം ചേർത്തല ടൗണിൽ ലഭിക്കുന്നതിനുള്ള അന്വേഷണം ഏതു വരെയായി എന്നു പറയാമോ;

(ബി) ചേർത്തല ടൗണിന് അധികം ദൂരെയല്ലാത്ത വിധം സ്വന്തമായി സ്ഥലം വാങ്ങി സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുവാൻ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തത്എന്ന് വ്യക്തമാക്കാമോ ; ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

## <u>സ്കൂൾ കലോൽസവങ്ങളിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം</u>

977. ശ്രീ.വി.പി.സജീന്ദ്രൻ
,, ഐ.സി.ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും

വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്ന് മുതലാണ് ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയത്;

(സി) ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകി; വിശദമാക്കുമോ;

(ഡി) ജില്ലാതല സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് കൂടി ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ?

<u>പട്ടികജാതി കോളനികളിൽ വിജ്ഞാൻവാടി</u>

978. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളിൽ വിജ്ഞാൻവാടി ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതിയിൽ വിജ്ഞാൻവാടി പദ്ധതി കൂടി ഉൾപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ?

<u>എസ്.സി. വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ കൾ</u>

979. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ഐ.ടി.ഐ. കൾ പ്രവർത്തിക്കുന്നുണ്ട്; ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) നിലവിൽ ഈ സ്ഥാപനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് എൻ.സി.വി.റ്റി. നൽകുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് ലഭിക്കാറുണ്ടോ;

(സി) ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് നിഷ്കർഷിക്കുന്ന സൗകര്യങ്ങൾ നിലവിൽ ഈ സ്ഥാപനങ്ങളിലുണ്ടോ;

(ഡി) രണ്ട് ട്രേഡ് ഉള്ള സ്ഥാപനങ്ങളിൽ ഡി.ജി.ഇ.റ്റി.നിഷ്കർഷിച്ചിട്ടുള്ള സൗകര്യങ്ങൾ, തസ്തികകളുടെ എണ്ണം എന്നിവ എപ്രകാരമാണ്; പ്രസ്തുത സൗകര്യങ്ങൾ ഉള്ള എത്ര സ്ഥാപനങ്ങൾ നിലവിലുണ്ട്; അവയുടെ വിശദാംശങ്ങൾ നൽകുമോ;

(ഇ) എസ്.സി. വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ. കളിൽ നിലവിലുള്ള അപര്യാപ്തതകൾ പരിഹരിച്ച് എൻ.സി.വി.റ്റി. യുടെ അംഗീകാരം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>എൻ.ജി.ഒ. കൾ മുഖേന നടത്തുന്ന പദ്ധതികൾ</u>

980. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പദ്ധതികളാണ് എൻ.ജി.ഒ. കൾ മുഖേന നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ;

(ബി) ഇതുസംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ബന്ധപ്പെട്ട ഉത്തരവുകളുടെയും പദ്ധതി നൽകിയ എൻ.ജി.ഒ. കളുടെയും വിശദവിവരം നൽകുമോ; വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ദേശീയ പട്ടികജാതി കമ്മീഷൻ സന്ദർശനവും ശുപാർശകളും

981. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സന്ദർശനം നടത്തിയ ദേശീയ പട്ടികജാതി കമ്മീഷന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും ശുപാർശകൾ കമ്മീഷൻ സർക്കാരിന് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ശുപാർശകളാണ് കമ്മീഷൻ സർക്കാരിന് നൽകിയത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ശുപാർശകൾ നടപ്പാക്കാൻ എന്തെങ്കിലും നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾ അനുഭവിക്കുന്ന ഏതെങ്കിലും പ്രശ്നത്തെ സംബന്ധിച്ച് കമ്മീഷൻ കേന്ദ്ര ഗവൺമെന്റിന് ശുപാർശ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങൾ അനുഭവിക്കുന്ന ഏതെല്ലാം പ്രശ്നങ്ങളെ സംബന്ധിച്ച് സംസ്ഥാന സർക്കാർ കമ്മീഷനോട് വിശദീകരണം നൽകിയെന്ന് വ്യക്തമാക്കുമോ?

മുഖാരി - മുഹരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്

982. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖാരി - മുഹരി സമുദായത്തെ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി വർഷങ്ങളായി ആവശ്യപ്പെട്ടിട്ടും പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഇവരെ ഒ.ബി.സി. യിൽ ഉൾപ്പെടുത്തുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ചേലക്കര മണ്ഡലത്തിലെ തിരുവല്ലാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി

983. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ തിരുവല്ലാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽ നിന്നും പട്ടികജാതി വികസന വകുപ്പിന് കൈമാറ്റം ചെയ്തു കിട്ടുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) മോഡൽ റസിഡൻഷ്യൽ സ്കൂളിന് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ഈ വർഷം തന്നെ ആരംഭിക്കുന്നതിനുവേണ്ടി പ്രസ്തുത ഭൂമി എത്രയുംവേഗം കൈമാറ്റം ചെയ്തുകിട്ടാൻ നടപടികൾ സ്വീകരിക്കുമോ?

സ്വാശ്രയ അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പട്ടിക ജാതി - ഒ.ബി.സി., ഒ.ഇ.സി വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ

984. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര പട്ടിക ജാതി - ഒ.ബി.സി., ഒ.ഇ.സി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ, കോളേജുകൾ, സ്കൂളുകൾ എന്നിവയിൽ പഠിക്കുന്ന പട്ടിക ജാതി - ഒ.ബി.സി., ഒ.ഇ.സി വിഭാഗത്തിന് സ്റ്റൈപന്റ് ലംസം ഗ്രാന്റ്, സ്കോളർഷിപ്പ് എന്നിവ നൽകാൻ എന്തു തുക ആവശ്യമായി വരുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ ഈ ആവശ്യത്തിനായി എന്തു തുക നീക്കി വച്ചെന്നും ഇതിനകം എന്തു തുക വിതരണം ചെയ്തെന്നും, എന്ത് തുക കുടിശ്ശികയുണ്ടെന്നും വിശദമാക്കാമോ?

<u>പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>

985. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂളിന് 2014-15സാമ്പത്തിക വർഷത്തിൽ എത്ര കംപ്യൂട്ടറുകൾ അനുവദിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) അതിൽ എത്ര എണ്ണം സ്കൂളിന് ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

<u>വൈപ്പിൻ മണ്ഡലത്തിലെ പട്ടികജാതി വികസനം</u>

986. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈപ്പിൻ മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് ഏറ്റെടുത്തിട്ടുള്ള വികസന പദ്ധതികൾ ഏതെല്ലാമാണ് ; ഇതിന് എത്ര തുക അനുവദിച്ചെന്ന് വ്യക്തമാക്കുമോ?

<u>പട്ടികജാതി കോളനി നവീകരണം</u>

987. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കോളനികളിൽ എന്തൊക്കെ വികസനപ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിടുന്നത്?

<u>പട്ടികജാതി ക്ഷേമ വകുപ്പ് വഴി ആനുകൂല്യങ്ങൾ</u>

988. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി ക്ഷേമ വകുപ്പ് വഴി എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നത് ; പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കുമോ ; അപേക്ഷാ ഫാമുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

<u>പട്ടികജാതി വികസന വകുപ്പുവഴി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ</u>

989. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് വഴി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) പട്ടികജാതി പിന്നോക്ക ക്ഷേമത്തിനായി വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളിൽ ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനി ഏതൊക്കെ പദ്ധതികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

പട്ടികജാതി ക്ഷേമ വകുപ്പിന്റെ മാവേലിക്കര നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

990. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ വകുപ്പ് മാവേലിക്കര നിയോജക മണ്ഡലത്തിൽ 2011-12, 2012-13, 2013-14 വർഷങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ; 2014-15 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന വികസന പ്രവർത്തികളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ വ്യകത്മാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പട്ടികജാതിക്ഷേമ വകുപ്പിൽ നിന്നും മാവേലിക്കര മണ്ഡലത്തിൽ വിതരണം ചെയ്ത ദിരിതാശ്വാസ-ചികിത്സാസഹായ നിധിയുടെ വിശദാംശങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ വ്യക്തികളുടെ മേൽവിലാസമടക്കം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർഅധികാരമേറ്റശേഷം പട്ടികജാതിക്ഷേമ വകുപ്പിൽ നിന്നും മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച വീടുകളുടെയും, സ്ഥലം വാങ്ങുന്നതിന് ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വ്യക്തമമാക്കുമോ?

സ്വന്തമായി സ്ഥലവും വീടുമില്ലാത്ത പട്ടികജാതി വിഭാഗക്കാർ

991. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലവും വീടുമില്ലാത്ത പട്ടികജാതി വിഭാഗക്കാരുടെ കണക്ക് 2009-10 ലെ കിലയുടെ റിപ്പോർട്ടനുസരിച്ച് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2010-11, 2011-12, 2012-13 വർഷങ്ങളിൽ ഈ വിഭാഗക്കാർക്ക് ഓരോ ജില്ലകളിലും അനുവദിച്ച തുകയെത്രയെന്നും ലഭിച്ച വീടുകളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കുമോ;

(സി) കിലയുടെ 2009-10 ലെ റിപ്പോർട്ട് പ്രകാരം പട്ടികജാതിക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് വിദ്യാഭ്യാസ മേഖലയിലും തൊഴിൽ പരിശീലന മേഖലയിലും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ടിരുന്നത്;

(ഡി) ഈ നിർദ്ദേശം അനുസരിച്ച് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കാസർഗോഡ് നടക്കാവ് കോളനിയിലെ പ്രവൃത്തികൾ

992. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നടക്കാവ് കോളനിയെ മോഡൽ കോളനിയായി ഉയർത്തി പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്ന പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയവർ ഈ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; കോളനിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ചെയ്തു തീർത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

<u>കാസർഗോഡ് ജില്ലയിലെ പട്ടികജാതി സങ്കേതങ്ങൾ / കോളനികൾ</u>

993. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആകെ എത്ര പട്ടികജാതി സങ്കേതങ്ങൾ / കോളനികളാണ് ഉള്ളതെന്ന് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ജില്ലയിലെ ആകെ പട്ടികജാതി കുടുംബങ്ങൾ ജനസംഖ്യ എന്നിവ സംബന്ധിച്ച് പഞ്ചായത്ത് തിരിച്ച് കണക്കുകൾ വിശദമാക്കാമോ;

(സി) ഇതിൽ കൈവശ ഭൂമിക്ക് പട്ടയം ലഭിച്ച എത്ര കുടുംബങ്ങളാണ് ഉള്ളതെന്ന് പഞ്ചായത്ത് തിരിച്ച് കണക്കുകൾ പറയാമോ;

(ഡി) പട്ടികജാതി ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>കേരളത്തിലെ പിന്നോക്ക സമുദായാംഗങ്ങളുടെ വികസനത്തിനുള്ള സേവനങ്ങൾ</u>

994. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പിന്നോക്ക സമുദായ വികസന വകുപ്പ് നിലവിൽ വന്നതു എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പ് കേരളത്തിലെ പിന്നോക്ക സമുദായാംഗങ്ങളുടെ വികസനത്തിന് എന്തൊക്കെ സേവനമാണ് നടത്തുന്നതെന്ന് അറിയിക്കുമോ;

(സി) കേന്ദ്ര പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് നോൺ ക്രിമിലെയർ മാനദണ്ഡം പ്രകാരം പിന്നോക്ക സമുദായ സംവരണം നടപ്പിലാക്കിയ ആനുകൂല്യം സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ലഭ്യമാവുന്നുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ;

(ഡി) മേല്പറഞ്ഞ നോൺ ക്രിമിലെയർ പിന്നോക്ക സമുദായ സംവരണാനുകൂല്യം കേരളത്തിലെ പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് ബാധകമാക്കാത്തത് മൂലം പിന്നോക്ക സമുദായ സംവരണത്തിൽ വിദ്യാർത്ഥികൾക്ക് തുല്യ അവസരം എന്ന തത്വ ലംഘനം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 2014-15 അക്കാദമിക് വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിന് നോൺ ക്രിമിലെയർ വ്യവസ്ഥ പ്രകാരം ലഭ്യമാവുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക സമുദായ സംവരണം അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായം നടപ്പിലാക്കിയിട്ടുണ്ടോ, ഇല്ലെങ്കിൽ അതിന് അടിയന്തിര നിർദ്ദേശം നല്കുമോ;

(എഫ്) ഇക്കാര്യത്തിൽ പിന്നോക്ക വിഭാഗക്കമ്മീഷൻ ശുപാർശ എന്തെങ്കിലും നല്കിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിലെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

<u>പട്ടികജാതി വികസനത്തിന് വകയിരുത്തിയ തുക</u>

995. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം പദ്ധതി തുകയിൽ പട്ടികജാതി വികസനത്തിനായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ നാളിതുവരെ അനുവദിച്ച തുകയുടെയും പദ്ധതികൾക്കുവേണ്ടി വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>പട്ടികജാതി വിഭാഗങ്ങളുടെ മേൽ നടക്കുന്ന അനീതികൾ പരിശോധിക്കുന്നതിന് വിജിലൻസ് സമിതിയുടെ പ്രവർത്തനങ്ങൾ</u>

996. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങളുടെ മേൽ നടക്കുന്ന അനീതികൾ പരിശോധിക്കുന്നതിന് വിജിലൻസ് സമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ജില്ലാ വിജിലൻസ് സമിതിയുടെ പ്രവർത്തനങ്ങൾ നിർജ്ജീവമായതിന്റെ കാരണങ്ങൾ എന്താണെന്ന് വിശദമാക്കുമോ ?

<u>പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം</u>

997. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും സാധുക്കളായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം ഏത് വർഷം വരെ കൊടുത്തു തീർത്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; എത്ര തുകയാണ് ഇതിന് നീക്കിവച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

<u>പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കായി സ്വകാര്യ ഹോസ്റ്റലുകൾ</u>

998. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കായി സർക്കാർ അനുമതിയോടെ സ്വകാര്യ വ്യക്തികളോ ട്രസ്റ്റുകളോ സന്നദ്ധ സംഘടനകളോ ഹോസ്റ്റലുകൾ പ്രവർത്തിപ്പിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; സ്ഥാപനത്തിന്റെ പേര്, ഉടമ, സ്ഥാപനം പെൺകുട്ടികൾക്കായാണോ ആൺകുട്ടികൾക്കായാണോ, കുട്ടികളുടെ നിലവിലെ എണ്ണം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് നൽകുന്നത്; ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(ഡി) ഇത്തരം ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് എത്ര രൂപയാണ് സർക്കാർ അനുവദിക്കുന്നത്; സർക്കാർ ഹോസ്റ്റലുകളിലെ കുട്ടികൾക്ക് എത്ര രൂപയാണ് അനുവദിക്കുന്നത്;

(ഇ) ഇത്തരം സ്ഥാപനങ്ങൾക്ക് ഗ്രാന്റ് കുടിശികയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ</u>

999. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, ഡൊമിനിക് പ്രസൻറേഷൻ
,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും
വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ എഴുതിതള്ളുന്നതിന് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഈ വിഭാഗത്തിൽ എത്ര പേർ ലോൺ എടുത്തിട്ടുണ്ട്; ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മാണത്തിനായി ധനസഹായം</u>

1000. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും
വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീട് നിർമ്മാണത്തിനായി ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എന്ത് തുകയാണ് ഒരാൾക്ക് നൽകി വരുന്നത്; വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എന്ത് തുകയാണ് നൽകിയിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത തുക, ഗൃഹനിർമ്മാണം പൂർത്തീകരിക്കുന്നതിന് അപര്യാപ്തമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ എന്ത് വർദ്ധന വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്?

<u>സംസ്ഥാനത്തെ പട്ടികജാതിക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ</u>

1001. ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും
വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിനും , കാൻസർ, കിഡ്നി സംബന്ധമായ മാരകരോഗങ്ങൾ ബാധിച്ചവർക്കും പട്ടികജാതി ക്ഷേമവകുപ്പിന്റെ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>പട്ടികജാതി വിഭാഗക്കാർക്കായുള്ള വിവിധ ക്ഷേമപദ്ധതികൾ</u>

1002. ശ്രീ.എ.കെ.ബാലൻ
,, കെ.രാധാകൃഷ്ണൻ
,, ബി.സത്യൻ
,, പി.റ്റി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും
വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പട്ടികജാതി കമ്മീഷന്റെ സംസ്ഥാനതല അവലോകനത്തിൽ പട്ടികജാതി വിഭാഗക്കാർക്കായുള്ള വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ ചൂണ്ടിക്കാണിക്കപ്പെട്ട വീഴ്ചകൾ എന്തൊക്കെയായിരുന്നു;

(ബി) പട്ടികജാതി വിഭാഗക്കാർക്കായുള്ള വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ വന്ന പോരായ്മകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

## സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ

1003. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയിൽ പട്ടികജാതി ഗ്രാമങ്ങളെ ഉൾപ്പെടുത്തുന്നതിനു നിശ്ചയിച്ചിട്ടുളള മാനദണ്ഡങ്ങൾ എന്താണ്;

(ബി) എന്തടിസ്ഥാനത്തിലാണ് ഈ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുളളത്;

(സി) നിശ്ചയിക്കപ്പെട്ട മാനദണ്ഡ പ്രകാരം സ്വയംപര്യാപ്ത ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുന്ന എത്ര പട്ടികജാതി ഗ്രാമങ്ങളാണ് കണ്ണൂർ ജില്ലയിലുളളത്;

(ഡി) പ്രസ്തുത ഗ്രാമങ്ങൾ ഓരോന്നും ഏതു നിയോജകമണ്ഡലത്തിലാണ് ഉൾപ്പെട്ടിട്ടുളളതെന്നു വ്യക്തമാക്കുമോ;

(ഇ) കണ്ണൂർ ജില്ലയിലെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലെ ഏതെല്ലാം പട്ടകജാതി ഗ്രാമങ്ങൾക്ക് സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

## സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

1004. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം കോളനികളുടെ വികസനത്തിന് അനുവദിച്ച പ്രവൃത്തികളിൽ എത്ര ശതമാനം പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്ന് ഓരോ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ബാക്കി പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

## പൊന്നാനിയിൽ പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.

1005. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ. യിൽ പതിറ്റാണ്ടുകളായി ഇലക്ട്രീഷ്യൻ ട്രേഡ് മാത്രമാണുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്. സി. വിഭാഗം കുട്ടികൾക്ക് ഏറെ പ്രയോജനപ്രദമായ ഐ.റ്റി.ഐ.യിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പുതിയ കെട്ടിടം പണിയുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്തുമോ;

(ഡി) അടുത്ത ബഡ്ജറ്റിൽ ഇതിനുള്ള ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## പട്ടികജാതിക്ഷേമ വകുപ്പ് മുഖേന പുതുക്കാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി

1006. **പ്രൊഫ.സി.രവീന്ദ്രനാഥ് :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്ഷേമ വകുപ്പ് മുഖേന പുതുക്കാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതി എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പട്ടികജാതിയിൽപ്പെട്ട അപേക്ഷകർക്കുള്ള ചികിത്സാ സഹായം

1007. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർഗോഡ് ജില്ലയിൽ പട്ടികജാതിയിൽപ്പെട്ട എത്ര അപേക്ഷകർക്ക് ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതിയിൽപ്പെട്ട മിശ്രവിവാഹിതരുടെ മക്കൾക്ക് ചികിത്സാധനസഹായത്തിന് നടപടി

1008. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവിഭാഗക്കാർക്കായുള്ള ചികിത്സാധനസഹായത്തിന് മിശ്രവിവാഹിതരുടെ മക്കൾക്ക് ധനസഹായം ലഭിക്കണമെങ്കിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ആരുടെ സാക്ഷ്യപ്പെടുത്തലുള്ള സർട്ടിഫിക്കറ്റാണ് ഹാജരാക്കേണ്ടത്;

(ബി) പ്രസ്തുത സർട്ടിഫിക്കറ്റിൻെറ അഭാവത്തിൽ ഇനിയും എത്രപേർക്ക് അനുവദിക്കപ്പെട്ട ധനസഹായം കൊടുത്തുതീർക്കുവാനുണ്ട്;

(സി) ചികിത്സാധനസഹായത്തിന് ഇത്തരം നിയമത്തിൻെറ സങ്കീർണ്ണതകൾ തടസ്സമാവുന്നു എന്ന വസ്തുത കണക്കിലെടുത്ത് നിലവിലുള്ള നിയമത്തിൽ ഇളവുവരുത്തി ചികിത്സാസഹായം യഥാസമയം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

പട്ടികജാതിക്കാർക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ

1009. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കുനേരെ നടക്കുന്ന അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിൽ അനിയന്ത്രിതമായ കാലതാമസം ഉണ്ടാകുന്നതായി ദേശീയ പട്ടികജാതി കമ്മീഷൻ ചൂണ്ടിക്കാണിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2012-2013 വർഷങ്ങളിൽ റിപ്പോർട്ടു ചെയ്യപ്പെട്ടതിൽ എത്ര ശതമാനം കേസ്സുകളാണ് തീർപ്പുകൽപ്പിക്കപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ;

(സി) പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ പരിശോധിക്കുന്ന കോടതികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതിവിഭാഗങ്ങൾക്കുള്ള കേന്ദ്ര ഫണ്ട്

1010. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവിഭാഗങ്ങൾക്കായി 2014-15 സാമ്പത്തികവർഷം ലഭ്യമായ കേന്ദ്രഫണ്ടിൻെറ വിശദാംശം നൽകാമോ;

(ബി) ലഭ്യമായ ഫണ്ടിൻെറ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്;

(സി) കേന്ദ്രത്തിൽനിന്നും പട്ടികജാതിവികസനത്തിനായി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനു നടപടി

സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

<u>പട്ടികജാതിക്ഷേമത്തിനായി **2013-14 -**ലെ ബജറ്റിൽ വകയിരുത്തിയ തുക</u>

1011. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്ഷേമത്തിനായി 2013-14 ബജറ്റിൽ വകയിരുത്തിയ തുകയെത്ര ; ഓരോ ഹെഡ്ഡിലും വകയിരുത്തിയ തുകയും , ചെലവും പ്ലാൻ / നോൺ -പ്ലാൻ തിരിച്ച് ലഭ്യമാക്കുമോ;

(ബി) ചെലവിൽ ഡിപ്പോസിറ്റായി മാറിയ തുകയെത്ര; അതിൽ നാളിതുവരെ ചെലവാക്കിയതെത്ര; ഈയിനത്തിൽ അവശേഷിക്കുന്ന തുക ഏതെല്ലാം ഏജൻസികളിൽ എത്രയെന്നു വെളിപ്പെടുത്തുമോ;

(സി) 2014-15 ബജറ്റിൽ ഓരോ ഹെഡ്ഡിലും പ്ലാൻ/നോൺ-പ്ലാൻ തിരിച്ച് വകയിരുത്തിയ തുകയെത്രയെന്നും, ചെലവ് എത്രയെന്നും വെളിപ്പെടുത്തുമോ?

<u>വിനോദസഞ്ചാര മേഖലയിലെ പ്രശ്നങ്ങൾ</u>

1012. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ ഹോംസ്റ്റേ, സർവ്വീസ് വില്ല എന്നിവ സ്വയം തൊഴിൽ സംരംഭമായി ആരംഭിക്കുന്നവർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിനോദസഞ്ചാര സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നിയമാനുസൃതം പ്രവർത്തിക്കാൻ തയാറാകുന്ന ഇത്തരക്കാർക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നല്കുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, പോലീസ് അധികൃതരും കാണിക്കുന്ന അലംഭാവവും അനാവശ്യ കാലതാമസവും പരിഹരിക്കാൻ വിനോദ സഞ്ചാരവകുപ്പ് എന്തെങ്കിലും നീക്കം നടത്തിയിട്ടുണ്ടോ ;

(സി) ഈ ബുദ്ധിമുട്ടുകൾ കാരണം നിയമാനുസൃതം ലൈസൻസ് നേടി സ്ഥാപനം നടത്താൻ ഇറങ്ങി പുറപ്പെടുന്നവർ വമ്പിച്ച കടക്കെണിയിൽപ്പെട്ട് അനധികൃത മാർഗ്ഗങ്ങളിലേക്ക് മാറാൻ നിർബന്ധിതരാകുന്ന സാഹചര്യം ഒഴിവാക്കാൻ അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെടുമോ എന്ന് വ്യക്തമാക്കുമോ?

<u>ആറ്റിങ്ങൽ കൊല്ലമ്പുഴ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ</u>

1013. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച കഠിനംകുളം ബാക്ക് വാട്ടർ സർക്യൂട്ടിൽപ്പെട്ട ആറ്റിങ്ങൽ കൊല്ലമ്പുഴ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ ഇപ്പോൾ ആരുടെ നിയന്ത്രണത്തിലാണ് ;പ്രസ്തുത സെന്ററിന്റെ ചുമതല ഏത് ഉദ്യോഗസ്ഥനാണ്; എത്ര തുകയാണ് ഇതിനുവേണ്ടി ചെലവഴിച്ചത്; കഴിഞ്ഞ മഴക്കാലത്ത് വെള്ളം കയറി ഭൂരിഭാഗം പ്രദേശവും തകർന്ന് പോയതും ഇപ്പോൾ സന്ദർശകർക്ക് ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് കയറാൻ കഴിയാത്ത സ്ഥിതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഞാൻ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ ടൂറിസ്റ്റ് കേന്ദ്രം തകർച്ചയിൽ നിന്നും രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

<u>കിഴക്കേകോട്ട ,തമ്പാനൂർ ബസ് ടെർമിനലുകളുടെ ശോച്യാവസ്ഥ</u>

1014. **ശ്രീ.കെ.എം.ഷാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരക്കണക്കിനു വിദേശികളും സ്വദേശികളുമായ വിനോദ സഞ്ചാരികളും മറ്റുള്ളവരും ദിനം പ്രതി വന്നു പോകുന്ന തലസ്ഥാനത്തെ കിഴക്കേകോട്ട , തമ്പാനൂർ ബസ് ടെർമിനലുകളുടെയും പരിസര പ്രദേശങ്ങളുടെയും ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാഹനയാത്ര പോയിട്ട് സുരക്ഷിതമായ കാൽനട യാത്രപോലും അസാദ്ധ്യമായ തലസ്ഥാനം വിനോദ സഞ്ചാരികളിൽ ഉണ്ടാക്കുന്ന അറപ്പും വെറുപ്പും സംസ്ഥാനത്തിന്റെ വിനോദസഞ്ചാര വികസന മോഹങ്ങൾക്ക് തിരിച്ചടിയാവുമെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) വർഷങ്ങളായി തുടരുന്ന ഈ കെടുകാര്യസ്ഥതക്ക് ഉത്തരവാദികൾ ആരാണെന്ന് അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) ഈ ദുസ്ഥിതിക്ക് അറുതി വരുത്താൻ വിനോദ സഞ്ചാര വകുപ്പിന് എന്തെങ്കിലും പദ്ധതിയുണ്ടോ ; എങ്കിൽ എന്ന് നടപ്പിലാകുമെന്ന് വിശദമാക്കുമോ?

<u>സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേന്ദ്ര ടൂറിസം പദ്ധതികൾ</u>

1015. **ശ്രീ.കെ.വി.അബ്ദുൽ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച സംസ്ഥാനത്തെ ഏതെങ്കിലും ടൂറിസം പദ്ധതി, കാലാവധിയ്ക്കകം പണി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ പേരിൽ റദ്ദാക്കി പണം തിരികെ അടച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം പദ്ധതികളുടെ കാര്യത്തിലാണ് പണം കേന്ദ്രത്തിന് തിരികെ അടച്ചതെന്നു വിശദമാക്കാമോ;

(സി) പണം തിരികെ അടക്കാൻ തീരുമാനിച്ച പദ്ധതികൾ കേന്ദ്രം അനുവദിച്ചിരുന്നത് ഏത് തീയതികളിലായിരുന്നുവെന്ന് അറിയിക്കുമോ;

(ഡി) കേന്ദ്ര നിർദ്ദേശാനുസരണം സമയ ബന്ധിതമായി ടൂറിസം പദ്ധതികളുടെ നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയവർ ആരെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സംസ്ഥാനത്തിനുണ്ടായ നഷ്ടത്തിനുത്തരവാദികളായ ഉദ്യോഗസ്ഥന്മാർക്കെതിരെ സ്വീകരിച്ച ശിക്ഷാ നടപടികൾ വിശദമാക്കാമോ?

<u>വിനോദ സഞ്ചാര സീസണിൽ ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ മുന്നൊരുക്കം സ്വീകരിക്കാൻ നടപടി</u>

1016. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര സീസൺ ആരംഭിച്ചിട്ടും പല ടൂറിസം കേന്ദ്രങ്ങളിലും ആവശ്യമായ മുന്നൊരുക്കം നടത്താൻ കഴിഞ്ഞില്ലെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ പ്രഖ്യാപിച്ച പല പദ്ധതികളും ഇതുവരെ ആരംഭിക്കാൻ കഴിയാതിരുന്നതും, പല പദ്ധതികളും ഇടയ്ക്ക് മുടങ്ങിയതും, പല പദ്ധതികളും അഴിമതിയിൽപ്പെട്ടതും ടൂറിസം വികസനത്തിനു തിരിച്ചടിയായത് പരിശോധിക്കുമോ;

(സി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര പദ്ധതികൾ പ്രഖ്യാപിച്ചെന്നും അതിൽ എത്ര പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ?

<u>വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യം</u>

1017. ശ്രീ.കെ.ശിവദാസൻ നായർ

,, സണ്ണി ജോസഫ്

,, റ്റി.എൻ. പ്രതാപൻ

,, പി.എ.മാധവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടങ്ങളിൽ പ്രസ്തുത പദ്ധതികളനുസരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതികൾക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

<u>വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കാൻ നടപടി</u>

1018. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം വകുപ്പിന് കീഴിലുള്ള ഹോട്ടലുകളുടെയും റിസോർട്ടുകളുടെയും പ്രവർത്തനം വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലാക്കുന്നതിന് വകുപ്പിന്റെ മാർക്കറ്റിങ്ങ് വിഭാഗം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ആഗോളതലത്തിൽ പരിചയപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) തീർത്ഥാടന ടൂറിസം, ആരോഗ്യ ടൂറിസം എന്നിവയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>വിദേശ മദ്യത്തിന്റെ നിരോധനാവും വിനോദസഞ്ചാര മേഖലയിൽ ബുദ്ധിമുട്ടും</u>

1019. ശ്രീ.എ.എ.അസീസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ ലഭ്യത കുറച്ചതിനാൽ വിനോദസഞ്ചാര മേഖലയിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വിദേശ മദ്യത്തിന്റെ നിരോധനം വിനോദസഞ്ചാരമേഖലയിൽ തിരിച്ചടിയാകുമോ എന്ന് വ്യക്തമാക്കുമോ?

<u>വിനോദ സഞ്ചാരമേഖലയിലെ തൊഴിൽ സംരക്ഷണ നടപടികൾ</u>

1020. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

,, കെ.കെ.നാരായണൻ

ശ്രീമതി.കെ.കെ.ലതിക

ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയം ഉൾപ്പെടെയുള്ള നയങ്ങളും നിയന്ത്രണങ്ങളും സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ എതെല്ലാം തരത്തിൽ ബാധിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ടൂറിസം വ്യവസായ രംഗത്തുള്ളവർ ഉന്നയിച്ച ആശങ്കകൾ എന്തെല്ലാമാണെന്നും പ്രസ്തുത ആശങ്കകൾ ദുരീകരിക്കാനും പ്രശ്നപരിഹാരത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(സി) വിനോദ സഞ്ചാര മേഖലയിൽ വിവിധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധികൾ</u>

1021. ശ്രീ.കെ.വി.അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖല കടുത്ത പ്രതിസന്ധി നേരിടുന്നതായ വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) മുൻകാലങ്ങളിലെ അപേക്ഷിച്ച് പ്രതിവർഷ വരുമാനം കുറയാനിടയായത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സീസണിൽ കൺവൻഷൻ ടൂറിസത്തിന് തിരിച്ചടി നേരിട്ടതായ ടൂർ ഓപ്പറേറ്റമാരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിൽ ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധികൾ ടൂറിസം മേഖലയിലെ സംരംഭകരുമായി ചർച്ച ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

<u>ടൂറിസം വികസന പദ്ധതികൾ</u>

1022. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനായി 2013-14 വർഷത്തിൽ വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഓണാഘോഷ ചെലവുകൾ</u>

1023. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ഓണാഘോഷ പരിപാടികൾക്കും ഘോഷയാത്രയ്ക്കുംവേണ്ടി ടൂറിസം വകുപ്പ് ചെലവഴിച്ച തുകയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഓരോ വർഷവും സർക്കാർ ഖജനാവിൽ നിന്ന് ചെലവഴിച്ച തുക, ലഭിച്ച വരുമാനം, മൊത്തം ചെലവ് എന്നിവ വിശദമാക്കുമോ ;

(സി) സ്പോൺസർഷിപ്പുകളിലൂടെ ഓരോ വർഷവും ലഭിച്ച തുക എത്രയായിരുന്നുവെന്നും ആഘോഷപരിപാടികൾ നടത്തിയ സ്ഥലങ്ങളിൽ സ്റ്റാളുകൾ അനുവദിച്ച ഇനത്തിൽ ലഭിച്ച വരുമാനം എത്രയായിരുന്നുവെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഓരോ വർഷത്തെയും വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്തതിനു ശേഷം പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ?

<u>ടൂറിസം മേഖലയുടെ സർവതോന്മുഖമായ വളർച്ചയ്ക്കായുള്ള നടപടികൾ</u>

1024. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറിയതിനുശേഷം നാളിതുവരെയായി ടൂറിസം മേഖലയുടെ സർവതോന്മുഖമായ വളർച്ചയ്ക്കായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലയെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>കോവളം ക്രാഫ്റ്റ് വില്ലേജ്</u>

1025. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പ് കോവളത്തിനടുത്ത് സ്ഥാപിച്ച ക്രാഫ്റ്റ് വില്ലേജിനുവേണ്ടി ആകെ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും; ഏതെല്ലാം ഘട്ടങ്ങളിലായി എത്ര ഏക്കർ സ്ഥലത്താണെന്നും, എന്തെല്ലാം സൗകര്യങ്ങളാണ് സജ്ജമാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ക്രാഫ്റ്റുകളാണ് വില്ലേജിൽ ഉൽപ്പാദിപ്പിച്ചു തുടങ്ങിയിരിക്കുന്നത്; എത്ര പേർ ജോലി നോക്കി വരുന്നു; ക്രാഫ്റ്റ് വില്ലേജിന്റെ നടത്തിപ്പ് ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ;

(സി) പ്രസ്തുത കേന്ദ്രത്തിൽ പ്രതിദിനം എത്ര ടൂറിസ്റ്റുകൾ സന്ദർശനം നടത്താറുണ്ടെന്നും, പ്രസ്തുത ടൂറിസം ഡസ്റ്റിനേഷനിൽ എന്തെല്ലാം സൗകര്യങ്ങൾ പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്നും, പൂർണ്ണതോതിലുള്ള പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കേന്ദ്രത്തിന്റെ സ്ഥലവും കെട്ടിടവും ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

<u>ടൂറിസം വകുപ്പിന്റെ കേന്ദ്ര പദ്ധതികൾ</u>

1026. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികളിൽ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യിട്ടില്ലാത്തവ എത്രയെണ്ണമാണ് ; വിശദമാക്കാമോ ; ഏത് വർഷത്തിലാണ് കേന്ദ്ര ഗവൺമെന്റ് ഈ പദ്ധതികൾ അനുവദിച്ചത് ;

(സി) കേന്ദ്ര ഗവൺമെന്റ് നാളിതുവരെ അനുവദിച്ചവയിൽ നിർമ്മാണം പൂർത്തിയാക്കി കമ്മിഷൻ ചെയ്യിട്ടില്ലാത്ത ടൂറിസം പദ്ധതികളുടെ മൊത്തം തുക എത്ര;

(ഡി) കേന്ദ്ര ഗവൺമെന്റ് അനുവദിച്ചെങ്കിലും സംസ്ഥാന ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും എത്ര തുകയുടെതാണെന്നും വ്യക്തമാക്കുമോ ;

(ഇ) കേന്ദ്രഗവൺമെന്റ് അനുവദിച്ച എത്ര പദ്ധതികൾ നിശ്ചിത കാലയളവിനുള്ളിൽ നടപ്പാക്കാൻ കഴിയാതെ റദ്ദാക്കേണ്ടി വന്നിട്ടുണ്ട് ; അവ ഏതൊക്കയാണ് ?

ഏറനാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

1027. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നടപ്പിലാക്കുന്ന ടൂറിസം സർക്യൂട്ടിൽ ഏതെല്ലാം പദ്ധതികളെയാണ് ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) പുതുതായി ഏതെല്ലാം പദ്ധതികളാണ് ഏറനാട് മണ്ഡലത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത് ; പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

1028. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സർക്കാർ സംരംഭമാണോ; എന്തെല്ലാം നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടാണ് കോർപ്പറേഷൻ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഏതെങ്കിലും സ്വകാര്യ കമ്പനിയുമായി കോർപ്പറേഷൻ സംയുക്ത സംരംഭത്തിലേർപ്പെട്ടിട്ടുണ്ടോ; ഏത് നടപടി ക്രമത്തിലൂടെയാണ് സ്വകാര്യ പങ്കാളിയെ കണ്ടെത്തിയത് ; വിശദമാക്കുമോ ;

(സി) കോർപ്പറേഷന്റെ സംരംഭങ്ങൾ സംബന്ധിച്ച വിശദവിവരവും ബോർഡംഗങ്ങൾ ആരൊക്കെയാണെന്നതിന്റെ ലിസ്റ്റും ലഭ്യമാക്കാമോ;

(ഡി) ഇതിനകം സർക്കാർ കോർപ്പറേഷന് നല്കിയ ഫണ്ട് എത്രയാണെന്നും സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കോർപ്പറേഷൻ ഏതെല്ലാം തരത്തിലുള്ള പങ്കാളിത്ത കരാറിലാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും കോർപ്പറേഷന്റെ നിർദ്ദിഷ്ട പദ്ധതികളെല്ലാം സർക്കാർ അനുമതിയോട് കൂടിയാണോ നടക്കുന്നതെന്നും വിശദമാക്കാമോ?

ടൂറിസം പദ്ധതികൾക്കുള്ള ബജറ്റുവിഹിതവും മറ്റ് ഫണ്ടുകളും ചെലവഴിക്കുന്നതിനുള്ള മാനദണ്ഡം

1029. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിലെ ബജറ്റ് വർക്കുകളും വികസന പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള ഫണ്ട് നല്കുന്നതിലും പ്രോജക്ടുകൾ അംഗീകരിച്ച് നല്കുന്നതിലും വകുപ്പുമന്ത്രി സ്വജനപക്ഷപാതം കാണിക്കുന്നതായി വന്ന വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ജനപ്രതിനിധികൾ ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ;

(ബി) ടൂറിസം പദ്ധതികൾക്കുള്ള ബജറ്റുവിഹിതവും മറ്റ് ഫണ്ടുകളും ചെലവഴിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം പാലിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കക്കയം-പെരുവണ്ണാമൂഴി ടൂറിസം വികസന പദ്ധതി

1030. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കയം-പെരുവണ്ണാമൂഴി ടൂറിസം വികസന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പണം ലാപ്സായിപ്പോവുകയുണ്ടായിട്ടുണ്ടോ;

(ബി) ടൂറിസം വകുപ്പ് നൽകിയ ഭരണാനുമതിയിലൂടെ പദ്ധതി പ്രവർത്തനം ഏറ്റെടുത്ത ഇറിഗേഷൻ വകുപ്പ്, പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു;

(സി) പദ്ധതി നിർവ്വഹണം യഥാസമയം നടത്തുന്നതിൽ ഇറിഗേഷൻ വകുപ്പിന് വീഴ്ച ഉണ്ടായിട്ടുണ്ടോ; ഇതുമൂലം കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പണം തിരിച്ച് നൽകേണ്ടതായി വന്നിട്ടുണ്ടോ; ടൂറിസം പദ്ധതിക്ക് അനുവദിച്ച തുക എത്രയായിരുന്നു; തിരിച്ച് നൽകേണ്ടിവന്നത് എത്ര;

(ഡി) ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെയും കോൺട്രാക്ടറുടെയും വീഴ്ചകൾ മൂലമാണ് പദ്ധതി നഷ്ടപ്പെട്ടത്; അവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ജലവിമാന സർവ്വീസ് ആരംഭി ക്കുന്നതിനുണ്ടായ ചെലവ്</u>

1031. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിമാന സർവ്വീസ് ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് നാളിതുവരെ ഖജനാവിൽ നിന്നും എത്ര രൂപ ചെലവഴിച്ചു; അടിസ്ഥാനസൗകര്യങ്ങൾ പൂർത്തീകരിക്കാൻ ഇനി എത്ര രൂപാ കൂടി വേണ്ടിവരുമെന്നും വ്യക്തമാക്കാമോ;

(ബി) 2.6.2013-ലെ ഈ പദ്ധതിയുടെ ഉദ്ഘാടന ചെലവ് എത്രയാണ്; ഉദ്ഘാടനം ഉൾപ്പെടെയുള്ള പരസ്യങ്ങൾക്കായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിച്ചു;

(സി) ഇത്തരത്തിൽ പണം ചെലവഴിക്കുമ്പോൾ ഈ പദ്ധതിയിൽ നിന്നും എന്ത് വരുമാനം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി ആരംഭിക്കുന്നതുവഴി പുതുതായി എത്ര തൊഴിലവസരങ്ങൾ നേരിട്ടോ പരോക്ഷമായോ ലഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ വിമാന സർവ്വീസിന്റെ സുരക്ഷാ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ സർവ്വീസ് ആരംഭിക്കുന്നത് വഴി മത്സ്യതൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാനുള്ള സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>കേന്ദ്ര സഹായത്തോടെയുള്ള ടൂറിസം പദ്ധതികൾ</u>

1032. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായത്തോടെയുള്ള എത്ര ടൂറിസം പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും കേന്ദ്ര സഹായമായി എത്ര തുക വീതമാണ് ലഭ്യമായതെന്ന് വിശദമാക്കുമോ;

(സി) ഇതിൽ എത്ര പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നും, പൂർത്തിയാകാത്തവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

<u>ഗ്രാന്റ് കേരള ഷോപ്പിങ്ങ് ഫെസ്റ്റിവൽ</u>

1033. **ശ്രീ.മാത്യു റ്റി.തോമസ്**

**,, ജോസ് തെറ്റയിൽ**

**ശ്രീമതി.ജമീല പ്രകാശം**

**ശ്രീ.സി.കെ.നാണു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാൻറ് കേരള ഷോപ്പിങ്ങ് ഫെസ്റ്റിവലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) മേളയുടെ ചിലവുകൾക്ക് പ്രധാനമായുള്ള ധനസ്രോതസ്സ് എവിടെ നിന്നാണ്;

(സി) ഏതെല്ലാം മേഖലകളിലാണ് ഗ്രാന്റ് കേരള ഷോപ്പിങ്ങ് ഫെസ്റ്റിവൽ കേരളത്തിന്റെ വിനോദസഞ്ചാരത്തിന്റെ വളർച്ചയെ സഹായിച്ചിട്ടുള്ളത്;

(ഡി) മേളയുടെ പ്രവർത്തനങ്ങൾ പുന:ക്രമീകരിക്കുന്നതിന് എന്തെല്ലാം വിശദ പഠനം നടത്തിയിട്ടുണ്ട്;വ്യക്തമാക്കാമോ?

ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ ക്രാഫ്റ്റ് വില്ലേജിനെ പങ്കാളിയാക്കുന്നതിനു നടപടി

1034. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് എവിടെയെങ്കിലും കരകൗശല വില്ലേജ് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്ര ഇനം കരകൗശല ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ട്; ആകെ എത്ര തൊഴിലാളികൾ പ്രസ്തുത കേന്ദ്രത്തിൽ പ്രവർത്തിക്കുന്നുണ്ട്; പ്രതിദിനം ശരാശരി എത്ര ടൂറിസ്റ്റുകളാണ് പ്രസ്തുത ക്രാഫ്റ്റ് വില്ലേജ് സന്ദർശിക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) ടൂറിസം വകുപ്പിന്റെ കൂടി പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ക്രാഫ്റ്റ് കേരള ഫെസ്റ്റിവലിൽ പങ്കാളി ആയി പ്രസ്തുത ക്രാഫ്റ്റ് വില്ലേജിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; കൂടാതെ മറ്റേതെങ്കിലും കരകൗശല സ്ഥാപനത്തെ ജി.കെ.എസ്.എഫ്. പങ്കാളിയാക്കിയിട്ടുണ്ടോയെന്ന വിവരം വ്യക്തമാക്കാമോ;

(സി) ടൂറിസം വകുപ്പിന്റെ കീഴിൽ ജി.കെ.എസ്.എഫ്. ക്രാഫ്റ്റ് ഫെസ്റ്റുകൾ സംഘടിപ്പിക്കുമ്പോൾ ടൂറിസം വകുപ്പിന്റെ തന്നെ കീഴിലുള്ള ക്രാഫ്റ്റ് വില്ലേജിനെ പങ്കാളിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

വാട്ടർ ടാക്സി സർവ്വീസ്

1035. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, വാട്ടർ ടാക്സി സർവ്വീസ് നടത്തുന്നത് ഏതെല്ലാം സ്ഥലങ്ങളിലാണ്;

(ബി) വാട്ടർ ടാക്സി ഡിസൈൻ ചെയ്തത് ഏതു ഏജൻസിയാണ് ; എവിടെയാണ് നിർമ്മിച്ചത് ; നിർമ്മാണ ചിലവ് എത്ര ;

(സി) എത്ര വാട്ടർ ടാക്സികൾ നിർമ്മിച്ചിട്ടുണ്ട്;ഓരോന്നിലും എത്ര പേർക്കുവീതം സഞ്ചരിക്കാം ; യാത്രാ നിരക്ക് എത്രയാണ് ;

(ഡി) പ്രസ്തുത പദ്ധതിക്ക് ആദ്യ ഭരണാനുമതി നൽകിയത് എപ്പോഴായിരുന്നു; നിർമ്മിച്ച് കമ്മീഷൻ ചെയ്യാൻ എത്ര സമയമെടുത്തു എന്നറിയിക്കുമോ ?

ട്രാവൽ മാർട്ട്

1036. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കേരള ട്രാവൽമാർട്ട് സംഘടിപ്പിക്കുന്നതിന് വകുപ്പ് നൽകിയ സാമ്പത്തിക സഹായം എത്ര കോടിയായിരുന്നു; ഇതിന് മുൻപത്തെ ട്രാവൽ മാർട്ടിന് നൽകിയിരുന്ന സഹായം എത്ര;

(ബി) കേരളത്തെ വെഡ്ഡിംങ്ങ് ഡെസ്റ്റിനേഷനായി മാറ്റിയെടുക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ്

ട്രാവൽമാർട്ടിൽ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ട്രാവൽ മാർട്ടിൽ പങ്കെടുത്ത ബയർ/സെല്ലർമാരുടെ എണ്ണം മുൻ ട്രാവൽമാർട്ടിനെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) കേരള ട്രാവൽമാർട്ടിന്റെ മൊത്തം വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്തത് ലഭ്യമാക്കാമോ?

സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികൾ

1037. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
,, വി.റ്റി.ബൽറാം
,, എ.റ്റി.ജോർജ്
,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര വിനോദ സഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട് ; അതിൽ ആഭ്യന്തര വിനോദ സഞ്ചാരികൾ എത്ര, വിദേശവിനോദ സഞ്ചാരികൾ എത്ര ;

(ബി) ഈ വർഷങ്ങളിൽ സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ എടുത്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) വിനോദ സഞ്ചാരികളുടെ വർദ്ധനവ് അനുസരിച്ച് സംസ്ഥാനത്തിന്റെ വരുമാനം എത്ര വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

ബേക്കൽ എയർസ്ട്രിപ്പ്

1038. ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് പ്രാഥമികാനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് അനുമതി നൽകിയത് ; വിശദാംശങ്ങൾ നല്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കാൻ എത്ര ഏക്കർ ഭൂമി വേണ്ടി വരും; സർക്കാർ ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) സ്വകാര്യ വ്യക്തികളുടെ എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടി വരും; ആയതിന് തുക നീക്കി വച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ

1039. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(ബി) ഇവയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിലെ വികസന പ്രവർത്തനങ്ങൾ</u>

1040. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും അവയ്ക്ക് ചെലവാക്കിയ തുക എത്രയാണെന്നും അറിയിക്കുമോ;

(ബി) ടൂറിസ്റ്റുകൾക്ക് പൊന്മുടിയിൽ നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പൊൻമുടിയിലേയ്ക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസം വികസനത്തിനും വേണ്ടി എന്തെങ്കിലും നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോമോ?

<u>ധർമ്മടം ഗ്രാമപഞ്ചായത്തിൽ കിറ്റ്സിന് നിർമ്മിക്കുന്ന കെട്ടിടം</u>

1041. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം ഗ്രാമപഞ്ചായത്തിൽ കിറ്റ്സിന് നിർമ്മിക്കുന്ന കെട്ടിടം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ കെട്ടിടം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

<u>കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്</u>

1042. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>മാവേലിക്കര മണ്ഡലത്തിലെ ടൂറിസം വകുപ്പിന്റെ പദ്ധതികൾ</u>

1043. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ നവീകരണ പദ്ധതിയ്ക്ക് 1.5 കോടിയുടെ വിശദമായ എസ്റ്റിമേറ്റടക്കമുള്ള എം.എൽ.എ യുടെ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് കെ.ടി. ഡി.സി വകുപ്പ് തലത്തിൽ ആവശ്യമായ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ടൂറിസം വകുപ്പിനെ ചുമതലപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവർത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) 2014-15 വർഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജന പ്ലാന്റുകൾ

1044. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, കെ.ശിവദാസൻ നായർ
,, എം.എ. വാഹീദ്
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിന് വേണ്ടി ഉപയോഗപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പദ്ധതിക്ക് വേണ്ടി പ്രയോജനപ്പെടുത്തിയത് എങ്ങനെയാണെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എടുത്ത നടപടികൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം?

മൂന്നാറിൽ ഡി.റ്റി.പി.സി.യുടെ ബൊട്ടാണിക്കൽ ഗാർഡൻ

1045. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ഡി.റ്റി.പി.സി.യുടെ ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കുന്നതിന് 5 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എതുവരെയായി;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ആവശ്യമായ നടപടികൾ ഉടൻ സ്വീകരിക്കുമോ?

വിനോദസഞ്ചാര വികസന മേഖലയിലെ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ

1046. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനമേഖലയിൽ 2011-2012, 2012-2013, 2013-2014, 2014-2015 എന്നീ സാമ്പത്തിക വർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) 2011-2012, 2012-2013, 2013-2014 എന്നീ സാമ്പത്തിക വർഷങ്ങളിലെ പദ്ധതി തുക ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലെ ഏതെല്ലാം പദ്ധതികൾക്കാണ് അനുവദിച്ചതെന്നു സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) 2014-2015-ലെ പദ്ധതി തുകയിൽ ഉൾക്കൊള്ളിച്ച് ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലെ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയത്?

ഹോട്ടലുകളുടെ സ്റ്റാർ പദവി

1047. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് തരം തിരിച്ചിട്ടുള്ള ഹോട്ടലുകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; സ്റ്റാർ പദവിയുടെ അടിസ്ഥാനത്തിൽ എത്ര ഹോട്ടലുകൾ വീതം തരം തിരിച്ചിട്ടുണ്ട് ;

(ബി) ഹോട്ടലുകൾ തരംതിരിക്കുന്നത് സംബന്ധിച്ച നിയമ വ്യവസ്ഥകൾ വിശദമാക്കാമോ;

(സി) ഫൈവ് സ്റ്റാർ പദവിക്ക് വേണ്ടി ഈ വർഷം ടൂറിസം വകുപ്പിൽ പുതുതായി ലഭിച്ച അപേക്ഷകൾ എത്ര; അവയിൽ എത്രയെണ്ണത്തിന് പദവി നൽകിയിട്ടുണ്ട് ;അതിൽ എത്ര പേർക്ക് ലഭിച്ചുവെന്നും ഏതെല്ലാം ഹോട്ടലുകൾക്കാണെന്നും വ്യക്തമാക്കുമോ?

<u>കിറ്റ്സിന്റെ ഡയറക്ടർ നടത്തിയ വിദേശ പര്യടനങ്ങൾ</u>

1048. ശ്രീ.കെ.വി.അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം വകുപ്പിന്റെ കീഴിലുള്ള കിറ്റ്സിന്റെ ഇപ്പോഴത്തെ ഡയറക്ടർ നാളിതുവരെ നടത്തിയ വിദേശ പര്യടനങ്ങൾ എത്രയാണെന്നും ഇവ ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ആയിരുന്നുവെന്നും ഇതിനായി ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കുമോ?

<u>മുഴപ്പിലങ്ങാട് ബീച്ചിൽ കെ.ടി.ഡി.സി.യുടെ ഹോട്ടൽ നിർമ്മാണം</u>

1049. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴപ്പിലങ്ങാട് ബീച്ചിൽ നിർമ്മിക്കുന്ന കെ.ടി.ഡി.സി.യുടെ ഹോട്ടൽ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

<u>ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ ചിറ ടൂറിസവുമായി ബന്ധപ്പെട്ട വികസനം</u>

1050. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിൽ ചിറ ടൂറിസവുമായി ബന്ധപ്പെട്ട വികസനത്തിലേക്കായി എത്ര രൂപ അനുവദിച്ചുവെന്നും, എന്നാണ് അനുവദിച്ചതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഏറ്റെടുത്ത നിർമ്മാണ ജോലികളുടെ വിശദാംശം അറിയിക്കുമോ; നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; പ്രസ്തുത പ്രവർത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത സ്ഥലത്ത് ഭരണാനുമതി നൽകിയ പ്രവർത്തികളോടൊപ്പം കൂടുതൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ടെന്ന് ബോദ്ധ്യമുണ്ടോ; എങ്കിൽ ആയതിലേക്ക് ആവശ്യമായ നടപടികൾ കൂടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോയെന്ന് വിശദമാക്കുമോ?

<u>വിനോദസഞ്ചാരികൾക്കു വഴിയോര വിശ്രമകേന്ദ്രങ്ങൾ</u>

1051. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയോരത്തും, മറ്റു പ്രധാന പാതയോരങ്ങളിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും, വിശ്രമിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതുമൂലം വിനോദസഞ്ചാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) KTDC, DTPC, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവരുമായി ചേർന്ന് സംസ്ഥാനത്താകെ വഴിയോര വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിനോദസഞ്ചാരവകുപ്പിന്റെ പ്രവർത്തനമികവിനുള്ള അവാർഡ്

1052. **ശ്രീ.കെ.അച്ചുതൻ**

**,,** ബെന്നി ബെഹനാൻ

**,,** വർക്കല കഹാർ

**,,** ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരവകുപ്പിന്റെ പ്രവർത്തനമികവ് കണക്കിലെടുത്ത് ഈ സർക്കാരിന്റെ കാലത്ത് അവാർഡുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) യു.എൻ.ഒ.യുമായി ബന്ധപ്പെട്ട ഏതെങ്കിലും ഏജൻസികളുടെ അവാർഡ് വിനോദസഞ്ചാരവകുപ്പിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

മിഷൻ **676** ൽ ഉൾപ്പെടുത്തി വിനോദ സഞ്ചാരമേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പദ്ധതികൾ

1053. **ശ്രീ.കെ.മുരളീധരൻ**

**,,** റ്റി.എൻ. പ്രതാപൻ

**,,** ലൂഡി ലൂയിസ്

**,,** അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി വിനോദ സഞ്ചാരമേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി.ശാരംഗധരൻ,

തിരുവനന്തപുരം, സെക്രട്ടറി.

25-11-2014

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].